2023 ജൂലൈ | ലക്കം 07

# സത്യദൂതൻ

വില ₹ 30



## ബലിപെരുന്നാൾ: ത്യാഗങ്ങളുടെയും ഭക്തിയുടെയും നിലവാരം ഉയർത്തുക

## ഹജ്ജിന്റെ യഥാർത്ഥ്യം

## ഭൂമിയുടെ സംന്തുലനം

# Ahmadiyya Muslim Community

## Apps for mobile devises

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android

**Quran**
Read the Holy Quran in easy Yassarnal Quran Font

**Conditions of Bai'at**
A pocket reference of Shara't-e-Bai'at in 7 languages

**Sermons**
Huzoor's Friday Sermons In 15 languages

**MTA**
Watch MTA Live, view Schedule and much more

**Ahmadiyya News**
Stay up to date with the Latest jama'at news

View these apps at
alislam.org/apps
or scan the QR code below






The Sathyadoothan Monthly

لا اله الا الله محمد رسول الله

# സത്യദൂതൻ


2023 ജൂലൈ
ഹി.ശ.1403- വഫാ
1444 ദുൽഹജ്ജ് - മുഹറം
പുസ്തകം 95 ലക്കം 07
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം



**5** എഡിറ്റോറിയൽ

**6** യുഗശബ്ദം
**ആരാധനയിലെ അനുഷ്ഠാനങ്ങൾ ദൈവാനുരാഗത്തിന്റെ പ്രതീകങ്ങൾ**



**7**
പ്രഭാഷണം
**ബലിപെരുന്നാൾ: ത്യാഗങ്ങളുടെയും ഭക്തിയുടെയും നിലവാരം ഉയർത്തുക**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)
അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസ മസ്റൂർ അഹ്മദ് (അയ്യദഹു) 2022 ജൂലൈ 10-ാം തീയതി യുകെയിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ച പെരുന്നാൾ ഖുത്ബയുടെ സംഗ്രഹം.

**10**
**ഖുർആനിലെ മൂന്ന് ക്രിയാത്മക തത്വങ്ങളുടെ നിർവചനം**
ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

**17**
**അല്ലാഹു**
ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

**20**
**ഹജ്ജിന്റെ യഥാർത്ഥ്യം**
മൗലവി സി പി മൊയ്തീൻ കുട്ടി

**27**
**ക്രിസ്ത്യാനികളുടെ യഥാർത്ഥ നാമമെന്ത്?**
എ.എം. മുഹമ്മദ് സലീം

**31**
**അനന്തരാവകാശ നിയമത്തിലെ നീതി**
ഹുസാം അഹ്മദ് ശഫീക്ക്

**34**
ഭാഗം - 40
**ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി**
(ഖലീഫത്തുൽ മസീഹ് അവ്വൽ (റ))
ഇബ്നു വഫാ ബേപ്പൂർ

**41**
കുറിപ്പുകൾ
**ഭൂമിയുടെ സന്തുലനം**
മുസാഫിർ

**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ: 99460 21252**

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ: 80755 86837**
Email-salimqld@gmail.com

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്



നിങ്ങൾ ഭൂമിയിൽ നാശമുണ്ടാക്കരുത് എന്ന് അവരോട് പറയപ്പെടുമ്പോൾ ഞങ്ങൾ നന്മ പ്രവർത്തിക്കുന്നവർ മാത്രമാണെന്ന് അവർ പറയും. അറിയുക. തീർച്ചയായും അവർ തന്നെയാണ് നാശകാരികൾ (2: 12,13)

## നബിവചനം



മതത്തിന്റെ കാര്യത്തിൽ തീവ്രത സൂക്ഷിക്കുക. നിങ്ങൾക്ക് മുമ്പുള്ളവർ നശിച്ചത് തീവ്രത മൂലമാണ്. ( മുസ്നദ് അഹ്മദ്)

## വാഗ്ദത്ത മസീഹിന്റെ വചനം



ഈ രാഷ്ട്രത്തിലെ അവിഭാജ്യ ഘടകങ്ങളായ രണ്ടു സമുദായങ്ങളാകുന്നു ഹിന്ദുക്കളും മുസ്ലിംങ്ങളും ഇവരിൽ ഏതെങ്കിലും ഒരു കൂട്ടർ എപ്പോഴെങ്കിലും ഒരുമിച്ചു കൂടി മറ്റവരെ അതായത് ഹിന്ദുക്കൾ ഒന്നുചേർന്ന് മുസ്ലിംകളെയോ മുസ്ലിംകൾ ഒന്നു ചേർന്ന് ഹിന്ദുക്കളെയോ രാജ്യത്തിൽ നിന്ന് പുറത്താക്കി ക്കളയാമെന്ന് വിചാരിക്കുന്നത് ഒരു മിഥ്യാവിചാരമാകുന്നു. മറിച്ച് ഈ രണ്ടു കൂട്ടരെയും ഇണക്കി നിർത്തുന്ന ബന്ധം അപരിഛേദ്യമാം വിധം ശക്തിയേറിയതാണ്താനും ഇവയിൽ ഒരുകൂട്ടർക്ക് പൊതു നിലയിലുള്ള ഒരു ആപത്ത് സംഭവിക്കുന്ന പക്ഷം മറ്റവർക്കും അതിന്റെ ബാധയേൽക്കാതെ അകന്നിരിക്കാൻ സാദ്ധ്യമല്ല.......... അതിനാലുണ്ടാകുന്ന കഷ്ടപ്പാടിൽ നിന്നും അവരും പങ്ക് അനുഭവിക്കേണ്ടിവരും ഒരു കൂട്ടർ അഹംഭാവപൂർവ്വം മറ്റവരെ നിന്ദിക്കുകയും അവഹേളിക്കുകയും ചെയ്യാൻ ശ്രമിക്കുന്നപക്ഷം അവരും അതേ വിധത്തിൽ നിന്ദനത്തിന്ന് ലക്ഷീഭവിക്കും. ഒരു കൂട്ടർ മറ്റവരുടെ നേരെ അനുകമ്പ ഭാവിക്കുന്നില്ലെങ്കിൽ അവർക്ക് ഇവരുടെയും അനുകമ്പ ലഭിക്കുന്നതല്ല. ഈ രണ്ടു സമുദായങ്ങളിലെ ഏതെങ്കിലും ഒരു വ്യക്തി മറ്റെ സമുദായത്തിന്ന് നാശം വരുത്താൻ നോക്കുന്ന പക്ഷം, അവൻ താനിരിക്കുന്ന വൃക്ഷ ശാഖ കൈകൊണ്ട് വെട്ടി മുറിക്കുന്ന ഒരുവനെ പോലെയാകുന്നു. മിത്രങ്ങളെ ദൈവാനുഗ്രഹത്താൽ നിങ്ങൾ ഇപ്പോൾ വിദ്യാസമ്പരാണല്ലോ. ഈ ഘട്ടത്തിൽ നിങ്ങൾ എല്ലാതരം പകയും വിരോധവും നിങ്ങളുടെ ഹൃദയത്തിൽ നിന്നും അകറ്റിക്കളയുകയും നിങ്ങൾ പരസ്പരം മൈത്രിയിലും ക്ഷേമകാംഷയിലും മുന്നോട്ട് ഗമിക്കുകയും ചെയ്യേണ്ടതാവശ്യമാകുന്നു..... (മൈത്രീ സന്ദേശം- ഹദ്റത്ത് അഹ്മദ് (അ)

# മനുഷ്യ ജീവിതത്തിന്റെ ഉദ്ദേശ്യം


അല്ലാഹു പറയുന്നു: **'ഒരു ലക്ഷ്യവും കൂടാതെയാണ് നാം നിങ്ങളെ സൃഷ്കച്ചതെന്നും നിങ്ങൾ നമ്മുടെയടുക്കലേക്ക് മടക്കികൊണ്ട് വരപ്പെടുകയില്ലെന്നും നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടായിരുന്നു വോ?'(23:116)** മനുഷ്യനെ സൃഷ്ടിച്ചതിന്റെ ലക്ഷ്യം അല്ലാഹു പ്രഖ്യാപിക്കുന്നു: **'എന്നെ ആരാധിക്കാനായിട്ടല്ലാതെ ജിന്നിനെയും ഇൻസിനെയും ഞാൻ സൃഷ്ടിച്ചിട്ടില്ല.'(51:57).** മനുഷ്യന്റെ ജനനവും ജീവിതവും അവന്റെ ഇഛാശക്തി കൊണ്ടോ ആസൂത്രണം കൊണ്ടോ സംഭവിച്ചതല്ല, സ്രഷ്ടാവായ ദൈവത്തിന്റെ അനുഗ്രഹ കേദാരത്തിൽ ഒരു പരാദത്തെപോലെ ജീവിക്കുന്ന മനുഷ്യൻ പരാശ്രിതനും സ്രഷ്ടാവിന്റെ നിസ്സാരനായ ഒരു സൃഷ്ടിയും മാത്രമാണ്. ശുദ്ധ ശൂന്യതയിൽ നിന്നാണ് അവൻ അസ്തിത്വത്തിലേക്ക് വന്നത്. അത്കൊണ്ട് തന്നെ അവന്റ ജീവിത ലക്ഷ്യം സ്വയം നിർണ്ണയിക്കുന്നത് യുക്തി സഹമല്ല.

മനുഷ്യൻ, അവൻ ഇഛിച്ചാലും ഇല്ലെങ്കിലും മരണം എന്ന ഒഴിഞ്ഞുപോവാത്ത വിധി ഒരുനാൾ അവനെ പരിഗ്രഹിക്കുന്നു. അല്ലാഹു ഖുർആനിൽ പറയുന്നു: **'നിങ്ങൾ എവിടെയായിരുന്നാലും മരണം നിങ്ങളെ പിടികൂടും നിങ്ങൾ സുശക്തമായി പണിതുയർത്തിയ കോട്ടക്കുള്ളിലായിരുന്നാലും ശരി'(6:4)** പിന്നീട് മനുഷ്യാത്മാവ് അദൃശ്യവും അജ്ഞാതവുമായ ഒരിടത്തേക്ക് മാറ്റപ്പെടുന്നു, മനുഷ്യൻ മനസ്സിലാക്കിയ സത്യങ്ങളിൽ സർവ്വജനസുഗ്രഹമായ ഒരേയൊരു സത്യമാണ് മരണം. അതായത് സർവ്വരും മരണത്തിന്ന് വിധേയരാകും എന്ന മഹാസത്യം. പക്ഷേ ആസക്തരായ നമ്മിൽ മിക്കവരും ഏറ്റവും കൂടുതൽ മറക്കുന്നതും ഈ സത്യമാണ്. ഇങ്ങനെ ദൈവവിധിയുടെ അലംഘനീയ യാഥാർത്ഥ്യങ്ങൾക്കിടയിൽ വിധേയനും ആശ്രിതനും ശരണാർത്ഥിയുമായി നിസ്സഹായനായ മനുഷ്യൻ കഴിയുന്നു. മനുഷ്യാസ്തിത്വത്തിന്റെയും മനുഷ്യവ്യവഹാരങ്ങളുടെയും മൗലിക യാഥർത്ഥ്യങ്ങളിലേക്ക് ശ്രദ്ധക്ഷണിച്ചു കൊണ്ട് അല്ലാഹു പറയുന്നു:

**'അവൻ തന്നെയാണ് ചിരിപ്പിക്കുകയും കരയിപ്പിക്കുകയും ചെയ്യുന്നത്. മരിപ്പിക്കുകയും ജീവിപ്പിക്കുകയും ചെയ്യുന്നതും അവൻ തന്നെ, രേതസ്കണം തെറിപ്പിക്കപ്പെടുമ്പോൾ അതിൽ നിന്നും ആൺ പെൺ എന്നീ രണ്ടിനങ്ങളെ സൃഷ്ടിക്കുന്നതും അവൻ തന്നെയാണ്. പുനരുത്ഥാനം ചെയ്യിക്കുന്നതും അവന്റെ ചുമതലയാണ്. മനുഷ്യനെ സമ്പന്നനാക്കുന്നതും പരാശ്രയ രഹിതനാക്കുന്നതും അവൻ തന്നെയാണ്.'(53:44-49)**

ഇത്രയും നിസ്സഹായനും അരക്ഷിതനുമായ മനുഷ്യന്റെ ജീവിത ലക്ഷ്യം എന്താണെന്ന് ഖുർആൻ വാക്യത്തിന്റെ അടിസ്ഥാനത്തിൽ വാഗ്ദത്ത മസീഹ് വിവരിക്കുന്നു:

**'ഈ ഖുർആൻ വാക്യമനുസരിച്ച് മനുഷ്യന്റെ ജീവിതോദ്ദേശ്യം സ്രഷ്ടാവായ ദൈവത്തെ അറിയുകയും അവനെ ആരാധിക്കുകയും അവനായ് കൊണ്ട് ജീവിക്കുകയും ആകുന്നു. തന്റെ ജീവിതത്തിന്നു സ്വേഛയായ ഒരുദ്ദേശ്യം നിശ്ചയിക്കുവാൻ മനുഷ്യന്ന് അധികാരമില്ല. എന്തെന്നാൽ അവൻ ഈ ലോകത്ത് സേച്ഛാനുരോധേന വരുകയോ സ്വമേധയാ ഇവിടെ നിന്നും തിരിച്ചുപോകുകയോ ചെയ്യുന്നില്ല. അവൻ ഒരു സൃഷ്ടി മാത്രമാണ് അവനെ നാസ്തിയായ അവസ്ഥയിൽ നിന്നും ഉദ്ഭവിപ്പിക്കുകയും അവനു ഇതര ജീവികളെ അപേക്ഷിച്ചു പാവനവും ഉത്കൃഷ്ടവുമായ ശക്തികളും ബോധനങ്ങളും പ്രദാനം ചെയ്യുകയും ചെയ്തിരിക്കുന്ന സൃഷ്ടാവു തന്നെ അവന്റെ ജീവിതത്തിനു ഒരുദ്ദേശ്യം കൽപ്പിച്ചിട്ടുണ്ട്. ഈ സംഗതി അവൻ മനസ്സിലാക്കിയാലും ഇല്ലെങ്കിലും അവന്റെ ജീവിതോദ്ദേശ്യം യഥാർത്ഥത്തിൽ ദൈവത്തെ അറിയുകയും അവനെ വണങ്ങുകയും അവനിൽ ലയിക്കുകയുമാണെന്നത് നിസ്സന്ദേഹമാണ്. (ഇസ്‌ലാം മതതത്വജ്ഞാനം)**



ഹദ്റത്ത് അഹ്മദ് (അ)

# ആരാധനയിലെ അനുഷ്ഠാനങ്ങൾ ദൈവാനുരാഗത്തിന്റെ പ്രതീകങ്ങൾ

വാസ്തവത്തിൽ മനുഷ്യൻ ദൈവാരാധനക്ക് വേണ്ടി മാത്രമാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. ദൈവാരാധന രണ്ടു വിധത്തിലാണുള്ളത്. ഒന്ന് അങ്ങേയറ്റത്തെ വിനയവും കീഴ്വണക്കവും കാണിക്കുക. രണ്ട് അനുരക്തിയും സ്നേഹവും പ്രകടിപ്പിക്കുക.

ഇസ്ലാം വിനയത്തിന്റെയും വണക്കത്തിന്റെയും പ്രതീകമായ നമസ്ക്കാരാനുഷ്ഠാനത്തിന്നുള്ള കൽപ്പന നൽകുന്നു. നമസ്ക്കാരം ശാരീരികമായി മനുഷ്യന്റെ ഓരോ അവയവത്തേയും ഭയഭക്തിയിലും അനുസരണത്തിലും സമർപ്പണവിധേയനാക്കി തീർക്കുന്നു. അവന്റെ ഹൃദയം സുജൂദ് ചെയ്യുന്നതോടൊപ്പം നമസ്ക്കാരത്തിൽ അവന്റെ ശരീരവും കുമ്പിടുന്നു. അങ്ങിനെ അവന്റെ ആത്മാവും ശരീരവും ഈ ദൈവാരാധനയിൽ ഒരുപോലെ പങ്കുചേരുന്നു. ശരീരം ചെയ്യുന്ന സുജൂദ് വ്യർത്ഥമാണെന്ന് കരുതരുത്. ദൈവം ആത്മാവിന്റെയും ശരീരത്തിന്റെയും സൃഷ്ടാവാണ്. രണ്ടിലും അവന്ന് സൃഷ്ടി കർത്താവെന്ന നിലയിൽ അവകാശവും അധികാരവുമുണ്ട്. ശരീരവും ആത്മാവും പരസ്പരം ഒന്ന് മറ്റൊന്നിൽ പ്രഭാവിതമാകുന്നു. ചിലപ്പോൾ ശരീരം ചെയ്യുന്ന സുജൂദ് ആത്മാവ് ചെയ്യുന്ന സുജൂദിന് ഉത്തേജനം നൽകുന്നു. അതേ പ്രകാരം ആത്മാവിന്റെ സുജൂദ് ശരീരത്തിന്റെ സുജൂദിന്റെ അവസ്ഥ സംജാതമാക്കുന്നു. കാരണം ആത്മാവും ശരീരവും പരസ്പരം ബന്ധിതമാണ്. ഉദാഹരണത്തിന്ന് ഒരാൾ കൃത്രിമമായി മന്ദഹസിക്കുന്ന മുഖപ്രകൃതി സംജാതമാക്കുകയാണെങ്കിൽ ആ കൃത്രിമച്ചിരി യഥാർത്ഥ ചിരിയായി മാറുന്നു. ഇത് ആത്മാവിന്നുണ്ടാകുന്ന പ്രതിഫലനത്തിന്റെയും പ്രഭാവത്തിന്റെയും ബഹിർ പ്രകടനമാണ്. അതേ പ്രകാരം കൃത്രിമമായി ഒരാൾ കരയുന്ന ഭാവം സംജാതമാക്കുകയാണെങ്കിൽ യഥാർത്ഥത്തിൽ അയാൾക്ക് കരച്ചിൽ വരുന്നു. അത് ആത്മാവിന്നുണ്ടാകുന്ന പ്രതിഫലനത്തിന്റെയും പ്രഭാവത്തിന്റെയും ബഹിർ പ്രകടനമാണ്. നാം ശാരീരികമായി ബാഹ്യമായി ചെയ്യുന്ന ദൈവാരാധനയുടെ പ്രതിഫലനം ആത്മാവിലും ആത്മാവിലുണ്ടാകുന്ന വിനയ ഭാവത്തിന്റെ പ്രതിഫലനം ബാഹ്യമായി ശരീരത്തിലുമുണ്ടാകുമെന്നും ഇതിൽനിന്നും മനസ്സിലാകുന്നു

അതേ പ്രകാരം ദൈവരാധനയുടെ രണ്ടാമത്തെ അനുരക്തിയുടെയും ത്യാഗത്തിന്റെയും പ്രതിഫലനവും പ്രഭാവവും നമ്മുടെ ആത്മാവിലും ശരീരത്തിലും അതായത് ആന്തരീകമായും ബാഹ്യമായും സംജാതമാവുന്നു. അനുരക്തിയുടെയും അനുരാഗത്തിന്റെയും അവസ്ഥയിൽ മനുഷ്യന്റെ ആത്മാവ് എപ്പോഴും തന്റെ പ്രേമിയെ വലം വെച്ചുകൊണ്ടിരിക്കുന്നു. അവന്റെ ആസ്ഥാനത്തെ ചുബിക്കുന്നു. അതേപ്രകാരം കഅ്ബത്തുല്ലയെ ഭൗതികമായി ദൈവപ്രേമികൾക്ക് ഒരു മാതൃകയാക്കപ്പെട്ട ഭവനമാണ്. ദൈവം പറയുന്നു. നോക്കുക ഇത് എന്റെ ഭവനമാണ്. ഇത് എന്റെ ആസ്ഥാനത്തിലെ കല്ലായ ഹജ്റുൽ അസ്വദാണ്. ഈ കൽപ്പന അവൻ പുറപ്പെടുവിച്ചത് മനുഷ്യൻ തന്റെ അനുരക്തിയേയും സ്നേഹ ഭാവത്തെയും പ്രകടിപ്പിക്കാനാണ്. അത് കൊണ്ട് ഹജ്ജ് ചെയ്യുന്നവർ ഹജ്ജിന്നുള്ള പുണ്യസ്ഥലങ്ങളിൽ ചെന്ന് ശാരീരികമായ നിലയിൽ പ്രസ്തുത ഭവനത്തെ വലംവെക്കുന്നു. അവർ ദൈവാനുരക്തിയിൽ ഉന്മത്തരായി അവന്റെ തിരുസന്നിധിയെ ഭ്രമണം ചെയ്യുന്നു. ശാരീരികമായ എല്ലാ അലങ്കാരങ്ങളെയും വർജ്ജിച്ച് തലമുണ്ഡനം ചെയ്ത് ദൈവസ്നേഹത്തിൽ മുഴുകിയവരായി കൃത്രിമ ലേശമില്ലാതെ പ്രേമാർത്ഥരെ പോലെ അവന്റെ ആസ്ഥാനത്തെ വലംവെക്കുന്നു. ഹജ്റുൽ അസ്വദിനെ ദൈവത്തിന്റെ ആസ്ഥാനത്തിലുള്ള കല്ലാണെന്ന് കരുതി സ്നേഹരൂപേണ അതിനേയും ചുംബിക്കുന്നു. ശാരീരികവും ബാഹ്യവുമായ ഈ ആവേശവും ഉത്സാഹവും ആത്മീയമായ താപവും ഉഷ്ണവും സംജാതമാക്കുന്നു.

(ചശ്മെ മഅ്രിഫ പേ: 100,101)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസ മസ്റൂർ അഹ്മദ് (അയ്യദഹു) 2022 ജൂലൈ 10-ാം തീയതി യുകെയിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ച പെരുന്നാൾ ഖുത്ബയുടെ സംഗ്രഹം.

# ബലിപെരുന്നാൾ: ത്യാഗങ്ങളുടെയും ഭക്തിയുടെയും നിലവാരം ഉയർത്തുക




**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇന്ന് നാം ഈദുൽ അദ്ഹാ അഥവാ ബലി പെരുന്നാൾ ആഘോഷിക്കുകയാണ്. ഈ ഈദ് ആയിരക്കണക്കിന് വർഷങ്ങൾക്ക് മുമ്പ് ഒരു പിതാവും പുത്രനും മാതാവും നടത്തിയ ത്യാഗത്തിന്റെ സ്മരണയാണ്. ഇത് ഒരു താൽക്കാലിക ത്യാഗമായിരുന്നില്ല; തുടർച്ചയായി വർഷങ്ങളോളം വ്യാപിച്ചുനിന്ന ഒരു ത്യാഗമായിരുന്നു. ഹദ്റത്ത് ഇബ്രാഹിം^(അ)^ തന്റെ ഭാര്യയെയും ഓമനക്കുഞ്ഞിനെയും ഒരു തരിശായ സ്ഥലത്ത് ഉപേക്ഷിച്ചു. അതിനു കാരണം അല്ലാഹുവിന്റെ കൽപ്പന മാത്രമായിരുന്നു. അല്ലാഹുവിന് വേണ്ടിയാണ് ഞങ്ങളെ ഈ സ്ഥലത്ത് ഉപേക്ഷിക്കുന്നതെന്ന് ഭാര്യ അറിഞ്ഞപ്പോൾ, പോകുക എന്ന് വലിയ ബോധ്യത്തോടെയും ദൃഢനിശ്ചയത്തോടെയും പറഞ്ഞു. അത്രമാത്രം ഉയർന്നതായിരുന്നു അവരുടെ വിശ്വാസം. ഇതെല്ലാം സർവ്വശക്തനായ അല്ലാഹുവിന്റെ കൽപ്പന പ്രകാരമാണെങ്കിൽ, അല്ലാഹു നമ്മെ പാഴാക്കുകയില്ല, അപ്പോൾ സർവ്വശക്തനായ അല്ലാഹു അവരെ പാഴാക്കാതെ ഈ മരുഭൂമിയിൽ ഒരു നഗരം സ്ഥാപിച്ചത് ലോകർ കാണുകയുണ്ടായി. തുടർന്ന് അല്ലാഹു അവന്റെ വാഗ്ദാനമനുസരിച്ച്, ആവശ്യമായതെല്ലാം അവിടെ നൽകുകയുണ്ടായി. അവൻ ഒരു വാഗ്ദത്തം ചെയ്യുകയും അതിന്റെ തെളിച്ചം ഒരു അടയാളമായി കാണിക്കുകയും ചെയ്ത അല്ലാഹുവിന്റെ വാഗ്ദാനങ്ങളുടെ പൂർത്തീകരണത്തിന്റെ പ്രകടനമാണിത്. അവൻ അതിൽ അവന്റെ വാഗ്ദാനമനുസരിച്ച് ഒരു പ്രവാചകനെ സൃഷ്ടിച്ചു; ദശലക്ഷക്കണക്കിന് ആളുകൾ അവനിലേക്ക് എല്ലാ ദിവസവും സ്വലാത്ത് ചെല്ലുകയും ഖിയാമത്തുനാൾ വരെ സ്വലാത്ത് അയച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതാണ്. അല്ലാഹു തആല തന്റെ പ്രിയപ്പെട്ട പ്രവാചകനായ ഹദ്റത്ത് മുഹമ്മദ്^(സ)^നെ മുഴുലോകത്തേക്കും ഒരു മുന്നറിയിപ്പുകാരനും സന്തോഷവാർത്ത അറിയിക്കുന്നയാളായും അയച്ചുകൊണ്ട് ഈ ഖാത്തമുന്ന

ബിയ്യീന്റെ, അവസാനത്തെ പ്രവാചകന്റെ സന്ദേശത്തെ എല്ലാ രാജ്യങ്ങളിലും എത്തിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തു. നാലായിരം വർഷങ്ങൾക്ക് മുമ്പ് ഹദ്റത്ത് ഇബ്രാഹിമും ഹദ്റത്ത് ഇസ്മാഈലും(അ) ചെയ്ത പ്രാർത്ഥന സ്വീകരിച്ച്, അവൻ തന്റെ വാഗ്ദാനം ഗംഭീരമായി നിറവേറ്റി. തിരുനബി(സ)ന്റെ ശരീഅത്തിന്റെയും ആ മഹാത്മാവിന്റെ അധ്യാപനത്തേയും, അദ്ദേഹത്തിന് അവതരിച്ച ഗ്രന്ഥത്തേയും സംരക്ഷിക്കുന്നതിനായി, സുരയ്യാ നക്ഷത്രത്തിൽ നിന്ന് ദീനിനെ ഭൂമിയിലേക്ക് കൊണ്ടുവരുന്ന ഒരു വ്യക്തിയെ അല്ലാഹു അവസാന നാളുകളിൽ സൃഷ്ടിക്കുമെന്ന് സർവ്വ ശക്തനായ അല്ലാഹു വാഗ്ദാനം ചെയ്തിരുന്നു. അദ്ദേഹം വിശുദ്ധ ഖുർആനിന്റെയും ഹദ്റത്ത് മുഹമ്മദ് റസൂലുല്ലാഹ്(സ)യുടെയും ദൈവത്തിന്റെയും ആധിപത്യം ലോകത്ത് സ്ഥാപിക്കുന്നതാണ്. അല്ലാഹു അവന്റെ വാഗ്ദാനമനുസരിച്ച് ദീനിന്റെ പ്രചാരണത്തിനും എല്ലാ മതങ്ങളെക്കാളും ഇസ്‌ലാമിന്റെ മേൽക്കോയ്മ തെളിയിക്കാനും തിരുനബി(സ)യുടെ സത്യസന്ധനായ ദാസനേയും പ്രേമിയേയും അയക്കുകയുണ്ടായി.

എന്നാൽ ഇന്ന്, ഭൂരിഭാഗം മുസ്‌ലിംകളും അല്ലാഹുവിന് നന്ദി പ്രകടിപ്പിക്കുന്നതിനും അല്ലാഹുവിന്റെ ഈ ദൂതനുമായി ചേർന്നുകൊണ്ട് ഇസ്‌ലാമിന്റെ അധ്യാപനങ്ങൾ ലോകത്ത് എല്ലായിടത്തും പ്രചരിപ്പിക്കുന്നതിനും പകരം, മുസ്‌ലിംകൾ പരസ്പരം കൊല നടത്തുന്നു എന്നത് മാത്രമല്ല ഹദ്റത്ത് മുഹമ്മദ് റസൂലുല്ലാഹ്(സ)ന്റെ പ്രതിനിധിയായി ലോകത്ത് സമാധാനം സ്ഥാപിക്കാൻ വന്ന വ്യക്തിയോട് എതിർപ്പുമായി മുന്നേറിക്കൊണ്ട് കഴിഞ്ഞ ഒന്നേകാൽ നൂറ്റാണ്ട് അദ്ദേഹത്തിൽ വിശ്വസിക്കുന്നവരുടെ ജീവിതം ദുസ്സഹമാക്കുന്നു എന്നത് വലിയ സങ്കടകരമായ കാര്യമാണ്. ഇക്കാലത്തെ ഇമാം, മഹ്ദീ മസീഹിന്നെതിരെ അവിശ്വാസത്തിന്റെ ഫത്വകൾ അടിച്ചേൽപ്പിക്കുകയും അദ്ദേഹത്തിൽ വിശ്വസിക്കുന്നവരെ പീഡിപ്പിക്കുകയും ചെയ്യുന്നതിനു പകരം, സമാധാനത്തിന്റെ സന്ദേശമുയർത്തിക്കൊണ്ട് വാഗ്ദത്ത മസീഹിന്റെ ബൈഅത്തിൽ വന്നുകൊണ്ട് ഇന്നത്തെ ഈദിനെ യഥാർത്ഥ ഈദ് ആക്കുകയായിരുന്നു വേണ്ടിയിരുന്നത്. കലിമ ചെല്ലുകയും അല്ലാഹുവിന്റെ ഏകത്വ ത്തിലും അല്ലാഹുവിന്റെ ദൂതൻ മുഹമ്മദ് നബി(സ) യിലും വിശ്വസിക്കുകയും ചെയ്യുന്നവരെ ഹജ്ജും മറ്റ് ആരാധനകളും ചെയ്യുന്നതിൽനിന്ന് തടയുന്നത് അവരെ സർവ്വശക്തനായ അല്ലാഹുവിന്റെ പിടിത്തത്തിൽ അകപ്പെടുത്തുമോ എന്ന് മുസ്‌ലിംകൾ ചിന്തിക്കേണ്ടിയിരിക്കുന്നു.

ഞങ്ങൾ അഹ്മദികൾ ത്യാഗികളാണ്. ഈ ഈദുകളിൽ നിന്നും നമ്മുടെ ചരിത്രങ്ങളിൽ നിന്നും നാം ത്യാഗങ്ങളുടെ പാഠങ്ങൾ പഠിച്ചു. ജീവനും സ്വത്തും സമയവും മാനവും ത്യജിക്കാൻ പ്രതിജ്ഞയെടുത്തവരാണ് ഞങ്ങൾ, എന്നാൽ ചിലർ ദുർബലരാണ്. ആ അഹ്മദികളോടും ഞാൻ ക്ഷമയോടും പ്രാർത്ഥനയോടും കൂടി പ്രവർത്തിക്കാൻ ആവശ്യപ്പെടുകയാണ്. തീർച്ചയായും, ഈ പ്രാർത്ഥനകൾക്ക് ഒരു ദിവസം ഫലം ലഭിക്കുന്നതാണ് ഇൻശാ അല്ലാഹ്. സത്യവാഗ്ദാനങ്ങളുടെ ദൈവം ഇന്ന് നമ്മെ വിട്ടുകളയുമോ? തീർച്ചയായും ഇല്ല. ഇന്നും തന്നിൽ വിശ്വസിക്കുന്നവർക്കും അടിച്ചമർത്തപ്പെട്ടവർക്കും അവൻ സഹായവുമായി വരുന്നതാണ്. ഇന്ന്, ശത്രു തന്റെ ശക്തിയുടെ വിശ്വാസത്തിൽ തീർച്ചയായും നമ്മെ അടിച്ചമർത്തുകയാണ്, എന്നാൽ സർവ്വശക്തനായ ദൈവത്തിന്റെ മുന്നിൽ അവന്റെ ശക്തിക്ക് ഒരു കണിക പോലും വിലയില്ല. അതിനാൽ, അല്ലാഹുവിന്റെ മുമ്പിൽ മുമ്പത്തേക്കാൾ കൂടുതൽ തലകുനിക്കുക എന്നത് നമ്മുടെ കടമയാണ്. അവനോടുള്ള ആരാധനയുടെ ഉന്നത നിലവാരം നിലനിർത്തുക. അവന്റെ സൃഷ്ടികളോടുള്ള കടമകൾ പൂർത്തിയാക്കുക. നിങ്ങളുടെ ത്യാഗങ്ങൾ അല്ലാഹുവിന്റെ സന്നിധിയിൽ മാത്രം സമർപ്പിക്കാൻ തയ്യാറാകുക.

ത്യാഗങ്ങളുടെ നിലവാരവും ത്യാഗത്തിന്റെ തത്വശാസ്ത്രവും വിവരിച്ചുകൊണ്ട് ഒരു സ്ഥലത്ത് ഹദ്റത് മസീഹ് മൗഊദ്(അ) പറയുന്നു: അല്ലാഹു പറയുന്നതുപോലെ യഥാർത്ഥ ലക്ഷ്യം ഈ ത്യാഗമാണ്, നിങ്ങളുടെ ബലികളുടെ മാംസമോ രക്തമോ ദൈവത്തിന്റെ പക്കൽ എത്തുന്നില്ല. അതായത്, നിങ്ങൾ അവന്റെ പാതയിൽ മരണം വരിക്കുന്ന അത്രകണ്ട് അവനെ ഭയപ്പെടുക. നിങ്ങൾ സ്വന്തം കൈകൊണ്ട് ബലിയറുക്കുന്നത് പോലെ, നിങ്ങളും ദൈവത്തിന്റെ പാതയിൽ ഒരു ബലിയായി മാറുക. ഭയഭക്തി ഈ നിലയേക്കാൾ കുറവാണെങ്കിൽ, അത് അപര്യാപ്തമാണ്. അതു കൊണ്ട് നമുക്ക് ചിന്തിക്കാനും വിലയിരുത്താനുമുള്ള അവസരമാണിത്. ഹദ്റത് മസീഹ് മൗഊദ്(അ)നോടുള്ള അല്ലാഹുവിന്റെ വാഗ്ദാനമാണ്, അല്ലാഹു ആ മഹാത്മാവിന്റെ ജമാഅത്തിനെ ഉപേക്ഷിക്കുകയില്ല എന്നതും പ്രാർത്ഥനകളും ത്യാഗങ്ങളും സ്വീകരിക്കപ്പെടും എന്നതും. ഇൻശാ അല്ലാഹ്. എന്നാൽ വാഗ്ദത്ത മിശിഹാ വിവരിച്ചിടത്തോളം ഭയഭക്തിയുടെ നിലവാരം ഉയർത്തിയിട്ടുണ്ടോ എന്നറിയാൻ നമ്മൾ ഓരോരുത്തരും സ്വന്തം വിലയിരുത്തലുകൾ നടത്തണം. അതിനാൽ, ഏതെങ്കിലും തരത്തിലുള്ള നിരാശയ്ക്കും ഉത്കണ്ഠയ്ക്കും പകരം, നാം മുമ്പത്തേക്കാൾ കൂടുതൽ സർവശക്തനായ അല്ലാഹുവിലേക്ക് ചായുക. നമ്മൾ ചെയ്ത ത്യാഗങ്ങളും ആരാധനകളും അല്ലാഹു തന്റെ അനുഗ്രഹത്താൽ സ്വീകരിക്കപ്പെടുന്നതിന് അവന്റെ കാരുണ്യവും തേടേണ്ടതാണ്.

ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ രചനകളുടെ വെളിച്ചത്തിൽ സത്യസന്ധതയിലൂടെയും വിശ്വസ്തതയിലൂടെയും ദൈവസാമീപ്യം കരസ്തമാക്കുന്നതിനെ കുറിച്ച് പരാമർശിച്ചുകൊണ്ട് ഹുസൂർ തിരുമനസ്സ് പറഞ്ഞു: അല്ലാഹു കർമങ്ങൾ ആണ് ആഗ്രഹിക്കുന്നതും കർമങ്ങളിൽ തന്നെയാണ് സംതൃപ്തനാകുന്നതും. കർമങ്ങൾ കഷ്ടപ്പാടിൽ നിന്നാണ് വരുന്നതെങ്കിലും മനുഷ്യൻ ദൈവത്തിനുവേണ്ടി പ്രയാസങ്ങൾ സഹിക്കാൻ തയ്യാറാകുമ്പോൾ ദൈവം അവനെ കഷ്ടപ്പെടുത്തുകയില്ല. പറയുന്നു: 'അല്ലാഹുവിന്റെ മാർഗത്തിൽ ആരെങ്കിലും കഷ്ടപ്പെടാൻ തയ്യാറാണെങ്കിൽ, അല്ലാഹു അവനെ കഷ്ടപ്പാടുകളിൽ നിന്ന് രക്ഷിക്കുന്നു. അതിനാൽ, ക്ഷമയോടും പ്രാർത്ഥനയോടും ആത്മാർത്ഥതയോടും വിശ്വസ്തതയോടും നാം അവന്റെ മുമ്പിൽ കുനിയുന്നുവെങ്കിൽ, അവൻ തീർച്ചയായും നമ്മുടെ അടുത്തേക്ക് ഓടിവരുന്നതാണ്. തന്റെ ശക്തിയിൽ വിശ്വസിച്ച് നമ്മോട് അതിക്രമം കാണിക്കുന്ന ശത്രുവിനെ നാമാവശേഷമാക്കുന്നതാണ്. അതിനാൽ, ഈ ഈദിൽ, നാം നമ്മുടെ ത്യാഗങ്ങളുടെയും വിശ്വസ്തതയുടെയും ആത്മാർത്ഥതയുടെയും ഭക്തിയുടെയും നിലവാരം വിലയിരുത്തണം. അതിന് ഇന്ന് പ്രത്യേകം ദുആ ചെയ്യുക; അല്ലാഹു നമ്മുടെ ആത്മാർത്ഥതയുടെയും ഭക്തിയുടെയും നിലവാരം ഉയർത്തുമാറാകട്ടെ. അവൻ നമ്മിൽ നിന്ന് പ്രതീക്ഷിക്കുന്നത് ആയി നാം തീരട്ടെ. പ്രാർത്ഥനയോടൊപ്പം നമ്മുടെ പ്രവർത്തനങ്ങൾ ഈ അധ്യാപനങ്ങൾക്കനുസൃതമാക്കി തീർക്കുകയും ചെയ്യുക. അറിവ് മാത്രമല്ല, പ്രായോഗികമായി, ഓരോ പുരുഷനും സ്ത്രീയും കുട്ടിയും ഹദ്റത്ത് ഇബ്രാഹിം, ഹദ്റത്ത് ഹാജറ, ഹദ്റത്ത് ഇസ്മാഈൽ എന്നിവർ സ്ഥാപിച്ച ത്യാഗത്തിന്റെ നിലവാരം നേടിയെടുക്കണം; അപ്പോൾ മാത്രമേ ഈ ബൈഅത്തിനോടുള്ള കടമകൾ നിറവേറ്റി ക്കൊണ്ട് യഥാർത്ഥത്തിൽ വാഗ്ദത്ത മസീഹ്(അ)മുമായി ബന്ധമുള്ളവർക്ക് ലഭിക്കേണ്ട അതിന്റെ അനുഗ്രഹത്തിൽ പങ്കുചേരാൻ നമുക്ക് കഴിയുക യുള്ളൂ.

ഈദുൽ അസ്ഹയെ സംബന്ധിച്ച് ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ ഈ വചനം നാം എപ്പോഴും നമ്മുടെ മുൻപിൽ സൂക്ഷിക്കണം: 'ഈ ഈദുൽ അസ്ഹ ആദ്യ പെരുന്നാളിനേക്കാൾ പ്രാധാന്യമുള്ളതാണ്. എന്നാൽ ഈ ഈദ് കാരണത്താൽ എത്രമാത്രം ആത്മാവിനേയും ഹൃദയങ്ങളെയും ശുദ്ധീകരിക്കുന്നതിലേക്ക് ശ്രദ്ധയുണ്ടായി എന്നും, ആത്മീയതയിൽ നിന്ന് അംശം കരസ്തമാക്കാൻ സാധിച്ചു എന്നും, ഈ ഈദിൽ സ്ഥാപിച്ചിട്ടുള്ള വെളിച്ചം എടുക്കാൻ ശ്രമിച്ചു എന്നും ചിന്തിക്കുക. വലിയ പെരുന്നാൾ എന്ന് വിളിക്കപ്പെടുന്ന ഈ പെരുന്നാൾ അതിൽ നിർഭാഗ്യവശാൽ ശ്രദ്ധിക്കപ്പെടാത്ത ഒരു വലിയ യാഥാർത്ഥ്യമുണ്ട്. അതിനാൽ നാം സ്വയം വിലയിരുത്തിക്കൊണ്ടിരിക്കണം, നമ്മെ തന്നെയും നമ്മുടെ ഹൃദയത്തെയും ശുദ്ധീകരിച്ചുകൊണ്ട്, ഇസ്ലാമിന്റെ യഥാർത്ഥ അധ്യാപനങ്ങൾ നമ്മിൽത്തന്നെ പ്രയോഗിച്ചുകൊണ്ട് അതിനെ ലോകത്ത് പ്രചരിപ്പിക്കാൻ നാം എത്രത്തോളം കഠിനമായി പരിശ്രമിക്കുന്നുണ്ടെന്ന് നോക്കേണ്ടതാണ്. നമ്മൾ ഇത് ചെയ്യുന്നവരാണെങ്കിൽ, നമ്മുടെ ത്യാഗങ്ങളും സ്വീകാര്യമാകുന്നതാണ്. ഈ ഈദിനാൽ നാം അനുഗ്രഹിക്കപ്പെടുന്നതുമാണ്. അല്ലാഹു അതിനു നമുക്ക് സൗഭാഗ്യം നൽകട്ടെ.

ഈദുൽ അസ്ഹയുമായി ബന്ധപ്പെട്ട് വഖ്ഫെ നൗ കുട്ടികളുടെ ശിക്ഷണത്തെക്കുറിച്ച് ഹുസൂർ തിരുമനസ്സ് പറഞ്ഞു: മതത്തിനുവേണ്ടി തങ്ങളുടെ മക്കളെ സമർപ്പിക്കുന്ന അല്ലെങ്കിൽ സമർപ്പിച്ചിട്ടുള്ള മാതാപിതാക്കൾ ഈ സമർപ്പണം ഒരു ത്യാഗം ആവശ്യപ്പെടുന്നുണ്ടെന്നും ആ ത്യാഗത്തിന്റെ നിലവാരം എന്താണെന്നും തിരിച്ചറിയേണ്ടതാണ്. ഹദ്റത്ത് ഇബ്രാഹിം(അ)ഉം ഹദ്റത്ത് ഇസ്മാഈൽ(അ)ഉം സമർപ്പിച്ചതാണ് ആ ത്യാഗത്തിന്റെ നിലവാരം. ഹദ്റത്ത് ഇബ്റാഹീം(അ) തന്റെ മകനോട് ഞാൻ നിന്റെ കഴുത്തിൽ കത്തിവെക്കുന്നത് സ്വപ്നത്തിൽ കണ്ടുവെന്ന് പറഞ്ഞുകൊണ്ട് തന്റെ മകനോട് ചോദിച്ചു: ഇസ്മാഈൽ നിങ്ങളുടെ ഉദ്ദേശം എന്താണെന്ന് എന്നോട് പറയുക. മഹത്വത്തിലും ഭക്തിയിലും മുൻകടന്നിരുന്ന മാതാപിതാക്കളാൽ ശിക്ഷണം ലഭിച്ചിരുന്ന ആ മകൻ ഉടൻ മറുപടി പറഞ്ഞു: എന്റെ പിതാവേ! നിങ്ങൾ നിങ്ങളുടെ സ്വപ്നം നിറവേറ്റുക, ക്ഷമയുള്ളവരുടെയും ത്യാഗം ചെയ്യുന്നവരുടെയും കൂട്ടത്തിൽ നിങ്ങൾ എന്നെ കണ്ടെത്തുന്നതാണ്. അതിനാൽ മാതാപിതാക്കൾ മറ്റുള്ളവരെ കണ്ടിട്ട് അല്ലെങ്കിൽ താൽക്കാലിക ആവേശത്തിൽ കുട്ടികളെ വഖ്ഫ് ചെയ്യരുത്. ഹദ്റത്ത് ഇസ്മാഈൽ(അ)നെപ്പോലെ മറുപടി നൽകാൻ കഴിയുന്ന തരത്തിൽ കുട്ടികളെ വളർത്താൻ നമുക്ക് കഴിയുമോ എന്ന് സ്വയം വിലയിരുത്തുക. മാതാപിതാക്കൾ തന്നെ അവരുടെ പ്രായോഗിക മാതൃകയിലൂടെ നന്മയുടെയും ഭക്തിയുടെയും ഉയർന്ന നിലവാരങ്ങൾ സ്ഥാപിച്ചാൽ മാത്രമേ ഇത് സംഭവിക്കുകയുള്ളൂ. അല്ലാത്തപക്ഷം, നിങ്ങൾ ഞങ്ങളെ വഖ്ഫ് ചെയ്തു; അതിന് ഞങ്ങൾ തയ്യാറല്ല എന്ന് കുട്ടികൾ പറയും. തുച്ഛമായ അലവൻസ് കൊണ്ട് ജമാഅത്തിനെ സേവിച്ചുകൊണ്ട് നമുക്ക് ജീവിക്കാൻ കഴിയില്ല. ഇന്ന ഇന്ന നിയന്ത്രണങ്ങളോടെ ഞങ്ങൾക്ക് പ്രവർത്തിക്കാൻ കഴിയില്ല. അതിനാൽ ഞങ്ങൾ വഖ്ഫ് ചെയ്യുന്നില്ല. വഖ്ഫ് ചെയ്യുന്ന സമയത്ത് മാതാപിതാക്കളുടെ ഉദ്ദേശം നല്ലതാണെങ്കിലും പിന്നീട് അവരുടെ പ്രായോഗികവും ആത്മീയവുമായ അവസ്ഥ ദുർബലമാവുകയും കുട്ടികളുടെ തർബിയത്തിൽ അവർക്ക് തങ്ങ

ശേഷം പേജ് 26 ൽ

# ഖുർആനിലെ മൂന്ന് ക്രിയാത്മക തത്വങ്ങളുടെ നിർവചനം

മനുഷ്യബന്ധങ്ങളുടെ മൂന്ന് അവസ്ഥകളെ പറ്റി പ്രതിപാദിക്കുന്ന മൂന്ന് തത്വങ്ങളെ പറ്റിയുള്ള വിവരണം. 'കേവല നീതി കാരുണ്യം ബന്ധുത്വം...' എന്ന ഗ്രന്ഥത്തിൽ നിന്ന്

**ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)**

(ഖലീഫത്തുൽ മസീഹ് നാലാമൻ)

***അദ്ൽ*** (കേവലനീതി) ***ഇഹ്സാൻ*** (ഒരാൾക്ക് അർഹിക്കുന്നതിനേക്കാൾ നൽകൽ) ***ഈതാഇദിൽ ഖുർബാ*** (ബന്ധുക്കളോടെന്നപോലെ മറ്റുള്ളവരോട് അത്യധികമായ അനുകമ്പയോടെയുള്ള പെരുമാറ്റം). ഇന്നത്തെ പ്രഭാഷണത്തിന് ഞാൻ തിരഞ്ഞെടുത്തത് അത്യന്തം വിശാലവും മറ്റെല്ലാത്തിനേയും പര്യാവരണം ചെയ്തിരിക്കുന്നതുമായ ഒരു ഖുർആനിക വചനമാണ്.

**തീർച്ചയായും നീതി പുലർത്തുന്നതിനും അടുത്ത ബന്ധുക്കൾക്കെന്നപോലെ (മറ്റുള്ളവർക്കും) നന്മ ചെയ്യുന്നതിനും അല്ലാഹു കൽപ്പിക്കുന്നു. (സൂറ: അന്നഹ്ൽ 16:91)**

അല്ലാഹു നമ്മോട് നീതി (**അദ്ൽ**) നിർവഹിക്കാൻ മാത്രമല്ല പറയുന്നത്. നീതി നിർവ്വഹണത്തോടൊപ്പം തന്നെ സ്വമനസ്സാലെ നന്മ (**ഇഹ്സാൻ**) പ്രവർത്തിക്കാനും അതിന്ന് ശേഷം മനുഷ്യ ബന്ധങ്ങളുടെ ഉദാത്തമായ മൂന്നാം ഘട്ടത്തിലേക്ക് പ്രവേശിക്കാനും ഉപദേശിക്കുന്നു. അതായത് -***ഈതാഇ ദിൽ ഖുർബാ***- ഒരു മാതാവിന് തന്റെ ശിശുവിനോടുള്ള നൈസർഗ്ഗികമായ സ്നേഹ പ്രകടനവും പരിചരണവും പോലെ ആയിരിക്കണമത് എന്ന് അല്ലാഹു അഭിലഷിക്കുന്നു. ഒരു മാതാവ് തന്റെ ശിശുവിനെ സ്നേഹിക്കുമ്പോൾ അതിൽ ഒരിക്കലും മുൻകൂട്ടിയുള്ള ചിന്തിച്ചുറപ്പിക്കലോ പ്രകടനപരതയോ ഉണ്ടാകില്ല. അത് സഹജമായ ഒരു പ്രവാഹമാണ്. ഒരിക്കലും അത് മാതാവിൽ കൃത്രിമമായി സൃഷ്ടിക്കപ്പെടുന്നതല്ല. അവളിൽ സ്വാഭാവികമായും സംഭവിക്കുന്നതാണ്. അവളുടെ ഏറ്റവും പ്രിയപ്പെട്ട ഒന്നിനോടുള്ള സ്നേഹപ്രകടനത്തിന്റെ കാതലായ വശം എപ്പോഴുമുള്ള അതിന്റെ സ്വാഭാവികമായ ഉറവ് കൊള്ളലാണ്. മേൽ ഉദാഹരണത്തിൽ ***ഈതാഇ ദിൽ ഖുർബാ*** എന്നതിന്റെ ചൈതന്യം പൂർണ്ണമായും വർണ്ണിച്ചിരിക്കുന്നു.

ഒരു ഹ്രസ്വാവലോകനം നടത്തുകയാണെങ്കിൽ ഈ വചനത്തിലെ ആദ്യഭാഗം മനുഷ്യബന്ധങ്ങളുടെ മൂന്നവസ്ഥകളെ കുറിച്ച് പ്രതിപാദിക്കുന്നു. അല്ലാഹു വിശ്വാസികളെ ഏറ്റവും പരിമിതമായ തോതിൽ ആവശ്യപ്പെടുന്നതും അതേ സമയം ഏറ്റവും പ്രധാനപ്പെട്ടതുമായ കാര്യം കേവല നീതിയുടെതാണ്. എങ്ങനെയെന്നാൽ അവർ നീതി പാലനത്തിൽ മാത്രം മതിയാക്കാമെന്ന് പ്രതീക്ഷിക്കരുത്. ഔദാര്യത്തിന്റെ മേഖലയിലേക്ക് കൂടി അവർ പ്രവേശിക്കണം. മനുഷ്യ വംശത്തോട് നീതികാട്ടിയാൽ മാത്രം പോര, മനുഷ്യർക്ക് അവർ അർഹതപ്പെട്ടതിനേക്കാൾ കൂടുതൽ നൽകുന്ന കല കൂടി അഭ്യസിക്കേണ്ടതുണ്ട്. വിശ്വാസികളുടെ ഔദാര്യം യാതൊരു തടസ്സവും കൂടാതെ ജനങ്ങൾക്ക് അനുഭവവേദ്യമാകണം.

***ഇഹ്സാൻ*** എന്നത് ഒരു വിഷയത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്ന കാര്യമല്ലെന്ന് ഓർക്കണം അതിന്ന് അനേകം ആന്തരാർത്ഥങ്ങളുണ്ട്. ***ഇഹ്സാൻ*** എന്ന ഈ പദം ദൈവവുമായും അവന്റെ സൃഷ്ടിയായ ദാസനുമായും ബന്ധപ്പെടുത്തി പ്രയോഗിക്കുകയാണെങ്കിൽ തദനുസൃതമായി അതിന്റെ അർത്ഥവിന്യാസത്തിലും വ്യത്യാസങ്ങളുണ്ടാവും. ഉചിതമായ സന്ദർഭത്തിൽ ഞാനിക്കാര്യം പിന്നീട് വിശദീകരിക്കുന്നതാണ്.

ഈ വചനത്തിൽ ഉപയോഗിച്ച മൂന്നാമത്തെ പദം ***ഈതാഇ ദിൽ ഖുർബാ***- എന്നതാണ്. അതായത് ഒരാളുടെ ബന്ധുജനത്തിന്ന് നൽകുന്ന അനുകമ്പ. ഇത് പ്രകാരം ബന്ധുജനത്തിന്ന് നൽകുന്നത് പോലെ അഹങ്കാരലേശമന്യേ നമ്മുടെ ഔദാര്യം മറ്റുള്ളവരിലേക്കും പകരണമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. നമ്മുടെ ഔദാര്യം ആ വിധത്തിലായിരിക്കണം അതായത് മറ്റുള്ളവരോടുള്ള ഇഷ്ടം

കൊണ്ടായിരിക്കരുത് അത്. നമ്മുടെ ബാദ്ധ്യതയെന്നോ ചുമതലയെന്നോ കരുതിയായിരിക്കണം നമ്മുടെ ഔദാര്യങ്ങൾ നൽകേണ്ടത്.

ഈ വചനത്തിന്റെ മറ്റൊരു ഭാഗം ഒരു വിശ്വാസി വർജ്ജിക്കേണ്ട ഗുണങ്ങളെ കുറിച്ചുള്ളതാണ്. വർജ്ജനീയമായ ഈ ഗുണങ്ങൾ, വിശ്വാസികളിൽ ദൈവം വളർത്തിയെടുക്കാൻ ഉദ്ദേശിക്കുന്ന സദ്ഗുണങ്ങൾക്ക് വിപരീതമായിട്ടുള്ളതാണ്. അല്ലാഹു പറയുന്നു:

**നീചപ്രവർത്തിയേയും നിഷിദ്ധ കർമ്മത്തേയും നിയമലംഘനത്തേയും അവൻ വിലക്കുകയും ചെയ്യുന്നു. നിങ്ങൾ ചിന്തിച്ചു മനസ്സിലാക്കുന്നതിന്ന് വേണ്ടി അവൻ നിങ്ങളെ ഉപദേശിക്കുന്നു. (സൂറ: നഹൽ 16:91)**

നീതിക്കും ഔദാര്യത്തിനും ബന്ധുജനങ്ങളോട് കാണിക്കുന്ന അനുകമ്പയ്ക്കും വിപരീതമായി ഖുർആൻ ഉപയോഗിച്ച നിഷേധാത്മക പദങ്ങളാണ് നീചപ്രവൃത്തിയും നിഷിദ്ധ കർമ്മവും നിയമലംഘനവും. ആദ്യമായി ഈ വചനത്തിന്റെ ആദ്യ പകുതി വിവരിക്കാൻ ഞാൻ ഉദ്ദേശിക്കുന്നു. ഇന്നത്തെ പ്രഭാഷണത്തിന്റെ സമയം അതിന്ന് തികയുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. പക്ഷേ ഞാൻ എന്റെ പ്രവർത്തനം ആരംഭിച്ചപ്പോൾ ഈ വചനം ഉൾക്കൊള്ളുന്ന വിഷയത്തിന്റെ ആഴവും പരപ്പും എന്നെ വിസ്മയഭരിതനാക്കുന്നു. വ്യത്യസ്ത വീഥികളിലേക്കുള്ള വാതായാനങ്ങൾ എനിക്ക് മുമ്പിൽ തുറക്കപ്പെടുന്നതായി കാണുന്നു. അവ ഒരോന്നും ജ്ഞാന വിജ്ഞാനങ്ങളുടെ ഒരു അത്ഭുത പ്രപഞ്ചമായി എന്റെ മുന്നിൽ പ്രത്യക്ഷീഭവിക്കുന്നു. അത്കൊണ്ട് ഈ വചനം പര്യാവരണം ചെയ്യുന്ന വിഷയത്തിന്റെ ഒരു ഭാഗം പോലും പ്രതിപാദിക്കാമെന്ന ഉദ്ദേശ്യം ഞാൻ ഉപേക്ഷിച്ചു. അതിനുശേഷം നീതി എന്ന വിഷയത്തിൽ മാത്രം ഞാൻ എന്റെ ശ്രദ്ധ കേന്ദ്രീകരിക്കുകയുണ്ടായി. എന്നാൽ വിഷയത്തിന്റെ ഉള്ളിലേക്ക് പ്രവേശിച്ചപ്പോൾ അതിവിശാലമായിട്ടാണ് അത് എനിക്ക് കാണാൻ കഴിഞ്ഞത്. അതായത് ദൈവത്തിന്റെ സൃഷ്ടി സാകല്യം മുഴുക്കെ വിശ്വൈക നീതിയുടെ തത്വത്തിന്റെ അടിസ്ഥാനത്തിലാണ് ഭരിക്കപ്പെടേണ്ടത് എന്ന ദർശനമാണ് എനിക്ക് ലഭിച്ചത്. ഇതൊരിക്കലും തന്നെ ഒരു ആത്മപ്രശംസാപരമായ ഒരു അവകാശവാദമല്ല. വാസ്തവത്തിൽ ഞാൻ പറയുന്ന ഓരോ വാക്കും വ്യക്തമായ വസ്തുതകളെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. നീതി എന്നത് അതിന്റെ പ്രയോഗതലത്തിൽ വിശാലമാണെന്ന് മാത്രമല്ല അതിന്റെ അർത്ഥവും അത്യഗാധമാണ്. അത് അതീവ നിഗൂഢവും വിശുദ്ധവുമാണ്. അത് നമ്മെ പ്രകൃതിയുടെ അടരുകൾക്കുള്ളിൽ അടരുകളായി നിൽക്കുന്ന രഹസ്യങ്ങളിലേക്ക് ആനയിക്കുകയും ചെയ്യുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ കേവല നീതിയുടെ തത്ത്വത്തെ സംബന്ധിച്ച് ഞാൻ മനസ്സിലാക്കിത്തരുവാൻ ശ്രമിക്കുന്നതായിരിക്കും.

കേവലനീതി എന്ന ഈ വിശ്വജനീന തത്ത്വത്തിന്റെ പ്രയോഗത്തിന്ന് മാനവത അത്യുൽക്കടമായി ആഗ്രഹിക്കുന്നു. മനുഷ്യ ബന്ധങ്ങളെ മലിനമാക്കുന്നതും ദുഷിപ്പിക്കുന്നതുമായ മനുഷ്യത്വത്തിന്റെ എല്ലാ ആതുരാവസ്ഥക്കും കാരണം കേവല നീതിയുടെ പ്രയോഗത്തിന്റെ അഭാവത്തിൽ നിന്നും നേരിട്ട് ജനിക്കുന്നു. മനുഷ്യരാശി നീതിക്ക് വേണ്ടി ദാരുണമാം വിധം ദാഹിക്കുകയാണ്. നാം അതിന്റെ പ്രായോഗികത ഖുർആന്റെ വെളിച്ചത്തിൽ ജനങ്ങൾക്ക് പഠിപ്പിക്കുന്നില്ലെങ്കിൽ അവരുടെ അപഥസഞ്ചാരം തുടർന്നുപോകും. അജ്ഞതയുടെ ഊരാക്കുടുക്കിൽ അവരുടെ വഴി നഷ്ടപ്പെടുകയും ചെയ്യും. മനുഷ്യൻ മനുഷ്യന്റെ കരങ്ങൾക്കൊണ്ട് തന്നെ കനത്ത തോതിൽ സഹിക്കേണ്ടി വരും. അതുകൊണ്ട് കേവലനീതിയുടെ ഖുർആനിക അദ്ധ്യാപനങ്ങൾകൊണ്ട് ലോകത്തെ ബോധവാന്മാരാക്കുക എന്നത് നമ്മുടെ പരമപ്രധാനമായ കർത്തവ്യമാണ്.

## ഖുർആനിലെ ഏറ്റവും വിശദീകരിക്കപ്പെട്ട വചനം

ഹദ്റത്ത് അബ്ദുല്ലാ ഇബ്നു മസ്ഊദ് (റ) മേൽ പറഞ്ഞ വചനത്തെ കുറിച്ച് ആലോചിച്ചപ്പോൾ അദ്ദേഹം സ്വയം തന്നെ ഖുർആനിലെ ഏറ്റവും സാരസമഗ്രമായ വചനമാണിതെന്ന് അത്ഭുതം കൂറുകയുണ്ടായി. മഹാന്മാരായ ഖുർആൻ വ്യാഖ്യാതാക്കളിൽ ഒരാളായ അബ്ദുല്ലാ ഇബ്നു മസ്ഊദി (റ)ന്റെ ഈ നിരീക്ഷണം തീർച്ചയായും വൻ പ്രാധാന്യമുള്ളതാണ്. ജീവിതം മുഴുവൻ ഖുർആൻ പഠനത്തിന്ന് വേണ്ടി സമർപ്പിച്ച വ്യക്തിയായിരുന്നു അദ്ദേഹം. ഖുർആന്റെ അദ്ധ്യാപനസാകല്യം മുഴുക്കെ ഈ വചനത്തിന്റെ സാരവുമായി ബന്ധപ്പെട്ടു കിടക്കുന്നു എന്ന വസ്തുതയിലേക്ക് അദ്ദേഹം നമ്മുടെ ശ്രദ്ധ ക്ഷണിക്കുകയാണ്.

അബ്ദുല്ലാ ഇബ്നു മസ്ഊദി (റ)ന് പുറമെ ഹദ്റത്ത് ഉമർ ഇബ്നു അബ്ദിൽ അസീസും (റഹ്) ഈ വചനത്തിന്ന് സവിശേഷ പ്രാധാന്യം നൽകുകയുണ്ടായി. വെള്ളിയാഴ്ച്ച പ്രാർത്ഥനയിൽ ജുമുഅ ഖുത്ബയുടെ രണ്ടാം പാതത്തിൽ ഈ വചനം ഓതുന്ന സമ്പ്രദായം അദ്ദേഹമാണ് ആരംഭിച്ചത്. ഈ അർത്ഥത്തിൽ അദ്ദേഹം മുസ്ലിംകളുടെയെല്ലാം ഒരു അഭ്യുദയകാംക്ഷിയായി മാറുകയുണ്ടായി. ഈ വചനം മുസ്ലിംകളിൽ ഉണ്ടാക്കിയ സ്വാധീനം പരിഗണിക്കുമ്പോൾ ഞാൻ മുകളിൽ പരാമർശിച്ച രണ്ട് ഉദാഹരണങ്ങളിലൂടെ അക്കാര്യം വ്യക്തമാകും. അതിന്റെ സ്വാധീനം മുസ്ലിംകളിൽ മാത്രം ഒതുങ്ങി നിന്നില്ല. റസൂൽ തിരുമേനി (സ)യുടെ കാലത്ത് ഇസ്ലാമിന്റെ കടുത്ത ശത്രുക്കളിൽ പോലും ഈ വചനത്തിലെ അഗാതമായ ജ്ഞാനത്തിൽ അപ്രതിരോധ്യമാംവിധം ആകൃഷ്ടരായിരുന്നു. ഒരിക്കൽ

മക്കയിലെ ഖുറൈശി പ്രമുഖരിൽ ഒരാളായ നേതാവ് വലീദ് ഈ വചനം കേട്ടപ്പോൾ തീർച്ചയായും ഇത് വല്ലാത്തൊരു വചനം തന്നെ, വസന്തം പുഷ്ക്കലമായത് പോലെ എന്തൊരു പുതുമ! എന്തൊരു പ്രസന്നത! എന്ന് അത്ഭുതപ്പെട്ട തായി നിവേദനം ചെയ്യപ്പെടുന്നു.

പ്രപഞ്ച സൃഷ്ടിയിൽ നീതി യുടെ തത്വങ്ങൾ അതിവിശാലമായ രീതിയിൽ പ്രാവർത്തികമാവുന്നത് ഈ വചനത്തിൽ നാം ദർശിക്കുന്നു. അതായത് ഒരു നവ്യമായ അർത്ഥ പ്രപഞ്ചം തന്നെ അതിൽ നിന്നും ജനനം കൊള്ളുന്നതായി കാണു ന്നു. അതിന്ന് ശേഷം ***ഇഹ്സാൻ*** എന്ന പദത്തിലെ രണ്ടാമത്തേതും അത്യുന്നതവുമായ സൗന്ദര്യാവ സ്ഥയുടെ സരണി നാം കാണുന്നു. സൗന്ദര്യത്തിന്റെ ഈ വീഥിയിൽ നിന്നും അവസാനത്തേതും തിക വാർന്നതുമായ ***ഈതാഇ ദിൽ ഖുർബാ-*** എന്ന സ്ഥാനത്തേക്ക് നയിക്കുന്ന നിരവധി വീഥികൾ ഉരുവം കൊള്ളുന്നതായും നമുക്ക് കാണാം.

## കേവലനീതിയും ജീവിലോകവും

സസ്യലോകവും ജീവിലോക വും ഒരു പോലെ ***അദ്ൽ, ഇഹ്സാൻ, ഈതാഇ ദിൽ ഖുർബാ*** എന്നീ തത്വങ്ങളുടെ അടിസ്ഥാന ത്തിലാണ് പ്രവർത്തിക്കുന്നത്. താഴ്ന്ന ജീവിക്രമത്തിൽ നിന്നും ഉയർന്നതും പൂർണവുമായ ഒരു ജീവിശ്രേണിയിലേക്കുള്ള എല്ലാ ജീവികളുടെയും പരിണാമ പ്രക്രിയ മനുഷ്യനിൽ വരെ എത്തുമ്പോൾ അത് വിശാലമായ ഒരു തലം ആർജിക്കുന്നു.

ഈ തത്വത്തിന്റെ പ്രായോഗി കതയുടെ അടിസ്ഥാനത്തിൽ സൃഷ്ടികളെ മൂന്നു വിഭാഗങ്ങളായി വർഗ്ഗീകരിക്കാം. ഒന്നാമത്തേത് അജീവി (Inanimate) രൂപങ്ങളുടെ സൃഷ്ടിയാണ്. രണ്ടാമത്തേ വിഭാഗ ത്തിൽ ജീവന്റെ ഉത്ഭവം മുതൽ ആരംഭിച്ചതും പരിണാമത്തിന്റെ പരിപൂർണ്ണ ഉത്പന്നമായ മനുഷ്യ ന്റെ ആവിർഭാവം വരെയുള്ള കാലഘട്ടത്തിലെ ജീവികളാണ്. അങ്ങനെയാണ് ആ വിഭാഗം സൃഷ്ടിക്കപ്പെടുന്നത്. മൂന്നാമത്തെ യും അന്തിമവുമായ ഘട്ടം മനുഷ്യ ൻ മാത്രമുള്ള വിഭാഗമാണ്. ഈ എല്ലാ വിഭാഗങ്ങളും ഭരിക്കപ്പെടു ന്നത് ഒരേ നിയമപ്രകാരമാണ്. എന്നാൽ ആദ്യത്തെ രണ്ട് വിഭാഗ ങ്ങളായ അജീവിലോകവും താഴ്ന്ന ജീവികളും അടങ്ങുന്ന വിഭാഗങ്ങൾ ക്കിടയിൽ ഒരു തത്വം എന്ന നിലക്ക് ഈ നിയമം ബോധസഹിതം വ്യക്തമായും ഒരു പ്രവർത്തനവും നടത്തുന്നില്ല. എന്നാൽ അതിന്റെ എല്ലാ സൃഷ്ടി പ്രക്രിയകളിലും ഈ തത്വം ഒരു നദീ പ്രവാഹം പോലെ അയത്നലളിതമായി ഒഴുകിക്കൊ ണ്ടിരിക്കുന്നു. അവ മറ്റൊരു മാർഗ്ഗവും സ്വീകരിക്കാതെ പ്രകൃതി നിയമമെന്താണോ അനുശാസിക്കു ന്നത് അതനുസരിച്ച് പ്രവർത്തിക്കു ന്നു. എന്നാൽ താരതമ്യേന ഉയർന്ന ജീവി വിഭാഗങ്ങളിൽ പെട്ടതും മനുഷ്യന്ന് കീഴെയുള്ളതുമായ ജീവികളുടെ കാര്യത്തിൽ അവ തങ്ങളുടെ അഭിപ്രായങ്ങൾ (ഇച്ഛ കൾ) അജീവികളെപ്പോലെ (ജീവ നില്ലാത്ത വസ്തുക്കളെ പ്പോലെ) അബോധാത്മകമായി (Unconsciously) രൂപീകരിക്കുന്നില്ല. മറിച്ച് ആ ജീവികളുടെ സഹജാവബോ ധം (Intuition) അനുസരിച്ചായിരി ക്കും അഭിപ്രായങ്ങൾ എടുക്കുക. സഹജാവബോധം മനുഷ്യനിലെ ത്തുമ്പോൾ അബോധത്തിന്നും പൂർണ്ണബോധത്തിന്നും ഇടയിലുള്ള ഒരവസ്ഥയിലാണ് സ്ഥാപിക്കപ്പെട്ടി ട്ടുള്ളത്. തിരഞ്ഞെടുക്കാനുള്ള അവസരം നൽകപ്പെട്ട ഒരു ജീവിയായി ആദ്യമായിട്ടാണ് നാം മനുഷ്യനെ കാണുന്നത്. മനുഷ്യന്ന് തിരഞ്ഞെടുക്കാനുള്ള ശേഷി നൽകപ്പെട്ടതിൽ പിന്നെ സഹജാവ ബോധത്തിന്റെ പാത ദീർഘനാൾ അവൻ നിർബന്ധപൂർവ്വം പിന്തുടർ ന്നില്ല. എല്ലാ ജീവികളുടേയും കൂട്ടത്തിൽ മനുഷ്യന്ന് മാത്രമാണ് ബോധപൂർവ്വം അഭിപ്രായം (Conscious Decisions) രൂപീകരിക്കാ നുള്ള കഴിവ് നൽകപ്പെട്ടത്. മനു ഷ്യന്ന് കേവല നീതിയുടെ പാത പിന്തുടരണമോ അതല്ല മാർഗ്ഗ ഭ്രംശത്തിന്റെയോ അനീതിയുടേ യോ പാത സ്വീകരിക്കണമോ എന്ന് സ്വതന്ത്രമായി തീരുമാനിക്കാവുന്ന താണ്. .

## സന്തുലനത്തിന്റേയും തുലമാനത്തിന്റേയും സൃഷ്ടിക്ക് കാരണഭൂതമായ നിയമതത്വം

കേവല നീതിയുടെ തത്വം മനുഷ്യ ജീവിയുടെ ലോകത്ത് നടപ്പാക്കുമ്പോൾ സ്വതന്ത്ര ഇച്ഛ (തിരഞ്ഞെടുക്കാനുള്ള സ്വാത ന്ത്ര്യം) എന്ന പുതിയ ഒരു ഘടകം കൂടി ചേർക്കപ്പെടുന്നു. മനുഷ്യന്ന് ദൈവം നൽകിയ സ്വതന്ത്ര ഇച്ഛ യെ ദുഷിച്ച മാർഗ്ഗം അവലംബിച്ചു കൊണ്ട് അവൻ ദുരുപയോഗം ചെയ്താൽ മനുഷ്യന്ന് തന്റെ ജീവിതയാത്രയിൽ ഉയർന്ന നേട്ട ങ്ങൾ കൈവരിക്കാൻ സാദ്ധ്യമല്ല. അങ്ങനെ വന്നാൽ അവൻ തന്റെ പ്രയാണം പിറകോട്ടടിക്കുകയും അവന്റെ പ്രഭവസ്ഥാനമായ താഴ്ന്ന സ്ഥാനത്തേക്ക് കൂപ്പ്കുത്തുകയും ചെയ്യുന്നു. പ്രകൃതിപരമായ ഈ പരിണാമ പ്രക്രിയയാണ് ഈ ഖുർആൻ വചനങ്ങളിൽ ആവിഷ് ക്കരിക്കപ്പെടുന്നത്.

**നാം മനുഷ്യനെ ഏറ്റവും അനുയോജ്യമായ സ്ഥിതിയിൽ സൃഷ്ടിച്ചിരിക്കുന്നു. പിന്നെ നാം അവനെ അധമനിൽ അധമനാക്കി മാറ്റുന്നു. സത്യത്തിൽ വിശ്വസിക്കു കയും സുകൃതങ്ങളനുഷ്ഠിക്കു കയും ചെയ്തവരൊഴികെ. അവർ ക്ക് അവസാനിക്കാത്ത പ്രതിഫലം ലഭിക്കുന്നതാണ്.** (95: 5–7)

***'അവസാനിക്കാത്ത പ്രതിഫ ലം'*** എന്നത് കൊണ്ട് അർത്ഥമാക്കു ന്നത് അഖണ്ഡമായ, അനുസ്യൂതം തുടരുന്ന ആത്മീയവും ധാർമിക വുമായ ഒരു തരം പരിണാമത്തെ കുറിച്ചാണ്. ***തഖ്‌വീം*** എന്ന പദത്തി

ന്റെ അർത്ഥം എന്തിനെയെങ്കിലും തുടർച്ചയായി ശരിയായ പുരോഗമ രീതിയിലേക്ക് കൊണ്ടുവരിക എന്നതാണ്. അൽ മുൻജദ് (ഒരു അറബി നിഘണ്ടു) പ്രകാരം ***തഅ്ദിൽ*** എന്നും അർത്ഥമുണ്ട്. ആ പദം **'നീതിയുടെ പ്രയോഗം'** എന്നും പരാവർത്തനം ചെയ്യാവുന്നതാണ്.

ഖുർആനിലെ ഈ വചനങ്ങൾ മനുഷ്യനിലേക്ക് നയിക്കുന്ന ജീവികളുടെ പരിണാമ പൂർത്തീകരണ പ്രക്രിയയിലേക്ക് സൂചന നൽകുന്നു. ഈ വചനങ്ങൾ മനുഷ്യന്റെ ധൈഷണികവും ധാർമികവുമായ പരിണാമത്തെയും ഉൾക്കൊള്ളുന്നു. താഴ്ന്ന ധിഷണയുള്ള ജീവികൾ അവയുടെ പരിണാമ വികാസത്തിന്നനുസരിച്ച് കൂടുതൽ ധിഷണാശേഷിയുള്ള ജീവികളായി പരിണമിക്കുന്നു. ഈ ഒരു പരിണാമ പ്രക്രിയ അനിവാര്യമായും സൃഷ്ടിയുടെ ആരംഭ ഘട്ടത്തിൽ തന്നെ ദൈവം തുടങ്ങിവെച്ച നീതി എന്ന ഉപാധിയിലൂടെ ആയിരുന്നു. കേവലനീതി എന്ന ഇതേ തത്വത്തിന്റെ പ്രയോഗത്തിലൂടെ തന്നെയാണ് ജീവൻ ആരംഭിച്ച് വികസിക്കാൻ തുടങ്ങിയത്. അങ്ങനെ ആരംഭിച്ച ജീവൻ ഘട്ടം ഘട്ടമായ വികാസ പരിണാമത്തിലൂടെ അവസാനത്തെ സ്ഥാനം വരെ എത്തി.

***'അഹ്സനി തഖ്‌വീം'*** എന്ന ഖുർആനിക പ്രയോഗം ജീവിപരിണാമം ഏറ്റവും നല്ല രീതിയിലാണ് നിർവ്വഹിക്കപ്പെട്ടത് എന്ന വസ്തുതയിലേക്കാണ് വിരൽ ചൂണ്ടുന്നത്. പരിണാമം അതിന്റെ എല്ലാ ഘട്ടത്തിലും മികവിലേക്ക് ചുവട് വെക്കാത്തതായിരുന്നില്ല. സ്പഷ്ടമായും ഖുർആന്റെ ഈ ഒരു പ്രയോഗം അന്ധമായ പരിണാമത്തെ നിരാകരിക്കുകയാണ് ചെയ്യുന്നത്.

ഈ പ്രതിഭാസം മനുഷ്യനിൽ നിരീക്ഷിക്കപ്പെടുമ്പോൾ, മനുഷ്യൻ ബോധപൂർവ്വം സ്വേഛയാൽ എടുക്കുന്ന നീതിപൂർവ്വവും ന്യായയുക്തമായ തീരുമാനങ്ങളെ ഖുർആൻ ***'തഅ്ദിൽ'*** എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. അതിന്റെ അർത്ഥം **'നീതിയുടെ പ്രയോഗം'** എന്നാണ്. ആയതിനാൽ താഴ്ന്ന ജീവികളിൽ നിന്നും ഉയർന്ന ജീവികളിലേക്ക് നയിക്കുന്ന ദൈവത്തിന്റെ സൃഷ്ടി ജാലങ്ങളുടെ മുഴുവൻ പരിണാമ പ്രക്രിയയയും ***തഖ്‌വീം*** നെയും ***തഅ്ദിൽ*** നെയും ആശ്രയിച്ചു നിൽക്കുന്നു.

ദശലക്ഷക്കണക്കിന്ന് വർഷങ്ങളായി അനുശീലനം ചെയ്യപ്പെടുകയും പരിചരിക്കപ്പെടുകയും ചെയ്തതാണ് മനുഷ്യന്റെ പരിണാമം. ഇപ്പോൾ ഉന്നയിക്കപ്പെടുന്ന ചോദ്യമിതാണ്: അതായത് മനുഷ്യന്റെ ഈ പരിണാമ യാത്രയിൽ അടുത്ത ഘട്ടം എന്നൊന്നുണ്ടെങ്കിൽ, അത് എന്തായിരിക്കും? മനുഷ്യപരിണാമം അവസാനിച്ചുവോ? അതല്ലെങ്കിൽ അനന്തമായ പരിണാമ പ്രയാണത്തിലേക്ക് ഇപ്പോഴും പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രക്രിയ മാത്രമാണോ ഇപ്പോഴത്തെ അവസ്ഥ?

നീതിയുടെ അനുഗ്രഹത്താൽ വിസ്മയകരമായ അത്തരം പുരോഗതി ഈ കാലഘട്ടത്തിനിടയിൽ മനുഷ്യൻ കൈവരിച്ചെങ്കിൽ അതിന്റെ വിപരീതാവസ്ഥയിൽ അധഃപതനവും ഉണ്ടാവാമെന്ന് സാമാന്യബുദ്ധി ആവശ്യപ്പെടുന്നു. അതായത് നീതിയുടെ നിഷേധം കൊണ്ട് അത് വിപരീതമായ ഫലങ്ങൾക്ക് കാരണമാകും. അതായത് നീതിയുടെ നിഷേധം കൊണ്ട് അവന്റെ പരിണാമ ജീവിത ഗതിയിൽ പ്രാക്തനമായ കാലഘട്ടത്തിലെ പ്രാകൃതാവസ്ഥയിലേക്ക് മനുഷ്യൻ തിരിച്ചു പോകേണ്ടി വരും. തീർച്ചയായും മനുഷ്യന്റെ കായിക പരിണാമ വികാസത്തിന് ഒരിക്കലും പിറകോട്ടടിക്കാൻ സാദ്ധ്യമല്ല. എന്നാൽ അവന്റെ ധൈഷണികവും ധാർമികവുമായ അവസ്ഥയിലും അവന്റെ പഞ്ചേന്ദ്രിയങ്ങളുടെ പൂർണതയിലും ഈ വിപരീതാവസ്ഥ സംഭവിക്കാം. അവൻ സാധാരണ മാനുഷാവസ്ഥയിൽ നിന്നും അപചയപ്പെട്ട് തലതിരിഞ്ഞ സമീപനങ്ങളിലേക്കും മൃഗസമാനമായ പെരുമാറ്റങ്ങളിലേക്കും രൂപാന്തരപ്പെടാൻ സാദ്ധ്യതയുണ്ട്.

രണ്ടാമത്തെ രംഗം പരിണാമത്തിന്റെ ഉച്ചസ്ഥായിയിൽ ഒരിക്കൽ അവരോധിക്കപ്പെട്ട മനുഷ്യൻ അവന്ന് മുമ്പിൽ തുറക്കപ്പെട്ട തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യവുമായി ബന്ധപ്പെട്ടതാണ്. മനുഷ്യൻ തന്റെ പരിണാമദശകളിൽ നിന്നും അവൻ പഠിച്ചെടുത്ത വിവേകം പ്രകടിപ്പിക്കുകയാണെങ്കിൽ, ദശലക്ഷക്കണക്കിന്ന് വർഷങ്ങളായി നടന്നുകൊണ്ടിരിക്കുന്ന പരിണാമത്തിൽ അവൻ കേവല നീതിയുടെ സാരസർവ്വസ്വമാണെന്ന് സ്വയം തിരിച്ചറിഞ്ഞിട്ടുണ്ടെങ്കിൽ പിന്നീടവൻ തനിക്ക് വേണ്ടി പരിണാമ ഗതിയുടെ ഒരു പട്ടിക തയ്യാറാക്കട്ടെ. ആ പട്ടികക്ക് ഒരിക്കലും തന്നെ നീതിയുടെ അധീശത്വം അവഗണിക്കാൻ സാദ്ധ്യമല്ല. ഇവിടെ മനുഷ്യന്റെ പരിണാമം നിലക്കാൻ പോകുന്നില്ല. അത് ഒരിക്കലും നിന്നുപോകാത്തവിധം സ്ഥിരതയോടെ സാവകാശം മുന്നോട്ടു ഗമിച്ചുകൊണ്ടിരിക്കും. അത് താഴ്ന്ന ജീവിക്രമത്തിൽ നിന്നും ഉയർന്ന ജീവിശ്രേണിയിലേക്ക് മനുഷ്യനെ ഉയർത്തിക്കൊണ്ട് പോകും. ഈ പരിണാമവും ഇതിന്ന് മുമ്പത്തെ പരിണാമവും തമ്മിലുള്ള ഒരേയൊരു വ്യത്യാസം മുൻപത്തെ പരിണാമം മുഖ്യമായും കായികവും മാനസികവുമായിരുന്നു. പിന്നീടുള്ള പരിണാമം മാനസികവും ആത്മീയവുമായിരിക്കും എന്ന് മാത്രം. മാനസിക പരിണാമം എന്നത് മനുഷ്യന്റെ അഞ്ച് ഇന്ദ്രിയങ്ങളുടേയും പരിണാമം ഉൾക്കൊള്ളുന്നതാണ്.

ആ അദ്ധ്യായത്തിലെ തുടർന്നുള്ള വചനങ്ങൾ ഈ വിഷയത്തിലേക്ക് കൂടുതൽ വെളിച്ചം പകരുകയും ഈ പ്രശ്നത്തിന് പരിഹാരം നിർദ്ദേശിക്കുന്നതുമായിരിക്കും. ഈ

അദ്ധ്യായത്തിൽ ഖുർആൻ ഉയർത്തുന്ന ആദ്യത്തെ ചോദ്യം നാം ചർച്ച ചെയ്തു കഴിഞ്ഞു. മനുഷ്യൻ നീതിയുടെ തത്വം കൈവെടിഞ്ഞാൽ തന്റെ പ്രാഥമികമായ പ്രാകൃതാവസ്ഥയിലേക്ക് ആപതിക്കുമെന്ന അപകടത്തെപ്പറ്റി സൂചിപ്പിക്കുന്നുണ്ട്.

**പിന്നെ നാം അവനെ അധമനിൽ അധമനാക്കി മാറ്റുന്നു. (സൂറ: അത്ത്വീൻ 95: 6)**

മേൽ വചനത്തിലെ ***അസ്ഫല സാഫിലീൻ*** എന്ന അറബി പ്രയോഗം ***അധമരിൽ അധമൻ*** എന്ന് വിവർത്തനം ചെയ്യാം. എന്നാൽ ഈ വചനത്തിൽ മനുഷ്യന്റെ കായികമായ അവക്രമണത്തിലേക്ക് (Devolution – പരിണാമ വികാസത്തിന്റെ നേർ വിപരീത ദിശയിലേക്കുള്ള അധോഗമനം) പോകുമെന്നോ അമീബയോ അല്ലെങ്കിൽ അതിനേക്കാൾ ചെറിയ ജീവിരൂപങ്ങളിലേക്കോ തിരിച്ചുപോകുമെന്നോ സൂചനയില്ല.

അതേ സമയം അല്ലാഹുവിൽ വിശ്വസിക്കുകയും സൽക്കർമ്മങ്ങൽ പ്രവർത്തിക്കുകയും ചെയ്യുന്നവർക്ക് ഒരിക്കലും നിലക്കാത്ത പുരോഗതിയിലേക്ക് നയിക്കുന്ന പ്രതീക്ഷയുടെ ഒരു വാതായനം തുറന്നു കിടപ്പുണ്ട്. അതായത്; ആത്മീയ പരിണാമത്തിലേക്കുള്ള അവരുടെ പ്രയാണം ഒരിക്കലും തന്നെ അവസാനിക്കുന്നില്ല. നാം ഓർക്കേണ്ട ഒരു സംഗതി, നീതിയുടെ പ്രവർത്തനമാണ് സൽക്കർമ്മങ്ങളുടെ അടിസ്ഥാനം പ്രദാനം ചെയ്യുന്നത് എന്നാണ്. നീതിയുടെ അഭാവത്തിൽ ഒരു കർമ്മവും സൽക്കർമ്മമാണെന്ന് ഗണിക്കാൻ സാദ്ധ്യമല്ല. അനശ്വരമായ പുരോഗതിയിലേക്കുള്ള പ്രയാണം ഗുണപ്രദമാകണമെന്ന് ആഗ്രഹിക്കുന്നവർക്ക് എറ്റവും ചുരുങ്ങിയത് ഈ യോഗ്യതയെങ്കിലും ഉണ്ടായിരിക്കണമെന്ന് പ്രതീക്ഷിക്കപ്പെടുന്നു. എങ്കിലും അതിലേക്ക് കൂടുതലായ മറ്റു പലവസ്തുതകളുമുണ്ട്. നീതിയുടെ ഗുണം ചേർക്കപ്പെടുമ്പോൾ അത് സൽക്കർമ്മങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്താൻ സഹായകമാവുന്നു. അത് സൽക്കർമ്മങ്ങളുടെ സമുന്നത നിലവാരത്തിലേക്ക് ഉയർത്തപ്പെടുന്നു. അതിന്ന് ശേഷം വരുന്ന **'അജ്റും ഖൈറു മംമ്നൂൻ' (സൂറ: അത്ത്വീൻ 95:7)** എന്ന വചനം സൂചിപ്പിക്കുന്നത് എത്രത്തോളം മനുഷ്യൻ സൽക്കർമ്മങ്ങൾ ചെയ്യുന്നുവോ അത്രത്തോളം അവന്നുള്ള പ്രതിഫലം നിഷേധിക്കപ്പെടുകയില്ല എന്നാണ്. ഉന്നതമായ ലക്ഷ്യങ്ങൾ എത്തിചേരുന്നത്വരെ അത് പുരോഗമിച്ചുകൊണ്ടിരിക്കും എന്നത് അവന്റെ പ്രതിഫലമായി തീരുന്നു.

നാം ചർച്ച ചെയ്യുന്ന വിഷയത്തിന്റെ ഈ വശത്തിന്ന് ഇപ്പോൾ ഒരു പരിധി വരെ വ്യക്തത വന്നിട്ടുണ്ടാവും എന്ന് കരുതുന്നു. എന്നാൽ നാം ഈ വീക്ഷണം അംഗീകരിക്കുമ്പോൾ തന്നെ സ്വഭാവികമായും ഉയരുന്ന ചോദ്യം മനുഷ്യൻ അവന്റെ ഏറ്റവും താഴ്ന്ന പ്രാഥമിക അവസ്ഥയിലേക്ക് തിരിച്ചുപോകും എന്നതിന്റെ അർത്ഥമെന്താണ്? ചില മദ്ധ്യകാല മുസ്‌ലിം പണ്ഡിതന്മാരുടെ അഭിപ്രായപ്രകാരം തീർച്ചയായും മനുഷ്യൻ ചില താഴ്ന്ന ജീവികളായി മാറിയിട്ടുണ്ട് എന്നാണ്. അതിന്നായി അവർ ചില ഖുർആൻ വചനങ്ങൾ തികച്ചും അക്ഷരാർത്ഥത്തിൽ എടുക്കാറുണ്ട്. നിശ്ചയമായും മനുഷ്യൻ കുരങ്ങിന്റെയും പന്നികളുടെയും മാത്രമല്ല ചിലപ്പോൾ കഴുതകളുടെ പോലും രൂപത്തിൽ മാറിയിട്ടുണ്ടെന്നാണ് അവർ കരുതുന്നത്!

ഈ വീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ ചില വിചിത്ര കഥകൾ പ്രചരിക്കുന്നുണ്ട്. ഉദാഹരണത്തിന്ന് വിശുദ്ധ ഖുർആനിലെയും ഹദീസിലെയും ഏതാനും വചനങ്ങൾ ഇതിന്നായി ദുർവ്യാഖ്യാനിക്കപ്പെടാറുണ്ട്. ഒരു സാങ്കൽപ്പിക പട്ടണത്തിലെ ചില അക്രമികളായ യഹൂദന്മാർ കുരങ്ങുകളായും ചിലർ പന്നികളായും രൂപം മാറിയ കഥയും പറയാറുണ്ട്. തീർച്ചയായും അവർക്ക് ആ പട്ടണത്തിന്റെ പേര് പറയാൻ സാദ്ധ്യമല്ല. കാരണം ചരിത്രപരമായി അത് നിലനിൽക്കുന്നില്ല. മാത്രമല്ല, എങ്ങനെയാണ് പ്രകൃതിയിലെ പ്രജനന പ്രത്യുൽപ്പാദനപരമായ ഈ പ്രതിഭാസം അക്രമകാരികളായ ഈ സമൂഹത്തിൽ പ്രവർത്തിച്ചതെന്ന് അവർക്ക് വിവരിക്കാൻ സാധിക്കുന്നില്ല. അവർ പറയുന്നത് ഒരു സുപ്രഭാതത്തിൽ രൂപമാറ്റം വന്ന അവരെല്ലാം പൊടുംന്നനെ മരണപ്പെട്ടു എന്നാണ്. ആ നിർഭാഗ്യകരമായ പട്ടണത്തോടൊപ്പം യാതൊന്നും അവശേഷിക്കാത്തവിധം അപ്രത്യക്ഷമാവുകയാണുണ്ടായത്. പാവം പുരാവസ്തു ഗവേഷകർക്ക് പോലും ഖനനം ചെയ്തു നോക്കാൻ യാതൊരു അടയാളവും അവശേഷിക്കാത്ത വിധമാണ് അത് സംഭവിച്ചത്!

പുരാതന പണ്ഡിതന്മാരുടെ കൂട്ടത്തിൽ മുജാഹിദ് എന്ന് പേരുള്ള പണ്ഡിതനാണ് ശരിയായ ഉത്തരം നൽകിയത്. അതായത് ദൈവം ഒരിക്കലും അവരെ യഥർത്ഥ കുരങ്ങന്മാരായി മാറാനുള്ള കൽപനയല്ല നൽകിയത് എന്നാണ് അദ്ദേഹത്തിന്റെ വിശദീകരണം. വിഢികളും ലജ്ജയില്ലാത്തവരുമായ ഈ ജനതയുടെ ഗുണവിശേഷമായാണ് കുരങ്ങന്മാരും പട്ടികളും എന്ന് നിന്ദിച്ച് പറഞ്ഞത്.1 ***അസ്ഫല സാഫിലീൻ*** എന്നത് അവരുടെ കായികമായ രൂപപരിണാമത്തെ കുറിച്ചല്ല. കുരങ്ങന്മാരും പന്നികളും തീർച്ചയായും ജീവികളിൽ ഏറ്റവും താഴ്ന്ന ശ്രേണിയിലുള്ളവരല്ല. അവർക്ക് താഴെ ദശലക്ഷക്കണക്കിന്ന് താഴ്ന്ന ജീവികളുണ്ട്.

മനുഷ്യന് കേവലനീതി സ്വീകരിക്കുകയോ തിരസ്ക്കരിക്കുകയോ ചെയ്യാനുള്ള സ്വാതന്ത്ര്യം നൽകപ്പെട്ടിരിക്കുന്നു. അങ്ങനെ പറയുമ്പോൾ തന്നെ ഇത് സംബന്ധിച്ച് മനുഷ്യന്ന് പരിധിയില്ലാത്ത സ്വാതന്ത്ര്യം നൽകപ്പെട്ടു എന്ന് നാം

തീർച്ചയായും അർത്ഥമാക്കുന്നില്ല. വാസ്തവത്തിൽ മനുഷ്യബോധത്തിന്റെ ചെറിയ നിയന്ത്രണം പോലുമില്ലാതെ കേവല നീതിയുടെ തത്വം പല മേഖലകളിലും സ്വയം പ്രവർത്തന നിരതമാണ്. ആ പ്രകൃതി ശക്തികളുടെ പ്രവർത്തനങ്ങൾ മാറ്റം വരുത്തുവാനുള്ള യാതൊരു ശക്തിയും മനുഷ്യനില്ല. എല്ലാ ജീവരൂപങ്ങളും നിർമ്മിച്ചിരിക്കുന്ന ജീവന്റെ അടിസ്ഥാന ഘടകങ്ങളെ പ്രതിപാദിച്ചു കൊണ്ട് ഇത് നന്നായി വിശദീകരിക്കാൻ കഴിയും. ജീവന്റെ ഓരോ അടിസ്ഥാന ഘടകത്തിന്നും വിപുലവും സങ്കീർണ്ണവുമായ സ്വഭാവരൂപീകരണ ഉപാധികളുണ്ട്. ജീവന്റെ അടിസ്ഥാന കോശങ്ങളുടെ സൂക്ഷ്മ ലോകത്ത് മനുഷ്യന്ന് അൽപ്പം മാത്രമേ ഇടപെടാൻ സാദ്ധ്യമാവൂ. അതിനാൽ താഴ്ന്ന ജീവികളായി മനുഷ്യൻ അധഃപതിക്കും എന്നതിന്റെ മറ്റൊരർത്ഥം മനുഷ്യനിൽ ഉണ്ടാകാൻ സാദ്ധ്യതയുള്ള മാനസിക കഴിവുകളുടെ അപഭ്രംശമാണ്. മനസ്സിന് അത്തരം അപഭ്രംശം സംഭവിക്കുന്ന മനുഷ്യർക്ക് അവരുടെ മനസ്സിന്മേലുള്ള നിയന്ത്രണം നഷ്ടമാകുന്നു. അത്തരം ആളുകൾ താഴ്ന്ന ജീവികളെപ്പോലെ പെരുമാറുന്നു. ഈ സാമ്യതകൾ കായികം എന്നതിനേക്കാളേറെ മാനസികമാണ്. അതിന്റെ സാദ്ധ്യതകൾ ഏറെക്കുറെ പരിധികളില്ലാത്തതുമാണ്. ഭ്രാന്തനായ മനുഷ്യൻ പട്ടിയെ പോലെയും പന്നിയെ പോലെയും പെരുമാറുകയും ഭാവിക്കുകയും ചെയ്യും. അല്ലെങ്കിൽ അതിനേക്കാൾ താഴ്ന്ന ജീവികളെ അനുകരിക്കുകയും ചെയ്യുമല്ലോ.

മനുഷ്യജീവിതം ഇക്കാലത്ത് പോലും ***തഖ്‌വീം*** ന്റെ മഹത്തായതും വിശാലമായതുമായ വ്യവസ്ഥയാണ് ഭരിച്ചു കൊണ്ടിരിക്കുന്നത്. സൗഭാഗ്യകരമായിട്ടുള്ള കാര്യം എന്താണെന്ന് വെച്ചാൽ ഈ ബൃഹത്തായ പദ്ധതിയിൽ ഉപരിതലത്തിലല്ലാതെ മനുഷ്യന്ന് ഈ വ്യവസ്ഥയിൽ ഇടപെടാൻ സാദ്ധ്യമല്ല എന്നുള്ളതാണ്. മനുഷ്യൻ അവന്റെ ധാർമിക ജീവിതത്തിൽ ലംഘനങ്ങൾ നടത്തി താഴ്ന്ന ഗണത്തിലുള്ള ജീവിവർഗ്ഗങ്ങളുടെ സ്വഭാവത്തേക്കാൾ ഹീനമായ നിലയിലേക്ക് പതിക്കുന്നു. അങ്ങനെ മൃഗസ്വഭാവമുള്ള മനുഷ്യൻ ആവിർഭവിക്കുകയും ചെയ്യുന്നു. വാസ്തവത്തിൽ ***അസ്ഫല സാഫിലീൻ*** എന്ന ഈ ഖുർആനിക തത്വം ആ മേഖലയിൽ മാത്രം നമുക്ക് പൂർണ്ണമായും പ്രയോഗിക്കാൻ സാധിക്കും എന്ന് ഉറപ്പായും പറയാനാവും. മനുഷ്യന്ന് അവന്റെ സഹജീവികളായ മനുഷ്യനെതിരെ അവകാശലംഘനങ്ങളുടെ സകല സീമകളും അതിലംഘിക്കാനാകും. അങ്ങനെ അവൻ അതിശയകരമാം വിധം മൃഗത്തേക്കാൾ മൃഗീയനാകാൻ സാധിക്കും.

നമ്മെ സംബന്ധിച്ചിടത്തോളം പ്രധാനമായുള്ളത്, മനുഷ്യന്ന് ഇടപെടാൻ കഴിയുന്ന ജീവിതത്തിന്റെ മേഖല വേർതിരിച്ചറിയുക എന്നതാണ്. ***അസ്ഫല സാഫിലീൻ***ന് പ്രവർത്തിക്കാൻ കഴിയുക ആ മേഖലയുടെ അതിരുകൾക്കുള്ളിൽ മാത്രമാണ്. മനുഷ്യനേക്കാൾ താഴ്ന്ന ജീവികളുടെ പെരുമാറ്റം കാണിക്കുന്നത് മൃഗങ്ങളുടെ സ്വഭാവം അധികമായും ഭരിക്കപ്പെടുന്നത് ജന്മവാസനകൊണ്ടാണ് എന്നാണ്. അവയുടെ ദൈനംദിന ജീവിതത്തിൽ മാനസിക പ്രവർത്തനത്തിന്നും അഭിപ്രായ രൂപീകരണത്തിന്നും കുറഞ്ഞ പങ്ക് മാത്രമേ ഉള്ളൂ എന്നാണ്. അവയുടെ ജീവിതത്തെ സ്വാധീനിക്കുന്ന ഒരു ജീവിത സംഹിതയും മൃഗങ്ങൾക്ക് നൽകപ്പെട്ടിട്ടില്ല. ഏറെക്കുറെ എല്ലാ കാര്യങ്ങളും സഹജാവബോധത്തിന്റെ അടിസ്ഥാനത്തിലാണ് നിർവ്വഹിക്കപ്പെടുന്നത്. എന്നാൽ അവരുടെ ജീവിതത്തിന്റെ എല്ലാ മേഖലകളും പ്രകൃതി നിയമത്താലാണ് ഭരിക്കപ്പെടുന്നത്. അത് പിന്തുടരാൻ അവർ നിർബന്ധിതരാണ്. ഉദാഹരണത്തിന് മൃഗങ്ങൾക്ക് അവയുടെ നിലനിൽപ്പിന്ന് ഒരു പ്രത്യേകതരം ഭക്ഷണമാണ് ആവശ്യമെങ്കിൽ, ആ ഭക്ഷണം ലഭ്യമാകാൻ ആവശ്യമായ കാര്യങ്ങൾ അത് ചെയ്യും. അവരുടെ വേട്ടരീതിക്ക് ഒരു വിധത്തിലുള്ള സംഹിതയും യാതൊരു വിലക്കുകളോ നിബന്ധനകളോ വെച്ചിട്ടില്ല. അവരോട് ഇന്ന ആഹാരം സമ്പാദിക്കാൻ പാടില്ല ഇന്നത് അനുവദനീയമാണ് എന്ന് ആർക്കും പറയാനാവില്ല. അവരുടെ നിലനിൽപ്പിന്ന് മറ്റൊരു മൃഗത്തെ കൊല്ലുന്നത് ഒരിക്കലും തന്നെ നീതിയുടെ ലംഘനമായി കണക്കാക്കപ്പെടുന്നില്ല. അവയുടെ മിതത്വ ശീലം ഒരിക്കലും തന്നെ നീതിയുടെ പ്രകടനമായി ആരും ഗണിക്കുകയുമില്ല.

അത്പോലെ മൃഗങ്ങളുടെ ജീവിതത്തിൽ യാതൊരു വിധ ഉത്തരവാദിത്വങ്ങളോ ജീവിത സംഹിതകളോ ഇല്ല. അത്കൊണ്ട് മനുഷ്യ ധാരണയുടെ അടിസ്ഥാനത്തിൽ ***അദ്ൽ*** എന്ന വിഷയം അപ്രസക്തമായ മേഖലകളിൽ പോലും ***ഖല്ഖ്, തഖ്‌വീം*** എന്നീ സാങ്കേതിക പദങ്ങൾ വിശാലാർത്ഥത്തിൽ പ്രയോഗിക്കാവുന്നതാണ്. മേൽ പ്രസ്താവിച്ച സാങ്കേതിക പദങ്ങളുടെ പ്രയോഗത്തിലുള്ള വ്യത്യാസങ്ങൾ വ്യവച്ഛേദിച്ച് മനസ്സിലാക്കുന്നത് ആ മേഖലയിലുള്ള ആശയക്കുഴപ്പം ഒഴിവാക്കാനും ആ മേഖലകൾ തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കാനും ഉതകും.

എവിടെയാണോ മൃഗങ്ങൾ ഇടപെടുമ്പോൾ അവർക്ക് ബോധപൂർവ്വം സന്തുലനത്തിന്റേയും തുലമാനത്തിന്റേയും പ്രാധാന്യം സാക്ഷാത്ക്കരിക്കാൻ കഴിവില്ലാതാവുന്നത് അത്തരം സന്ദർഭങ്ങളിലെല്ലാം സന്തുലനം സ്ഥാപിക്കുന്ന ഒരു പ്രവർത്തിയാണ് ***തഖ്‌വീം*** എന്ന് നാം ഓർക്കേണ്ടതുണ്ട്. എങ്കിലും മനുഷ്യന്ന് ***തഖ്‌വീം*** ആവശ്യമുള്ളതാണ്. അതുകൊണ്ട് ***തഖ്‌വീം*** എന്നത് വിവിധങ്ങളായ പ്രകൃതി നിയമങ്ങളിലൂടെ പ്രകടമാവുന്ന

ദൈവത്തിന്റെ ഒരു പ്രവൃത്തിയായി കാണേണ്ടതുണ്ട്. അതായത്, മനുഷ്യന്റെ ജീവിത പുരോഗതിക്ക് വലിയ തോതിൽ കാരണമാകുന്ന മധ്യമാർഗ്ഗത്തിൽ ജീവിതത്തെ ബന്ധിച്ച് നിർത്തിയത് ദൈവത്തിന്റെ ഈ പ്രകൃതി നിയമങ്ങളാണ്.

ജീവന്റെ എല്ലാ പ്രയാണങ്ങളും മനുഷ്യനെ ലക്ഷ്യംവെച്ചുള്ളതാണ്. അതിനാൽ അല്ലാഹുവിന്റെ വിധിക്ക് വിധേയമായിട്ടുള്ള ***തഖ്‌വീമി*** ന്റെ അന്തിമ സ്ഥാനത്തേക്കുള്ള ചലനഗതി കൃത്യമായി നിർവചിച്ചിട്ടുള്ളതും വ്യക്തമായി സംവിധാനിച്ചിട്ടുള്ളതുമാണ്.

മനുഷ്യന് തന്റെ പരിണാമ ഘട്ടത്തിലേക്ക് പ്രവേശിക്കുന്ന സുദീർഘമായ പരിണാമ പ്രയാണത്തിൽ നിന്നും ലഭിച്ച വാക്കുകൾക്കതീതമായ പാഠങ്ങൾ മനുഷ്യ ജീവിതത്തിന്റെ ഓരോ ചുവട് വെപ്പിന്നും മാർഗ്ഗദർശകങ്ങളാണ്. അവിടെ നിന്നും പരിസ്ഥിതി കുടുംബം ഗോത്രം മുതലായ സ്വാധീനങ്ങൾ മനുഷ്യനെ മധ്യമാർഗ്ഗത്തിൽ നിന്നും തെറ്റിച്ചുകളയാനാണ് ശ്രമിച്ചത്. ഈ സ്വാധീനങ്ങളെ പ്രതിരോധിക്കാൻ മനുഷ്യന്റെ ഭാഗത്ത് നിന്നുള്ള ബോധപൂർവമായ ശ്രമത്തെയാണ് വിശുദ്ധ ഖുർആൻ ***തഅ്ദീൽ*** എന്ന് വിശേഷിപ്പിച്ചത്.

മനുഷ്യൻ മധ്യമാർഗ്ഗത്തിൽ ചേർന്ന് നിൽക്കാനോ അല്ലെങ്കിൽ ആ മാർഗ്ഗത്തിൽ നിന്നു വ്യതിചലിക്കാനോ തനിക്ക് ബോധപൂർവ്വം ഒരു തീരുമാനമെടുക്കാനുള്ള ഘട്ടം സമാഗതമായി. എന്നിരുന്നാലും ഒരു വ്യവസ്ഥക്കുള്ളിൽ നിന്നുകൊണ്ട് മനുഷ്യനിൽ എന്താണ് സംഭവിക്കുന്നതെന്ന് അവന്റെ ബോധജ്ഞാനത്തിന്ന് അറിയാതെ ***തഖ്‌വീം*** അക്ഷോഭ്യമായി പ്രവർത്തനം തുടരുന്നു. ഭാഗ്യവശാൽ ആന്തരഭാഗത്ത് പ്രവർത്തിക്കുന്ന ***തഖ്‌വീം*** ന്റെ പ്രവർത്തന ഗതിയിൽ മനുഷ്യന്ന് ഇടപെടാൻ സാദ്ധ്യമല്ല. മനുഷ്യൻ തന്റെ ആരോഗ്യത്തിൽ ആകസ്മികമായോ ബോധപൂർവ്വമായോ നീതി പുലർത്തുന്നതിൽ പരാജയപ്പെട്ട് രോഗിയയാൽ മാത്രമേ അവന്ന് ഉപരിപ്ലവമായി അതിൽ ഇടപെടാൻ സാധിക്കൂ. അവഗണന കൊണ്ടോ അപകടം മൂലമോ അവന്റെ ആന്തരാവയവങ്ങളിൽ ഒന്നിന്റെ ചെറിയ ഒരു ഭാഗത്തിന്ന് ക്ഷതം സംഭവിച്ചാൽ, അക്കാരണം കൊണ്ട് ഒരു തരത്തിലുള്ള സന്തുലന വ്യവസ്ഥയും പ്രതിസന്തുലന വ്യവസ്ഥയും ഉള്ള മൊത്തം ആന്തരശരീര വ്യവസ്ഥ ഒരു സ്തംഭനാവസ്ഥയിലാവുന്നു. അതിനാൽ ചെറിയ രോഗം പോലും മൊത്തം ശരീരത്തെ ബാധിക്കുകയും ശരീരത്തെ ആകെ ആതുരമാക്കിതീർക്കുകയും ചെയ്യുന്നു. മനുഷ്യന്റെ ആരോഗ്യത്തെയും ശരീരത്തിന്റെ സ്വഭാവ രീതികളേയും പരിരക്ഷിക്കാൻ മനുഷ്യന്നുള്ളിൽ പ്രവർത്തിക്കുന്ന പ്രകൃതി നിയമങ്ങൾ ***തഖ്‌വീം*** ന്റെ അതിദീർഘമായ പരിണാമ കാലഘട്ടത്തിലെ പ്രവർത്തന ഫലമായി രൂപപെട്ടതാണ്.

ജീവിലോകത്തിലെ കേവല നീതിയുടെ പിന്നിൽ പ്രവർത്തിക്കുന്ന വിവേകം തിരിച്ചറിയാൻ ഒരു പരിസ്ഥിതി വ്യൂഹത്തിന്റെ പഠനം ഗവേഷകനെ സഹായിക്കുന്നതാണ്. എന്നാൽ കേവല നീതിയുടെ ഈ തത്വം പിന്നീടുള്ള കാലഘട്ടത്തിലും അനുവർത്തിക്കേണ്ടതുണ്ട്.

മനുഷ്യനും മനുഷ്യപൂർവ്വ ജീവികളും തമ്മിലുള്ള വിഭജനരേഖ ലളിതമായി ഇപ്രകാരമാണ്: മനുഷ്യന്ന് ലഭ്യമായ നിരവധി അവസരങ്ങളിൽ ഒന്ന് തിരഞ്ഞെടുക്കുന്നതിന്നുള്ള സ്ഥാനം പലപ്പോഴും അവന്ന് നൽകപ്പെടുന്നു. എന്നാൽ മൃഗങ്ങൾക്ക് അത്തരം തിരഞ്ഞെടുപ്പ്സ്വാതന്ത്ര്യങ്ങളൊന്നുമില്ല. മനുഷ്യനെക്കാൾ താഴ്ന്ന ജീവിഗണത്തിൽ പെട്ട മൃഗങ്ങൾക്ക് എന്തു തന്നെ അവസരങ്ങൾ ഉണ്ടായിരുന്നാലും അവർക്ക് സ്വതന്ത്ര ഇഛക്കുള്ള പങ്ക് വളരെ കുറച്ച് മാത്രമേ ഉള്ളൂ. ഇതാണ് താഴ്ന്ന ജീവഗണത്തിൽ നിന്നും മനുഷ്യനെ വേർതിരിച്ചു നിർത്തുന്നത്. അവസരങ്ങളിൽ നിന്നും തിരഞ്ഞെടുക്കാനുള്ള ഈ സ്വാതന്ത്ര്യത്തിന്റെ മേഖല, മൃഗങ്ങളെ അപേക്ഷിച്ച് മനുഷ്യന് സവിശേഷമായ ചില ആനുകൂല്യങ്ങളും അതുപോലെ പ്രതികൂലനങ്ങളും പ്രദാനം ചെയ്യുന്നു. മനുഷ്യൻ ഈ മേഖലയിൽ കേവലനീതിയുടെ തത്വങ്ങൾ സ്വീകരിക്കുകയും അത് പിന്തുടരുകയും ചെയ്താൽ അവന്ന് അറ്റമില്ലാത്ത അനുഗ്രഹങ്ങൾ വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നു. അവൻ ഈ തത്വം നിരാകരിക്കുകയാണെങ്കിൽ മനുഷ്യൻ തന്റെ പ്രാക്തന ഘട്ടത്തിലേക്ക് ***അസ്ഫല സാഫിലീൻ*** ലേക്ക് പോകുമെന്നും താക്കീത് ചെയ്യപ്പെട്ടിരിക്കുന്നു.



# അല്ലാഹു

**ആരാധ്യനായ ദൈവത്തെ സംബന്ധിച്ച ഇസ്‌ലാമിക അദ്ധ്യാപനം വാഗ്ദത്ത മസീഹ് (അ) വിവരിക്കുന്നു.** *വിവ: ആരിഫ് മുഹമ്മദ് ശാഹിദ്*

## ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

അൽഹംദുലില്ലാഹ്, സകല സമ്പൂർണ സവിശേഷഗുണങ്ങളുടെ സമുച്ചയവും ആരാധനക്കർഹനുമായ ആ അസ്തിത്വത്തിന് -അവന്റെ പേരത്രേ അല്ലാഹു -ആകുന്നു സർവസ്തുതിയും. വിശുദ്ധ ഖുർആന്റെ സാങ്കേതിക പ്രയോഗത്തിൽ അല്ലാഹു എന്നത് ആരാധനക്കർഹനും സകലസമ്പൂർണ സവിശേഷഗുണങ്ങളുടെ സഞ്ചയവും സർവന്യൂനതകളിൽനിന്നു സംശുദ്ധനും പങ്കുകാരില്ലാത്ത ഏകനും എല്ലാ അനുഗ്രഹങ്ങളുടെയും ഉദ്ഭവവുമായ ആ സമ്പൂർണ സത്തയുടെ പേരാണെന്ന് നാം പ്രസ്താവിച്ചു കഴിഞ്ഞല്ലോ. അത്യുന്നതനായ ദൈവം തന്റെ പാവന ഗ്രന്ഥമായ വിശുദ്ധ ഖുർആനിൽ അല്ലാഹു എന്ന തന്റെ നാമത്തെ മറ്റെല്ലാ നാമഗുണങ്ങളുടെയും വിശേഷ്യമായാണ് പ്രതിപാദിച്ചിരിക്കുന്നത്. മറ്റേതെങ്കിലും നാമത്തിന് എവിടെയും ഈ മഹദ്സ്ഥാനം നല്കപ്പെട്ടിട്ടില്ല. സകലമാന വിശേഷണങ്ങളുടെയും സമ്പൂർണ വിശേഷ്യമായതിനാൽ അല്ലാഹു എന്ന നാമം എല്ലാ ഗുണങ്ങളെയും കുറിക്കുന്നു. അതു സകല നാമങ്ങളുടെയും ഗുണവിശേഷങ്ങളുടെയും വിശേഷ്യമാകയാൽ അവൻ സമ്പൂർണ സവിശേഷ ഗുണങ്ങൾ ഉൾക്കൊള്ളുന്നവനാണ് എന്നാണ് വിവക്ഷിക്കുന്നത്. ആകയാൽ 'അൽഹംദുലില്ലാഹ്' എന്നതിനെ ഇങ്ങനെ സംഗ്രഹിക്കാം. സ്തുതിയുടെ സകലമാനതരഭേദങ്ങളും, അവ ബാഹ്യമോ ആന്തരികമോ ആകട്ടെ, വൈയക്തികമായ ശ്രേഷ്ഠതകളോ അദ്ഭുതശക്തിപ്രഭാവങ്ങളോ ആകട്ടെ, അല്ലാഹുവിനു മാത്രം സവിശേഷമാക്കപ്പെട്ടിരിക്കുന്നു. ഇതിൽ പങ്കാളിയായി മറ്റാരുമില്ല. അതുപോലെ, യുക്തിബോധമുള്ളവന്റെ യുക്തിക്ക് എത്രത്തോളം പരമസ്തുതികളും സമ്പൂർണ ശ്രേഷ്ഠതകളും വിഭാവനം ചെയ്യാൻ കഴിയുമോ അല്ലെങ്കിൽ ഒരു ചിന്തകന് ചിന്തിച്ചാലോചിക്കാൻ സാധിക്കുമോ ആ ഗുണവിശേഷങ്ങൾ ഒക്കെയും അല്ലാഹുവിലുണ്ട്. മനുഷ്യബുദ്ധി സാക്ഷ്യസഹിതം സാധൂകരിക്കുകയും ഹതഭാഗ്യനായ മനുഷ്യനെപ്പോലെ അല്ലാഹു അതിൽനിന്ന് ഒഴിഞ്ഞു പോവുകയും ചെയ്തിട്ടുള്ള ഒരു ഗുണവിശേഷവും ഇല്ലതന്നെ. എന്നല്ല, ദൈവത്തിൽ കാണപ്പെടാത്ത ഒരു ഗുണവിശേഷവും ബുദ്ധിമാന്റെ ബുദ്ധിക്ക് അവതരിപ്പിക്കാൻ സാധ്യമല്ല. മനുഷ്യന് പരമാവധി ചിന്തിക്കാൻ കഴിയുന്ന ഗുണവിശേഷങ്ങളെല്ലാം തന്നെ അല്ലാഹുവിലുണ്ട്. അവന് തന്റെ സത്തയിലും ഗുണങ്ങളിലും സ്തുതിവിശേഷങ്ങളിലും സർവവിധേനയും ശ്രേഷ്ഠതയുണ്ട്. നിന്ദ്യമായ എല്ലാ ഗുണങ്ങളിൽ നിന്നും പരിശുദ്ധനാണവൻ. ഇനി നോക്കുക, സത്യമതത്തെയും വ്യാജമതത്തെയും വ്യതിരിക്തമാക്കുന്ന സത്യസാക്ഷ്യമാണിത്. എന്തെന്നാൽ, ഇസ്‌ലാമല്ലാതെ ലോകത്ത് മറ്റൊരു മതവും ദൈവം സകലമാന ദുർഗുണങ്ങളിൽ നിന്ന് പരിശുദ്ധനും സമ്പൂർണ സ്തുതിവിശേഷങ്ങളാൽ വിഭൂഷിതനുമാണെന്ന് വിശ്വസിക്കുന്നില്ലെന്ന് സർവമതങ്ങളെയും വിചിന്തനം ചെയ്താൽ മനസ്സിലാകും.

### ഹൈന്ദവരുടെയും ആര്യസമാജക്കാരുടെ വിശ്വാസം

തങ്ങളുടെ ദേവതകൾ പ്രപഞ്ച പരിപാലനത്തിൽ പങ്കാളികളും ദൈവത്തിന്റെ പ്രവൃത്തികളിൽ സ്ഥിരമായി ഇടപെടുന്നവരുമാണെന്നാണ് സാമാന്യഹിന്ദുക്കൾ വിശ്വസിക്കുന്നത്. മാത്രമല്ല, അവർ ദൈവത്തിന്റെ ഇച്ഛകളെ മാറ്റുന്നവരും അവന്റെ വിധികളെ തകിടം മറിക്കുന്നവരുമാണെന്നും വിശ്വസിക്കുന്നു. ഹിന്ദുക്കൾ പല മനുഷ്യരെയും മൃഗങ്ങളെയും എന്നല്ല പന്നികൾ പോലുള്ള വൃത്തിഹീനരും മാലിന്യഭോജികളായ മൃഗങ്ങളെ സംബന്ധിച്ചുപോലും വിശ്വസിക്കുന്നത് അവരുടെ പരമേശ്വരൻ പല കാലങ്ങളിലായി ആ രൂപങ്ങളിൽ ജന്മമെടുക്കുകയും അവയുടെ ജീവിതത്തിന്റെ ഭാഗമായ മാലിന്യങ്ങളിലും നികൃഷ്ടതകളിലും അകപ്പെടുകയും അവയെപ്പോലെ വിശപ്പ്, ദാഹം, വേദനം, ദു:ഖം, ഭയം, ശോകം, രോഗം, മരണം, നിന്ദ്യത, അപമാനം, നിസ്സഹായത, ദൗർബല്യം തുടങ്ങിയ ദൈന്യതകളിൽ പെട്ടു കൊണ്ടിരിക്കുകയും ചെയ്തു പോന്നു എന്നാണ്. ഈ വിശ്വാസങ്ങളെല്ലാം ദൈവത്തിന്റെ ഗുണവിശേഷങ്ങളെ കളങ്കപ്പെടുത്തുകയും അവന്റെ അനാദിയും അനന്തവുമായ പ്രതാപഗരിമയ്ക്കു കോട്ടം വരുത്തുക

യും ചെയ്യുന്നവയാണെന്നത് വ്യക്തമാണല്ലോ. ഇവരുടെ മാന്യ സഹോദരങ്ങളും, തങ്ങളാണ് വേദങ്ങളിലെ യഥാർഥ അധ്യാപനങ്ങളെ കണിശമായി പിൻപറ്റുന്നവരെന്നു ഭാവിക്കുന്നവരുമായ ആര്യസമാജികൾ ദൈവത്തിന്റെ സ്രഷ്ടാവെന്ന ഗുണത്തെ നിഷേധിക്കുകയും എല്ലാ ആത്മാക്കളും അവന്റെ സമ്പൂർണ സത്തപോലെ അസൃഷ്ടവും സ്വയംനിലനില്ക്കുന്നവയും ദൈവത്തോടൊപ്പം തന്നെ നിലനിന്നുവരുന്നവയുമാണെന്ന് വിശ്വസിക്കുന്നു. സമാന്യയുക്തിയാകട്ടെ, ദൈവത്തെ സംബന്ധിച്ച് അവൻ ലോകത്തിന്റെ ഉടമയെന്ന് വിളിക്കപ്പെട്ടിരിക്കെ അവൻ ഒരു വസ്തുവിന്റെയും പരിപാലകനോ സ്രഷ്ടാവോ ആകാതിരിക്കുകയും ഇഹലോകജീവിതം അവനെ ആശ്രയിച്ചല്ലാതിരിക്കുകയും അതിന് സ്വന്തമായ നിലനില്പ് ഉണ്ടാകുകയും ചെയ്യുന്നത് ദൈവത്തിലുള്ള സ്പഷ്ടമായ ന്യൂനതയായാണ് മനസ്സിലാക്കുന്നത്. ഈ രണ്ടു ചോദ്യങ്ങളും സാമാന്യയുക്തിയുടെ മുൻപിൽ അവതരിപ്പിക്കുന്ന പക്ഷം - അതായത് ദൈവം സ്വയം തന്നെ തന്റെ സമ്പൂർണമായ ശക്തിവിലാസത്താൽ എല്ലാ സൃഷ്ടികൾക്കും ഉൺമ പ്രദാനം ചെയ്തുകൊണ്ട് അവയുടെയെല്ലാം നാഥനും സ്രഷ്ടാവുമായിത്തീരുകയും മുഴുപ്രപഞ്ചത്തിന്റെയും ശൃംഖല അവനിൽ തന്നെ ചെന്നവസാനിക്കുകയും സൃഷ്ടിക്കാനുള്ള ഗുണവും ശക്തിയും അവന്റെ സമ്പൂർണ സത്തയിൽ നിലനില്ക്കുകയും ജനനമരണങ്ങളുടെ പോരായ്മകളിൽനിന്ന് പരിശുദ്ധമാകുകയും ചെയ്യുന്നതാണോ സർവശക്തനായ അവന്റെ തികവുറ്റ ഗുണവിശേഷങ്ങളെ സംബന്ധിച്ചിടത്തോളം ഏറ്റവും അനുയോജ്യവും അനുഗുണവുമായത്. അതല്ല, അവന്റെ നിന്ത്രണത്തിലും അധീനതയിലുമുള്ള സൃഷ്ടിജാലങ്ങളത്രയും അവന്റെ സൃഷ്ടികളല്ലെന്നും അവയുടെ ഉൺമ അവനെ ആശ്രയിച്ചല്ലെന്നും സ്വന്തം സത്തയിലും നിലനില്പിലും അവനെ ആശ്രയിക്കുന്നില്ലെന്നും അവൻ അവരുടെ സ്രഷ്ടാവോ ഉടമസ്ഥനോ അല്ലെന്നും സൃഷ്ടിക്കാനുള്ള ഗുണമോ ശക്തിയോ അവനിൽ കാണപ്പെടുന്നില്ലെന്നും ജനനമരണങ്ങളുടെ പോരായ്മകളിൽനിന്ന് മുക്തനല്ലെന്നും വിശ്വസിക്കുന്നതാണോ അവന്റെ മഹത്ത്വത്തിന് ചേർന്നത് എന്നുള്ളത്-ലോകത്തിന്റെ ഉടമസ്ഥൻ അതിന്റെ സ്രഷ്ടാവല്ലെന്നും ആത്മാക്കളിലും ശരീരങ്ങളിലും കാണപ്പെടുന്ന ആയിരക്കണക്കിന് ഗുണവിശേഷങ്ങൾ സ്വയം നിലനില്ക്കുന്നവയാണെന്നും അവയുടെ സ്രഷ്ടാവായി ആരുമില്ലെന്നും ഈ വസ്തുക്കളുടെയെല്ലാം ഉടമസ്ഥനെന്ന് ദൈവം വിളിക്കപ്പെടുന്നത് സാങ്കല്പികമായിട്ടാണെന്നും സാമന്യയുക്തി ഒരിക്കലും വിധിക്കുകയില്ല. സൃഷ്ടിക്കാൻ അവൻ അശക്തനാണെന്ന് മനസ്സിലാക്കണമെന്നോ കഴിവില്ലാത്തവനും ന്യൂനതയുള്ളവനുമായി ഗണിക്കണമെന്നോ മ്ലേച്ഛരവും മാലിന്യഭോജനം പോലുള്ള നികൃഷ്ടവുമായ ശീലങ്ങൾ അവനിൽ ആരോപിക്കണമെന്നോ ദു:ഖക്ലേശമരണാദികളെയും അജ്ഞതയെയും അറിവുകേടിനെയും അവനിൽ അംഗീകരിക്കണമെന്നോ അത് വിധിക്കുകയില്ല തന്നെ. മറിച്ച്, ദൈവം ഈ നിന്ദ്യതകളിലും നഷ്ടങ്ങളിലും നിന്നെല്ലാം പരിശുദ്ധനായിരിക്കുകയും സമ്പൂർണ മഹത്ത്വം ഉള്ളവനായിത്തീരുകയുമാണ് വേണ്ടത്. സമ്പൂർണ മഹത്ത്വം സമ്പൂർണ ശക്തിപ്രഭാവവുമായി നിബദ്ധമാക്കപ്പെട്ടിരിക്കുന്നു. അല്ലാഹുവിന് സമ്പൂർണമായ ശക്തി ഇല്ലാതാവുകയും മറ്റു വസ്തുക്കളെ സൃഷ്ടിക്കാൻ കഴിയാതെ വരികയും സ്വന്തം സത്തയെ സർവവിധ നഷ്ടങ്ങളിൽ നിന്നും ന്യൂനതകളിൽനിന്നും രക്ഷിക്കാനാവാതെ വരികയും ചെയ്യുന്നതോടെ അവനിൽ സമ്പൂർണ മഹത്ത്വവും ഇല്ലാതെ വന്നു. സമ്പൂർണ മഹത്ത്വമില്ലെങ്കിൽ സമ്പൂർസ്തുതിവിശേഷങ്ങളും ഇല്ലാതാകുന്നു.

## ക്രിസ്ത്യൻ വിശ്വാസം

ഹിന്ദുക്കളുടെയും ആര്യസമാജികളുടെയും അവസ്ഥയാണിത്. ഇനി ക്രിസ്ത്യാനികൾ പ്രഘോഷിക്കുന്ന ദൈവികപ്രതാപത്തെക്കുറിച്ച് പറയുകയാണെങ്കിൽ ബുദ്ധിമാനായ വ്യക്തിയുടെ ഒരൊറ്റ ചോദ്യത്തിൽ നിന്നും അനായാസം മനസ്സിലാക്കാവുന്നതേയുള്ളു. ബുദ്ധിമാനായ ഒരുവനോട് ചോദിക്കുക: പരിപൂർണനും അനാദിയും സ്വാശ്രയനും പരാശ്രയരഹിതനുമായ ആ അസ്തിത്വം അനാദികാലംതൊട്ട് ചെയ്തു വരുന്ന സകലമാന മഹാപ്രവൃത്തികളും ചെയ്യാൻ സ്വയം പര്യാപ്തനാണല്ലോ. പിതാവിന്റെയും പുത്രന്റെയും സഹായമില്ലാതെ മുഴുപ്രപഞ്ചത്തെയും സ്വയം സൃഷ്ടിച്ചവനുമാണ്. എല്ലാ ആത്മാക്കൾക്കും ശരീരങ്ങൾക്കും വേണ്ട കഴിവുകൾ തന്നരുളിയവനുമത്രേ. മുഴുപ്രപഞ്ചത്തിന്റെയും സംരക്ഷകനും നിയന്താവും വിധികർത്താവും എന്നല്ല അവ ആവിർഭവിക്കുന്നതിനു മുൻപേ അവരുടെ ജീവിതത്തിന് ആവശ്യമായതൊക്കെയും തന്റെ റഹ്മാനിയ്യത്തിന്റെ ഗുണത്താൽ സൃഷ്ടിച്ചവനുമാണ്. ആരുടെയും കർമഫലമല്ലാതെ തന്നെ സൂര്യൻ, ചന്ദ്രൻ, എണ്ണമറ്റ നക്ഷത്രങ്ങൾ, ഭൂമി, അതിൽ കാണപ്പെടുന്ന ആയിരക്കണക്കിന് അനുഗ്രഹങ്ങൾ തുടങ്ങിയവയെ തന്റെ അനുഗ്രഹങ്ങൾകൊണ്ടു മാത്രം മനുഷ്യർക്കായി സൃഷ്ടിച്ചവനും ഈ പ്രവർത്തനങ്ങളിലൊന്നും ഒരു പുത്രനെയും ആശ്രയിക്കാത്തവനുമാകുന്നു. ഇങ്ങനെയൊക്കെയാണെങ്കിലും പരിപൂർണനായ ആ ദൈവം തന്നെ അവസാനകാലത്ത് തന്റെ സകലമാന പ്രതാപവും ആധിപത്യവും നിർമൂലനം ചെയ്ത് പാപപ്പൊറുതിക്കും മോക്ഷത്തിനുംവേണ്ടി തന്റെ പുത്രനെ ആശ്രയിച്ചുവെന്ന് പറയുക സാധ്യമാണോ?

പുത്രനാണെങ്കിൽ പിതാവുമായി സാമ്യതയൊന്നുമില്ലാത്ത അപൂർണനാണു താനും. പിതാവിനെപ്പോലെ തന്റെ ദൈവത്വം തെളിയിക്കാൻ വിണ്ണിലെ ഒരു ഭാഗമോ ഒരു തുണ്ടു ഭൂമിയോ അവൻ സൃഷ്ടിച്ചിട്ടില്ല. മാർക്കോസ് എട്ടാം അധ്യായം പന്ത്രണ്ടാം വചനത്തിൽ അദ്ദേഹത്തിന്റെ നിസ്സഹായതയെക്കുറിച്ച് ഇപ്രകാരമാണ് വിവരിച്ചിരിക്കുന്നത്: അവൻ ആത്മാവിൽ ഞരങ്ങി: ഈ തലമുറ അദ്ഭുതകരമായ ഒരു അടയാളം അന്വേഷിക്കുന്നതെന്ത്? ഈ തലമുറയ്ക്ക് അടയാളം ലഭിക്കയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു.

അദ്ദേഹത്തെ കുരിശിലേറ്റിയപ്പോൾ പോലും ഇനിയവൻ നമ്മുടെ മുൻപാകെ ജീവനോടെ വന്നാൽ തങ്ങൾ വിശ്വസിക്കുന്നതാണെന്നും യഹൂദികൾ പറഞ്ഞു. എന്നാൽ അദ്ദേഹം അവർക്ക് ജീവിച്ചു കാണിച്ചില്ല. തന്റെ ദൈവത്വത്തിനും സമ്പൂർണശക്തിപ്രഭാവത്തിനും തരിമ്പും തെളിവു നല്കുകയുമുണ്ടായില്ല. ഇനി ചില ദൃഷ്ടാന്തങ്ങൾ കാണിച്ചിട്ടുണ്ടെങ്കിൽതന്നെ അതൊക്കെയും അദ്ദേഹത്തിനു മുൻപുള്ള മറ്റുപ്രവാചകന്മാരും ധാരാളം കാണിച്ചിട്ടുള്ളവയാണ്. എന്നല്ല, അക്കാലത്തു തന്നെ കുടിവെള്ളത്തിൽ നിന്നു പോലും അത്തരം അദ്ഭുതസിദ്ധികൾ പ്രകടമായിരുന്നു. (യോഹന്നാൻ അഞ്ചാം അധ്യായം നോക്കുക). അദ്ദേഹത്തിന് താൻ ദൈവമാണെന്നതിനുള്ള ഒരു തെളിവും നല്കാൻ കഴിഞ്ഞില്ലെന്ന് ചുരുക്കം. മേലുദ്ധരിച്ച വചനത്തിൽ അദ്ദേഹം അതു സമ്മതിക്കുന്നുമുണ്ട്. ദുർബലയും നിസ്സഹായയുമായ സ്ത്രീയുടെ ഉദരത്തിൽ ജനിച്ച് (ക്രിസ്ത്യാനികൾ പറയും പ്രകാരം) മനുഷ്യരിൽവെച്ച് ഭാഗ്യഹീനർക്കും നഷ്ടം പേറുന്നവർക്കും പറഞ്ഞിട്ടുള്ള നിന്ദ്യതയും അവഹേളനവും നിസ്സഹായതയും അപമാനവും അദ്ദേഹം ജീവിതമാസകലം അനുഭവിച്ചു. ഗർഭപാത്രത്തിന്റെ ഇരുട്ടറയിൽ ഒരു കാലംവരെ തടവിലായിരുന്ന അദ്ദേഹം മൂത്രത്താൽ മലിനമാക്കപ്പെട്ട വൃത്തിഹീനമായ മാർഗത്തിലൂടെ പിറവിയെടുത്തു കൊണ്ട് എല്ലാവിധ മലിനാവസ്ഥകളെയും സ്വയം പേറുകയാണുണ്ടായത്. മനുഷ്യമലിനീകരണങ്ങളിലും ന്യൂനതകളിലും വെച്ച് ഒരു മലിനീകരണവുംതന്നെ തന്റെ പിതാവിന് ദുഷ്പേരുണ്ടാക്കിയ ഈ പുത്രൻ വിധേയനാകാത്തതായിട്ടില്ല. കൂടാതെ, തന്റെ അജ്ഞതയും അറിവില്ലായ്മയും അശക്തിയും താൻ നല്ലവനല്ലെന്നും തന്റെ ഗ്രന്ഥത്തിൽ സ്വയം സമ്മതിക്കുകയും ചെയ്യുന്നു. ദൈവപുത്രനെന്ന് അന്യായമായി വിശ്വസിക്കപ്പെടുന്ന ദൈവത്തിന്റെ ആ വിനീതദാസൻ ജ്ഞാനത്തിലും കർമത്തിലും പ്രഗത്ഭരായ ചില പ്രവാചകന്മാരേക്കാൾ നിലവാരം കുറഞ്ഞവനായിരുന്നു. മൂസാനബി(അ)യുടെ ന്യായപ്രമാണത്തിന്റെ ശാഖയായിരുന്നതിനാൽ അദ്ദേഹത്തിന്റെ അധ്യാപനം പോലും അപൂർണമായിരുന്നു. എന്നിരിക്കെ, സർവശക്തനും അനാദിയും അനന്തനുമായ ദൈവത്തെ സംബന്ധിച്ച് അവൻ തന്റെ സത്തയിൽ സദാ സമ്പൂർണനും സ്വാശ്രയനും സർവശക്തനുമായിട്ടും കൂടി ഒടുവിൽ അപൂർണനായ പുത്രനെ ആശ്രയിച്ചുകൊണ്ട് പൊടുന്നനെ തന്റെ സകലമാന പ്രതാപത്തെയും മഹത്വത്തെയും കളഞ്ഞുകുളിച്ചെന്ന് എങ്ങനെ വ്യജാരോപണം ഉന്നയിക്കാനാകും? സകലസമ്പൂർണ സവിശേഷഗുണങ്ങളുടെയും സമുച്ചയമായ ആ സമ്പൂർണ സത്തയെക്കുറിച്ച് യുക്തിബോധമുള്ള ആരെങ്കിലും ഇത്തരം നിന്ദ്യതകൾ അംഗീകരിച്ചു കൊടുക്കുമെന്ന് ഞാൻ ഒരിക്കലും വിശ്വസിക്കുന്നില്ല. (ബറാഹീനെ അഹ്‌മദിയ്യാ, റൂഹാനി ഖസായിൻ വാള്യം.1 പേജ്. 435)

അല്ലാഹുവിന്റെ ഭൂമിയിൽ ഒരു ഭയവും കൂടാതെ പാപകർമ്മങ്ങളിലും അസന്മാർഗ്ഗ പ്രവർത്തിയിലും അവർ രമിയ്ക്കുന്നു. അല്ലാഹു ഇറക്കിയത് കേൾകൂ എന്ന് അവരോട് പറയപ്പെട്ടാൽ അവർ വന്ന കാലേ മടങ്ങിപ്പോവുനു. അവരത് കേൾക്കുകയില്ല. അവർ പശ്ചാത്തപിച്ചു മടങ്ങട്ടെയെന്നു കരുതി അല്ലാഹു അവരെ ഒന്നു പിടിച്ചു. ഭൗതികമായ സുഖാഢംബരങ്ങളെ മാത്രം ആരാധിക്കുന്നവരായി ഭൂരിപക്ഷം ആളുകളെയും നിങ്ങൾ കാണുന്നു. അവരുടെ ദേഹേച്ഛകളും വികാരങ്ങളും അണപൊട്ടി ഒഴുകി ആറുകളും തോടുകളുമായിത്തീരുന്നു.

.......അങ്ങനെ അല്ലാഹു അവർക്ക് ഭൂമിയിൽ നിന്നും ആകാശത്ത് നിന്നും അടയാളങ്ങൾ കാണിച്ചുകൊടുത്തു. അപ്പോൾ അവർ ബധിരരും കുരുടരുമായി. ഇതെല്ലാം ചോദ്യം ചെയ്യപ്പെടുന്ന നാളിനെ ഇവരെന്തുകൊണ്ട് ഭയപ്പെടുന്നില്ല.

*(മവാഹിബുർറഹ്‌മാൻ - ഹദ്റത്ത് അഹ്‌മദ് (അ))*

# ഹജ്ജിന്റെ യഥാർത്ഥ്യം

ഹജ്ജിന്റെ കർമ്മാനുഷ്ഠാനങ്ങളുടെ അന്തർധാരയായി വർത്തിക്കുന്ന തത്വങ്ങളെപറ്റിയുള്ള വിശദീകരണമാണ് ഈ ലേഖനം. മൗലവി സി പി മൊയ്തീൻ കുട്ടി സാഹിബിന്റെ ഒരു പ്രഭാഷണം അനസ് സാഹിബ്, കൊച്ചി (കെനിയ) ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തതിന്റെ മലയാള തർജമയാണിത്. വിവ: എ.എം

**മൗലവി സി പി മൊയ്തീൻ കുട്ടി**

മനുഷ്യൻ മറ്റു ജീവിവർഗ്ഗങ്ങളിൽനിന്നും വ്യത്യസ്തനാണ്. മനുഷ്യന്റെ സാമൂഹികമായ പെരുമാറ്റ മാതൃകകളുടെ പ്രത്യേകതകൾ മഹത്തായ നാഗരികതകളുടെ സൃഷ്ടിയിലേക്ക് അവനെ നയിക്കുകയും അന്യജീവികളിൽ നിന്നും അതുല്യസ്ഥാനീയനായി മാറ്റുകയും ചെയ്തിരിക്കുന്നു. മനുഷ്യന് ഒരു സാമൂഹിക ജീവി എന്ന സാങ്കേതിക സംജ്ഞ നേടിക്കൊടുത്തത് സവിശേഷമായ ഈ സാമൂഹിക പെരുമാറ്റമാണ്.

മനുഷ്യവർഗ്ഗത്തെ സംബന്ധിച്ച അഗാത പഠനങ്ങൾ സൂചിപ്പിക്കുന്നത് ഒരു ഹൃസ്വമായ കാലഘട്ടത്തിൽ ഇത്തരത്തിൽ നിർണ്ണായകമായ പുരോഗതിലേക്ക് കുതിച്ച മറ്റൊരു ജീവിവർഗ്ഗവും ഉണ്ടായിട്ടില്ല എന്നാണ്. ശിലായുഗത്തിൽ മൃഗസമാനം ജീവിച്ച മനുഷ്യൻ നാഗരികമായ കമ്പ്യൂട്ടർ യുഗത്തിലേക്കുള്ള സമൂലമാറ്റം ഏതൊരു മനുഷ്യഭാവനക്കും അതീതമാണ്. യാദൃശ്ചികതയുടെ വിളയാട്ടത്തിന്റെ പശ്ചാത്തലത്തിൽ നിയന്ത്രിതവും ആസൂത്രിതവുമായ ഒരു പരിണിതിയാണ് ഇവിടെ മനുഷ്യൻ കൈവരിച്ചത്. മനുഷ്യന്റെ ഈ മാറ്റം സുവ്യക്തമായ ഒരു ധിഷണാവൈഭവത്തിന്റെ ആസൂത്രണ തികവാർന്ന ഒരു സൃഷ്ടി പദ്ധതിയുടെ ഭാഗമായാണ് അടയാളപ്പെടുത്തുന്നത്. ഒരു വിശ്വാസിയെ സംബന്ധിച്ചേടത്തോളം ഇത് സർവ്വശക്തനായ ദൈവത്തിന്റെ പ്രകൃഷ്ടമായ ആസൂത്രണ പദ്ധതിയാണ്.

### പ്രവാചകന്മാർ: നവസംസ്ക്കാരങ്ങളുടെ പ്രാരംഭകർ

മതങ്ങളാണ് സംസ്ക്കാരങ്ങളുടെ ഉദ്ഗമനത്തെ ത്വരിതപ്പെടുത്തുന്നത്. നവയുഗത്തിന്റെ കാഹളം മുഴക്കികൊണ്ടുള്ള വിപ്ലവാത്മകമായ ഈ പരിവർത്തനങ്ങൾക്ക് മാതൃകാപരമായ നെടുനായകത്വം വഹിക്കുന്നത് പ്രവാചകന്മാരാണ്. ലഭ്യമായ വിഭവങ്ങൾകൊണ്ട് ഏറ്റവും ക്ഷേമകരമായ ഒരു ജീവിതം നയിക്കാനുള്ള നിർണ്ണായകമായ ഒരു ജീവിതക്രമം ഒരു പുതിയ മതശാഖയോടൊപ്പമാണ് സമാഗതമാവുക. യാതനയും വേദനയും അത്തരം മതത്തിന്റെ സംസ്ഥാപനത്തോടൊപ്പം അനുധാവനം ചെയ്യപ്പെടുന്നു. അങ്ങനെയുള്ള മതങ്ങൾ സമൂഹത്തിൽ രൂപംകൊള്ളുന്നത് പ്രക്ഷുബ്ദമായ ഒരു പ്രക്രിയയിലൂടെ ആയിരിക്കും. കാരണം അത്തരം മതങ്ങളുടെ ആവിർഭാവം വമ്പിച്ച തോതിൽ എതിർക്കപ്പെടുന്നു. സമൂഹത്തിൽ ഉണ്ടാവുന്ന യാതൊരു മാറ്റവും നിലവിലെ സമൂഹം അംഗീകരിക്കുകയില്ല. അക്രമങ്ങളെ അഭിമുഖീകരിച്ച് പ്രതിരോധിക്കുമ്പോഴും ഈ മതശാഖകളുടെ അങ്കുരണങ്ങൾ വളരുകയും പുഷ്ക്കലമാവുകയും ചെയ്യുന്നു. അങ്ങനെ നവീകരിക്കപ്പെട്ട ഈ തത്വശാസ്ത്രം സംസ്ഥാപിതമാവുകയും ചെയ്യുന്നു. പ്രവാചകന്മാർ കൊണ്ടുവരുന്ന ഈ പുരോഗമന ദർശനം ഉൾക്കൊള്ളാൻ തയ്യാറാവുന്നവർ അതിനനുസരിച്ച് ജീവിക്കുന്നു. അപ്രകാരമാണ് ലോകത്ത് പുതിയ നാഗരികതയും പുതിയ സംസ്ക്കാരവും പുതിയ ലോകവും രൂപം കൊള്ളുന്നത്. എല്ലാ ഭൂഖണ്ഡങ്ങളിലും മതങ്ങൾ ആവിർഭവിക്കുന്നത് ഇങ്ങനെയാണ്. ഈ സാമൂഹിക പ്രതിഭാസത്തിന്റെ കാരണമന്വേഷിച്ചാൽ വെളിപ്പെടുന്നത് മനുഷ്യനെ പുരോഗതിയിലേക്ക് നയിക്കുന്ന അദ്ധ്യാപനങ്ങളുമായാണ് എല്ലാ മതങ്ങളും ആവിർഭവിച്ചത് എന്ന് കാണാം. സൂക്ഷ്മ വിശകലനത്തിന് വിധേയമാക്കിയാൽ എല്ലാ മതങ്ങളുടെയും അധ്യാപന സാരത്തിന്റെ സ്റോതസ്സ് ഒന്നാണെന്ന് വ്യക്തമാകുന്നു.

### ഇസ്ലാം മതപരിണാമത്തിന്റെ പൂർണ്ണ രൂപം

അത്തരം പുരോഗമനാശയങ്ങളുടെ ആത്യന്തിക പരിണിതിയാണ്

ഇസ്‌ലാം. മറ്റു വിവിധ മതാദ്ധ്യാപനങ്ങൾ ഉണ്ടായിരിക്കെ ഇസ്‌ലാം മാത്രമാണ് നിലവിലുള്ള മതവൈവിദ്ധ്യങ്ങളെയെല്ലാം സ്വാംശീകരിക്കുന്നത് എന്ന യഥാർത്ഥ്യത്തിന് നാം സാക്ഷിയാണ്. അവയെല്ലാം തന്നെ ഒരേ സ്‌റോതസ്സിൽ നിന്നുമുള്ളതുമാണ്. ഇസ്‌ലാംമതം അതിന്റെ അനുയായികളെ എല്ലാ മതവൈവിധ്യങ്ങളെയും അംഗീകരിക്കാൻ പഠിപ്പിക്കുന്നു. ശാന്തിയാണ് വിശ്വമാനവ ഐക്യത്തിന്റെ സാരസർവ്വസ്വം. ഇസ്‌ലാം എന്ന മതത്തിന്റെ നാമസംജ്ഞ സൂചിപ്പിക്കുന്നത് പോലെ സമാധാനത്തിന് വേണ്ടിയാണ് ഇസ്‌ലാം നിലകൊള്ളുന്നത്.

ഇസ്‌ലാം മതത്തിന്റെ അദ്ധ്യാപനങ്ങളെ വിശാലാർത്ഥത്തിൽ വിശ്വാസ പ്രമാണങ്ങൾ എന്നും കർമ്മപ്രമാണങ്ങൾ എന്നും വർഗ്ഗീകരിക്കാവുന്നതാണ്. ഇസ്‌ലാമിന്റെ പഞ്ചസ്തംമ്പങ്ങളെന്ന് അറിയപ്പെടുന്ന ഈ കർമ്മ പ്രമാണങ്ങളാണ് ആത്മീയ വികാസത്തിന്റെ സാക്ഷാത്ക്കാരം സാധിതമാക്കുന്നതിന്റെ അടിസ്ഥാനം. നമസ്ക്കാരം, വ്രതാനുഷ്ഠാനം, സക്കാത്ത്, ഹജ്ജ് എന്നിവയാണവ. അതിനുപരിയായി നിൽക്കുന്ന ശഹാദത്തിന്റെ സാക്ഷാത്ക്കാരത്തിന് വേണ്ടിയുള്ള ബൃഹത്തായ ആത്മീയ പദ്ധതിയുടെ അവിഭാജ്യഘടകങ്ങളാണിവ. ശഹാദത്ത് എന്ന് അർത്ഥമാക്കുന്നത് അല്ലാഹു ഒഴികെ മറ്റാരും തന്നെ ആരാധനക്കർഹനായി ഇല്ലെന്ന് ഒരാളുടെ ജീവിതം സാക്ഷ്യം വഹിക്കുന്നതിനെയാണ്. അല്ലാഹുവിന്റെ പരിശുദ്ധ പ്രവാചകൻ നമ്മിലേക്ക് അയക്കപ്പെട്ടിട്ടില്ലായിരുന്നുവെങ്കിൽ നമുക്ക് ഈ യഥാർത്ഥ്യം മനസ്സിലാക്കാൻ സാധിക്കില്ലായിരുന്നു.

## പ്രാർത്ഥന

പ്രാർത്ഥനയെ പറ്റി വിശുദ്ധ ഖുർആൻ പറയുന്നു: **'മനുഷ്യാത്മാവിനെ കൊണ്ടും അതിനെ അന്യൂനമാക്കിയ വിധത്തെ കൊണ്ടും സത്യം എന്നിട്ടവൻ അതിന്റെ അധാർമികതയും സാത്വികതയും ബോധനം ചെയ്തു. അതിനെ പരിശുദ്ധമാക്കിയവൻ തീർച്ചയായും വിജയിച്ചു.'** (91: 8–11)

തീർച്ചയായും ആത്മാവിനെ പരിശുദ്ധമാക്കിയവൻ അഭിവൃദ്ധി പ്രാപിച്ചു. ഒരാൾ തന്റെ ആത്മാവിനെയും ജീവിതത്തെയും പരിശുദ്ധമാക്കിയാൽ അയാൾക്ക് വിജയം വന്നെത്തുന്നതാണ്. ഒരാളുടെ ആത്മാവിനെ പരിശുദ്ധമാക്കുന്നതിന്റെ ഒരു രഹസ്യം പ്രാർത്ഥനയാണ്. ഒരിക്കൽ റസൂൽ തിരുമേനി (സ) ചോദിച്ചു:

താങ്കളുടെ വീടിന് മുമ്പാകെ ഒരു പുഴ ഒഴുകുന്നുണ്ട്. നിങ്ങൾ അതിൽ നിന്നും അഞ്ചു നേരവും കുളിക്കുകയും ചെയ്യുന്നു. അപ്പോൾ നിങ്ങളുടെ ശരീരത്തിൽ എന്തെങ്കിലും അഴുക്ക് അവശേഷിക്കുമോ? പ്രവാചകന്റെ അനുചരൻ പ്രതിവചിച്ചു: 'അല്ലയോ പ്രവാചകരെ ഒരാൾ അഞ്ചു നേരം കുളിക്കുകയാണെങ്കിൽ എങ്ങനെയാണ് അയാളുടെ ദേഹത്ത് അശുദ്ധി അവശേഷിക്കുക?' അപ്പോൾ പരിശുദ്ധ പ്രവാചകൻ മറുപടി പറഞ്ഞു: 'അതുപോലെയാണ് നിങ്ങളുടെ നമസ്ക്കാരം. ആരാണോ അഞ്ച് നേരം നമസ്ക്കരിക്കുന്നത് അയാളുടെ ശരീരത്തിൽ നിന്നും ആത്മാവിൽ നിന്നും അശുദ്ധി കഴുകിക്കളയുന്നതാണ്. അത് അയാളെ ശുദ്ധീകരിക്കുന്നതാണ്.'

## വ്രതാനുഷ്ഠാനം

വ്രതാനുഷഠാനം മറ്റൊരു ശുദ്ധീകരണ പ്രക്രിയയാണ്. വിശുദ്ധ ഖുർആൻ പറയുന്നു:

**'ഓ വിശ്വാസികളെ നിങ്ങൾക്ക് മുമ്പുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടത് പോലെ നിങ്ങൾക്കും വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ദോഷബാധയെ സൂക്ഷിക്കുന്നതിന് വേണ്ടി.'** (2:184)

ഒരാൾ വ്രതാനുഷ്ഠാനം നിർവ്വഹിക്കുന്നതിലൂടെ അയാൾ തന്റെ ഉദരവും ശരീരവും മാത്രമല്ല ശുദ്ധീകരിക്കുന്നത് മനസ്സും ശുദ്ധീകരിക്കപ്പെടുന്നു. നോമ്പുകാരന് തന്റെ ചിന്തകൾക്കും പ്രവർത്തികൾക്കും മീതെ ഒരു നിയന്ത്രണം പാലിക്കാനുള്ള മേധാശക്തി ആർജ്ജിക്കാൻ കഴിയും. അയാളുടെ ജീവിതം ആത്മാവിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരപ്പെടുന്നു. നോമ്പുകാരന്റെ കർമ്മങ്ങൾ ആത്മാവിന്റെ പ്രചോദനത്താൽ പ്രഭാവിതമായിത്തീരുന്നു.

## സക്കാത്ത്

സക്കാത്ത് എന്നത് അക്ഷരാർത്ഥത്തിൽ ശുദ്ധീകരണം എന്നാണ് അർത്ഥം. മനുഷ്യൻ ആന്തരികമായി തന്നെ സമ്പത്തിനോട് അല്ലെങ്കിൽ അതുപോലെയുള്ള ഭൗതിക വിഭവങ്ങളോട് ആസക്തിയുള്ളവനാണ്. ദാനം ചെയ്യുന്നതിലൂടെയുള്ള ശുദ്ധീകരണ പ്രക്രിയ സമ്പത്തിന്റെ ഒരു ഭാഗം ത്യജിക്കുവാൻ അവനെ പ്രേരിപ്പിക്കുന്നു. ഇങ്ങനെ ചെയ്യുന്നതിലൂടെ ദൈവവിളി വരുമ്പോൾ സന്ദേഹിച്ചു നിൽക്കാതെ തന്റെ സഹചരന് വേണ്ടി സകല സമ്പത്തും ത്യാഗം ചെയ്ത് ദൈവവിളി സ്വീകരിക്കാൻ അവൻ തന്റെ മനസ്സിനെ വിശാലമാക്കുന്നു.

## ഹജ്ജ്

ഹജ്ജ് ശുദ്ധീകരണത്തിന്റെ അഞ്ചാമത്തെ മാർഗ്ഗമാണ്. ഇസ്‌ലാമിലെ മറ്റ് വിശ്വാസ പ്രമാണങ്ങൾ എല്ലാം തന്നെ ആത്മ ശുദ്ധീകരണത്തിനും ആത്മീയ പുരോഗതിക്കുമുള്ള ഉപാധികളായാണ് അംഗീകരിക്കപ്പെട്ടിരിക്കുന്നത്. ഹജ്ജ് പൊതുവേ ദൈവ വിളിയോടുള്ള അനുസരണത്തിന്റെ ഒരു കർമ്മപദ്ധതിയാണ്. ഹജ്ജ് കർമ്മത്തിലെ ആന്തരാർത്ഥങ്ങൾ ഹാജിമാർ പലപ്പോഴും അവഗണിക്കുകയാണ് ചെയ്യുന്നത്. ഇസ്‌ലാമിലെ മറ്റു പ്രമാണങ്ങൾ വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങളുമായി സമരസപ്പെടുമ്പോൾ ഹജ്ജിലെ ചില കർമ്മാനുഷ്ഠാനങ്ങൾ അജ്ഞാന

കാലത്തെ ആചാരങ്ങളും വിശ്വാസങ്ങളുമാണെന്ന് ചൂണ്ടികാണിക്കപ്പെടുകയും ഖുർആനികാദ്ധ്യാപനങ്ങൾക്ക് വിരുദ്ധമാണെന്ന് വിമർശിക്കപ്പെടുകയും ചെയ്യുന്നു.

### ഹജ്ജിലെ സാർവ്വജനീനത

ഹജ്ജ് കർമ്മാനുഷ്ഠാനങ്ങൾ റസൂൽ തിരുമേനി(സ)യുടെ മറ്റു അദ്ധ്യാപനങ്ങൾക്ക് എതിരാണെന്ന് പോലും ബാഹ്യമായി കാണപ്പെടുന്നു. പുരുഷനും സ്ത്രീയും പൊതുസ്ഥലത്ത് കൂടിക്കലരുന്നതിനെ ഇസ്‌ലാം വിരോധിക്കുന്നു. എന്നാൽ അവർ ഹജ്ജിൽ പൊതുസ്ഥലത്ത് ഒന്നിച്ച് പങ്കെടുക്കാൻ അനുവാദമുണ്ട്. സ്ത്രീ ഹിജാബ് ധരിക്കാൻ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഹജ്ജിൽ പ്രത്യേക നിബന്ധനയില്ല. പുരുഷന്മാർ തുന്നിയ വസ്ത്രങ്ങൾ ധരിക്കാൻ പാടില്ല. അതുപോലെ നഖവും മുടിയും താടിയും മുറിക്കാൻ പാടില്ല. ചിലപ്പോൾ അജ്ഞാന കാലത്തുള്ള അനുഷ്ഠാനങ്ങൾ പോലും ഹജ്ജിൽ അനുഷ്ഠിക്കുന്നതായി കാണപ്പെടുന്നു. ഹജ്ജിലെ 5 പ്രധാന അനുഷ്ഠാനങ്ങൾ ഇവയൊക്കെയാണ്.

1- കഅബയെ വലം വെക്കൽ

2- സഫക്കും മർവ്വക്കും ഇടയിലൂടെയുള്ള ഓട്ടം

3- അറഫായിലെ ഒത്തുചേരൽ

4- മിനായിലെ കല്ലേറ്

5- ബലി

ഇസ്‌ലാം മതം വെളിപാടുകളുടെ അടിസ്ഥാനത്തിൽ സ്ഥാപിതമായ ഒരു മതമാണ്. അതിലെ അനുഷ്ഠാനങ്ങളെല്ലാം പരിശുദ്ധ പ്രവാചകന് വെളിപാടുകളിലൂടെ നൽകപ്പെട്ടതാണ്. ഹജ്ജിനെ പറ്റി എന്തെങ്കിലും സംശയങ്ങൾ അതിന്റെ യഥാർത്ഥ ഉദ്ദേശം മനസ്സിലാക്കാനുള്ള ഒരു തടസ്സമായി ത്തീരും.

ഇന്ന് മുസ്‌ലിംകൾക്ക് മാത്രമാണ് ഹജ്ജ് നിർബന്ധമാക്കിയിട്ടുള്ളത് മക്കയിൽ കഅബയുടെ പരിശുദ്ധി നിലനിർത്താൻ അതിന്റെ കാവൽക്കാർ എന്ന് പറയപ്പെടുന്നവർ അന്യമതസ്ഥരെ കഅബയിൽ നിന്നും അകറ്റി നിർത്തിയിട്ടിരിക്കയാണ്. അപ്പോൾ ആരുടെ മനസ്സിലും അങ്കുരിക്കുന്ന ഒരു സംശയം ഹജ്ജ് മുസ്‌ലിംകൾക്ക് മാത്രമുള്ളതാണോ? ഖുർആൻ പറയുന്നു:

**'സമസ്ത മനുഷ്യർക്കും വേണ്ടി സ്ഥാപിക്കപ്പെട്ട പ്രഥമ മന്ദിരം ബക്ക(മക്ക)യിലുള്ളത് തന്നെയാണ്. അനുഗ്രഹീതവും സർവ്വലോകകർക്കുമുള്ള മാർഗ്ഗദർശക കേന്ദ്രവുമത്രേ (അത്). അതിൽ പ്രത്യക്ഷമായ ദൃഷ്ടാന്തങ്ങളുണ്ട്. ഇബ്രാഹിമിന്റെ സ്ഥാനമാണത്. അതിൽ ആരെങ്കിലും പ്രവേശിച്ചാൽ അവൻ നിർഭയനായി. അതിലേക്ക് പോകാൻ കഴിവുള്ള എല്ലാ മനുഷ്യർക്കും പ്രസ്തുത മന്ദിരത്തിൽ ചെന്ന് ഹജ്ജ് നിർവ്വഹിക്കേണ്ടത് അല്ലാഹുവിനോടുള്ള കടമയാണ്. ഇനി ആരെങ്കിലും നിഷേധിക്കുന്നതായാൽ നിശ്ചയമായും അല്ലാഹു ലോകത്തിൽ ആരുടെയും യാതൊരുവിധ ആശ്രയവും ഇല്ലാത്തവനാണ്.'(3: 97,98)**

വീണ്ടും അല്ലാഹു പറയുന്നു:

**'അപ്രകാരം തന്നെ ഹജ്ജിനെ കുറിച്ച് ജനങ്ങളിൽ വിളംബരം ചെയ്യുക. കാൽനടയായും മെലിഞ്ഞ് വയറൊട്ടിയതും വിദൂരങ്ങളായ ഓരോ മാർഗ്ഗങ്ങളിലൂടെയും കൂടി വരുന്നതുമായ ഓരോരോ ഒട്ടകങ്ങളിന്മേലും നിന്റെ അടുത്ത് അവർ വരും.' (22:28,29)**

ഇവിടെ വിശുദ്ധ ഖുർആൻ മനുഷ്യവംശത്തെ അഭിസംബോധന ചെയ്തു കൊണ്ടാണ് ഹജ്ജ് വിളംബരപ്പെടുത്തുന്നത്. അതിനെക്കാളുപരി കഅബയുടെ സൂക്ഷിപ്പുകാരോട് ആ സ്ഥലം പരിശുദ്ധമാക്കിവെക്കാൻ നിർദ്ദേശിക്കുകയും ചെയ്യുന്നു. അത് മുസ്‌ലിംകൾക്ക് വേണ്ടിയല്ല. ആരാണോ കഅബ പ്രദക്ഷണം ചെയ്യാൻ വരുന്നത്, അല്ലെങ്കിൽ ആരാണോ നിന്നുകൊണ്ടും കുനിഞ്ഞുകൊണ്ടും സാഷ്ഠാംഗ പ്രണാമങ്ങളർപ്പിച്ചുംകൊണ്ട് പ്രാർത്ഥിക്കാൻ വരുന്നവർ അവരെല്ലാവരും അതിൽപെട്ടവരാണ്. അവരെല്ലാം മനുഷ്യവംശം എന്ന അഭിസംബോധനയിൽ വരും.

എങ്ങനെയാണ് ഹജ്ജ് ആത്മീയ പരിശുദ്ധിക്ക് സഹായകരമായി തീരുന്നത്? മക്കയിലേക്കുള്ള യാത്ര, കല്ലെറിയൽ, കഅബ പ്രദക്ഷിണം, സഫാ മർവാ കുന്നുകൾക്കിടയിലെ ഓട്ടം, ഹറഫാ മൈതാനത്ത് ഒന്നിച്ചിരിക്കൽ എന്നിവയെല്ലാം ആത്മാവിന്റെ ശുദ്ധീകരണവുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്നത് തീർച്ചയായും വളരെ പ്രസക്തമായ ഒരു ചോദ്യമാണ്. ഈ അനുഷ്ഠാനങ്ങളുടെ യഥാർത്ഥ ഉദ്ദേശത്തെപറ്റി അഗാതമായി ചിന്തിക്കേണ്ടതും മനസ്സിലാക്കേണ്ടതുമാണ്. ഇതിന്റെയെല്ലാം മൂല്യവും അർത്ഥവും മനസ്സിലാക്കാതെ ഹജ്ജ് നിർവ്വഹിക്കുന്നത് വ്യർത്ഥമായ അഭ്യാസം മാത്രമാണ്. അതിനാൽ ഹജ്ജിന്റെ അന്തരാത്മാവായി വർത്തിക്കുന്ന തത്വദർശനം മനസ്സിലാക്കേണ്ടത് നമ്മുടെയെല്ലാം കർത്തവ്യമാണ്.

ഹജ്ജിൽ പ്രവേശിച്ചാൽ ഹാജിമാരുടെ ആദ്യത്തെ അനുഷ്ഠാനം തവാഫ് ആണ്. ഹജ്ജ് തീർത്ഥാടകൻ ഏഴ് തവണ കഅബയെ ചുറ്റുന്നു. എന്താണ് ഈ ഏഴു തവണ പ്രദക്ഷിണം അർത്ഥമാക്കുന്നത്? ആ കഅബയെയാണ് മുസ്‌ലിംകൾ തങ്ങളുടെ പ്രാർത്ഥനക്ക് അഭിമുഖമായി എടുത്തിരിക്കുന്നത്. കഅബ അഥവാ ഖിബ്‌ല എന്നത് മനുഷ്യ വംശത്തിന്റെ ആത്മീയ കേന്ദ്രമാണ്. മറ്റു വാക്കുകളിൽ പറഞ്ഞാൽ ആ കഅബയാണ് മനുഷ്യൻ ലക്ഷ്യമാക്കുന്ന ഏഴാനാകാശം എന്ന ആത്മീയ പദവിയുടെ ഭൗതിക പ്രതീകം.

**'എന്നെന്നും ജനപ്പെരുമാറ്റമുള്ള ഭവനത്തെ (കഅബ) കൊണ്ടും സത്യം. ഉയർത്തി നിർത്ത**

പ്പെട്ട മേൽത്തട്ടു (ആകാശം) കൊണ്ടും സത്യം' (52:5,6)

ഉയർത്തപ്പെട്ട മേൽത്തട്ട് അല്ലെങ്കിൽ ഉയർന്ന ആകാശം എന്നത് കൊണ്ട് അർത്ഥമാക്കുന്നത് ഈ പ്രതലത്തിലാണ് പരിശുദ്ധ ഭവനവും പരിശുദ്ധ പ്രവാചകനും നിലകൊള്ളുന്നത് എന്നാണ്. അവിടെവെച്ചാണ് റസൂൽ തിരുമേനി (സ) തന്റെ ആത്മീയ യാത്രയിൽ മറ്റുള്ള പ്രവാചകന്മാർക്ക് നേതൃത്വം നൽകി പ്രാർത്ഥന നിർവ്വഹിച്ചത്. ഉയർന്ന മേൽത്തട്ട് എന്നത് നമ്മുടെ തലക്ക് മുകളിലുള്ള ഭൗതികമായ ആകാശമോ കഅബാലയമോ അല്ല. ഇത് നമ്മുടെ ആത്മീയ പുരോഗതി പ്രതിനിധാനം ചെയ്യുന്നതും അതിന്റെ നില അടയാളപ്പെടുത്തുന്നതുമായ ഒരിടമാണ്. ആത്മീയ ലോകത്ത് ഒരാൾ തന്റെ അസ്തിത്വത്തെ ബലികഴിക്കാൻ തീരുമാനിച്ചാൽ അയാൾ ഒരു തരത്തിലുള്ള മരണത്തെ വരിക്കുകയാണ് ചെയ്യുന്നത്. തുടർന്ന് അയാൾ മറ്റൊരു ആത്മീയ ലോകത്ത് ഭൂജാതനാകുന്നു. അതായത് അത്തരം ത്യാഗത്തിലൂടെ ഇബ്രാഹിം നബി(അ) ചെയ്തത് പോലെ അയാൾ ഏഴാം ആകാശത്ത് ഇസ്‌ലാമിന്റെ സാക്ഷ്യത്തോടെ സ്വീകരിക്കപ്പെടാനുള്ള യോഗ്യത നേടുന്നു.

### കഅബാ പരിക്രമണം

കഅബയുടെ ചുറ്റുമുള്ള ഏഴ് തവണ വലം വെക്കൽ മനുഷ്യവംശത്തിന് വേണ്ടിയുള്ള നിഷ്ക്കളങ്കമായ ത്യാഗത്തെയാണ് സൂചിപ്പിക്കുന്നത്.

ഹദ്റത്ത് അബ്ദുൾഖാദിർ ജീലാനി(റഹ്) പറഞ്ഞതായി റിപ്പോർട്ട് ചെയ്യപ്പെടുന്നു: **'ഇസ്‌ലാമിലെ പണ്ഡിതന്മാർ കഅബയെ ചുറ്റുന്നു. എന്നാൽ കഅബ എന്നെയാണ് ചുറ്റുന്നത്'**. അദ്ദേഹം അർത്ഥമാക്കുന്നത്, മതപണ്ഡിതന്മാർ ആത്മത്യാഗത്തിലൂടെയും മതത്തിലൂടെയും ശ്രമിക്കുന്നത് ആത്മീയ ഉയർച്ചക്ക് വേണ്ടിയാണ്. പക്ഷേ കാലത്തിന്റെ ഇമാമിനെ അംഗീകരിക്കാത്തതിനാൽ ഈ അനുഗ്രഹം അവരിൽ നിന്നും തെന്നിമാറുകയാണ് ചെയ്യുന്നത്. സ്വർഗ്ഗവാതിലുകൾ തുറക്കുന്ന കാലത്തിന്റെ ഇമാമിനെ സ്വീകരിക്കാതെ ഈ അനുഗ്രഹം അവർക്ക് ലഭ്യമാകാതെ പോകുന്നു. ഹദ്റത്ത് മീർസാ ഗുലാം അഹ്മദ് ഖാദിയാനി (അ) അദ്ദേഹത്തിന്റെ ഒരു ഉറുദു കവിതയിൽ വിശുദ്ധ ഖുർആനെ പറ്റി പറയുന്നു:

**'എന്റെ ഹൃദയത്തിൽ സദാസമയവും ഒരു മോഹമുണ്ട്. നിന്റെ താളുകളിൽ മുത്തമിടുവാനും, നിനക്ക് ചുറ്റും പരിക്രമണം ചെയ്യാനുമാണത്. എനിക്ക് നീയാണ് കഅബ'**

ഈ വാക്കുകളിൽ സദാസമയവും ജനബഹുലമായ ബൈത്തുൽ മഅ്മൂറിലേക്കുള്ള പ്രയാണത്തിന് ആവശ്യമായ എല്ലാ അദ്ധ്യാപനങ്ങളും ഉപദേശങ്ങളും വിശുദ്ധ ഖുർആനിലുണ്ട് എന്ന സന്ദേശമാണ് ഉള്ളടങ്ങിയിരിക്കുന്നത്. ഖുർആനെ വലംവെക്കുന്ന ഒരാൾ പ്രവാചകനായ ഇബ്രാഹിം നബി (അ) ന്റെ ആത്മീയമായ ഉന്നത പദവി നേടണമെങ്കിൽ സ്ഥൈര്യവും ത്യാഗസന്നദ്ധതക്കുള്ള ശേഷി ആർജ്ജിക്കേണ്ടതുണ്ട്. കഅബ പുനർനിർമ്മിച്ച ഹദ്റത്ത് ഇബ്രാഹിം (അ) നബി മതത്തിന് വേണ്ടി നിരവധി ത്യാഗങ്ങൾ അനുഷ്ഠിച്ചിട്ടുണ്ട്, അദ്ദേഹത്തിന്റെ സ്വാർത്ഥലേശവുമില്ലാത്ത ത്യാഗവും ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കാനുള്ള സന്നദ്ധതയും അദ്ദേഹത്തെ ദൈവസാമീപ്യം നേടിയവനാക്കി. അദ്ദേഹത്തിന് 'ഖലീലുല്ലാഹ്' എന്ന നാമം നൽകപ്പെട്ടു. അന്ന് മുതൽ അദ്ദേഹത്തെ വിശ്വാസികളുടെ പ്രതിനിധിയാക്കുകയും കഅബത്തിലേക്കുള്ള വിളിയാളമാക്കി മാറ്റുകയും ചെയ്തു.

അറബിയിൽ ഏഴ് എന്നത് അനവധി എന്ന അർത്ഥമാണ് ദ്യോതിപ്പിക്കുന്നത്. ഓരോ ആളും നിർവ്വഹിക്കുന്ന എല്ലാ ഹജ്ജിലും ഏഴ് തവാഫുകൾ ഹദ്റത്ത് ഇബ്രാഹിമി(അ)ന്റെ ത്യാഗത്തെയും അദ്ദേഹം കടന്നുപോയ യാതനാനിർഭരമായ പരീക്ഷണങ്ങളെയുമാണ് അനുസ്മരിപ്പിക്കുന്നത്. ഏഴ് തവണ കഅബ ചുറ്റുമ്പോൾ ഹദ്റത്ത് ഇബ്രാഹിം (റ) ചെയ്തത് പോലെ ഹാജിമാർ തങ്ങളുടെ ത്യാഗസന്നദ്ധതയും ത്യാഗി ആയിത്തീരാനുള്ള ആഗ്രഹവുമാണ് സൂചിപ്പിക്കുന്നത്.

**'ഇബ്രാഹിമിനെ അദ്ദേഹത്തിന്റെ നാഥൻ ചില കൽപ്പനകൾ വഴി പരീക്ഷിച്ച സന്ദർഭം (ഓർക്കുക) അപ്പോൾ അദ്ദേഹം അവയെ പൂർത്തിയാക്കി. അവൻ (അല്ലാഹു) പറഞ്ഞു: ഞാൻ നിന്നെ ജനങ്ങൾക്ക് നേതാവാക്കുന്നു. അദ്ദേഹം പറഞ്ഞു: എന്റെ സന്തതികളിൽ നിന്നും (നേതാക്കന്മാരെ എഴുന്നേൽപ്പിക്കേണമേ) അവൻ പറഞ്ഞു: എന്റെ ഉടമ്പടി അധർമ്മികൾക്ക് ബാധകമാകില്ല.'** (2:125)

ഹദ്റത്ത് ഇബ്രാഹിംനബി(അ) പ്രാർത്ഥന സ്വീകരിച്ചു കൊണ്ട് നാഥനായ ദൈവം പറഞ്ഞു: ഈ കരാർ അതിക്രമകാരികൾക്ക് ബാധകമല്ല. അതിക്രമകാരികൾ അദ്ദേഹത്തിന്റെ വിളിക്ക് ഉത്തരം നൽകില്ല. ആ അക്രമകകാരികൾക്ക് പരീക്ഷണങ്ങളും പ്രയാസങ്ങളും അഭിമുഖീകരിച്ച് വിജയം വരിക്കാൻ സാദ്ധ്യമല്ല. ഭൗതികലോകത്തെ നിസ്സാരമായി കാണുകയും സ്ഥിരചിത്തരായി നിൽക്കുകയും സാത്വികത പുലർത്തുകയും ചെയ്യുന്ന ഹദ്റത്ത് ഇബ്രാഹിമിന്റെ പാത പിന്തുടരുന്നവർ പറയും:

**'ലബൈക്കലാഹുമ്മ ലബൈക്, ലാ ശരീക്കലക്ക ലബൈക്, ഇന്നൽ ഹംദ വന്നിഅ്മത ലക വൽ മുൽക്ക് ലാശരീക്കലക്.'**

**'നാഥാ ഞാനിതാ നിന്റെ അത്യുന്നതമായ സവിധത്തിൽ വന്നിരിക്കുന്നു. നിനക്ക് പങ്കുകാരനായി ആരുമില്ല. ഞാനിതാ എത്തിയിരിക്കുന്നു. തീർച്ചയായും എല്ലാ സ്തുതികളും നിനക്കാകുന്നു.**

ജ്ഞാന ശമനത്തിന്റെ ഈ ദിവ്യാമൃത് പ്രാവർത്തിക പഥത്തിലാക്കുമ്പോൾ ഒരാളുടെ ആത്മാവും ശരീരവും ശുദ്ധീകരിക്കപ്പെടുന്നു. ഇതാണ് ഹജ്ജിൽ ഹാജിമാർ സഫാ മർവാ കുന്നുകൾക്കിടയിൽ ഓടി അന്വേഷിക്കുന്നത്.

### അറഫാ സംഗമം

ഹജ്ജിന്റെ മറ്റൊരു പ്രധാന കർമ്മം അറഫയിൽ ഈദുൽ അസ്ഹായുടെ തലേന്ന് ദുൽ ഹജ്ജ് 9 നുള്ള ഒത്തുചേരലാണ്. ഹജ്ജിനെ ഉംറയിൽ നിന്നും വേർതിരിക്കുന്നതും ഈയൊരു കർമ്മമാണ്. നേരത്തെ വിശദീകരിച്ചത് പോലെ ഇസ്‌ലാമിന്റെ പ്രഖ്യാപനവും പ്രചാരണവും അതിന്റെ ആധുനിക രൂപത്തിൽ സഫായിൽ ആരംഭിക്കുകയും സമാപനം ദുൽ ഹജ്ജ് 9ന് അറഫയിൽ സമ്മേളിക്കുന്നതോടെ സമാപിക്കുന്നതുമാണ്. റസൂൽ തിരുമേനി(സ) ഒരു ലക്ഷത്തിലധികം വിശ്വാസികളെ അഭിസംബോധനം ചെയ്തു കൊണ്ട് ഹജ്ജത്തുൽ വിദാഅ് എന്ന പേരിൽ യുഗപ്രധാനമായ ഒരു പ്രഭാഷണം നടത്തുകയുണ്ടായി. ഒരു വിശ്വാസിയുടെ എല്ലാസ്വഭാവ സവിശേഷതകളും അതിൽ പ്രതിപാദിക്കുകയുണ്ടായി. മറ്റുള്ളവരോട് കുടുബത്തിലെ ഓരോ അംഗത്തോടും അതായത് മാതാപിതാക്കന്മാർ, സന്താനങ്ങൾ, അയൽപക്കക്കാർ വഴിയാത്രക്കാർ മുതലായവരോട് ഒരു വിശ്വാസി എങ്ങനെ പെരുമാറണമെന്ന് ആ പ്രഭാഷണത്തിൽ റസൂൽ തിരുമേനി(സ) വിവരിക്കുകയുണ്ടായി. വിശ്വാസികളോട് അവർക്ക് ദൈവത്തോടും സമൂഹത്തോടുമുള്ള പ്രതിബദ്ധതയെ പറ്റി ഓർമ്മിപ്പിക്കുകയുണ്ടായി. പ്രഭാഷണം ഉപസംഹരിച്ച് കൊണ്ട് അവിടുന്ന് വിശ്വാസികളോടായി ചോദിച്ചു: **'ഞാൻ അല്ലാഹുവിനോടും നിങ്ങളോടുമുള്ള എന്റെ കർത്തവ്യങ്ങളെല്ലാം നിർവ്വഹിച്ചില്ലേ.?'** മറുപടിയായി അവർ പ്രതികരിച്ചു: **'അല്ലാഹു വിന്റെ ദൂതരേ അതെ** എല്ലാവർക്കും പ്രവാചകത്വം ലഭിക്കുന്നത് ഇവിടെ നിന്നാണ്.

അതേ മലയുടെ അടിവാരത്തിൽ നിന്നു കൊണ്ടാണ് പ്രവാചകൻ അദ്ദേഹത്തിന്റെ കുടുംബത്തെയും സുഹൃത്തുക്കളേയും അഭിസംബോധന ചെയ്തു കൊണ്ട് പറഞ്ഞു: **'ഈ മലയുടെ അപ്പുറത്ത് നിന്ന് നിങ്ങളെ അക്രമിക്കാൻ ഒരു സൈന്യം വരുന്നുവെന്ന് ഞാൻ പറഞ്ഞാൽ എന്തായിരിക്കും നിങ്ങളുടെ പ്രതികരണം? അവർ മറുപടി പറഞ്ഞു: ഞങ്ങൾക്ക് നിന്നെ ചെറുപ്പം മുതൽക്കേ അറിയാം നീ സത്യമല്ലാതെ സംസാരിക്കാറില്ല. അതുകൊണ്ട് നിന്റെ വാക്കുകൾ ഞങ്ങൾ സത്യമായി മാത്രമേ പരിഗണിക്കൂ. അവിടുന്ന് പറഞ്ഞു: എങ്കിൽ നിങ്ങൾ അറിയുക എന്നെ അല്ലാഹു അവന്റെ ദൂതനായി തിരഞ്ഞെടുത്തിരിക്കുന്നു.'**

ഈ താഴ്‌വരയിലാണ് ലോകത്തിന്റെ ആത്മീയ ദാഹശമനത്തിനായി ജലം ഉപരിതലത്തിലേക്ക് തള്ളി വന്നത്. ഈ താഴ്‌വരയിലാണ് മനുഷ്യ വംശത്തിലെ അഗ്രഗാമികളായ പ്രവാചകന്മാരും എറ്റവും സമുന്നത സ്ഥാനീയരായ പ്രവാചകന്മാരും അവരുടെ പ്രവാചകത്വം പ്രഖ്യാപിക്കാനായി വന്നത്. അതുകൊണ്ടാണ് ഈ താഴ്‌വരയിൽ ഹാജിമാർ ഒരു തുള്ളി ആത്മീയ ജലത്തിന് വേണ്ടി അങ്ങോട്ടും ഇങ്ങോട്ടും ഓടുന്നത്.

ഹദ്റത്ത് അഹ്മദ് (അ) ഒരു അറബി കവിതയിൽ പറയുന്നു:

**'അല്ലാഹുവിന്റെ ജ്ഞാനവും അനുഗ്രഹവും ലഭിച്ചവനെ**

**ആളുകൾ നിന്റെയടുത്തേക്ക് ദാഹാർത്ഥരായ് ഓടിവരും**

**അല്ലയോ അല്ലാഹുവിന്റെ അനുഗ്രപരാവാരമേ**

**മനുഷ്യർ ദാഹശമനത്തിന്നായി നിന്റെ അടുത്തേക്ക് ഓടി വരുന്നു'.**

**രാജാധികാരം നിനക്കുള്ളതാകുന്നു. നിനക്ക് പങ്കുകാരനായി ആരുമില്ല.'**

### സഫാമർവാക്കിടയിലെ സഈ

അങ്ങനെ ഏഴ് പരിക്രമണങ്ങൾ ഈ പ്രയാണത്തെ പ്രതിനിധീകരിക്കുന്നു. അടുത്ത അനുഷ്ഠാനം സഈ ആണ്. സഫാ മർവ്വാ എന്നീ രണ്ട് കുന്നുകൾക്കിടയിലുള്ള ഓട്ടമാണ് ഖുർആൻ പറയുന്നു:

**'നിശ്ചയമായും സഫായും മർവായും അല്ലാഹുവിന്റെ ചിഹ്നങ്ങളിൽപ്പെട്ടവയാണ്. അത്കൊണ്ട് വല്ലവനും ആ മന്ദിരത്തിൽ ചെന്ന് ഹജ്ജോ ഉംറയോ നിർവ്വഹിക്കുന്നുവെങ്കിൽ അപ്പോൾ അവയ്ക്കിടയിൽ പ്രദക്ഷിണം ചെയ്യുന്നതിൽ അവന് കുറ്റമൊന്നുമില്ല. ആരെങ്കിലും സ്വമേധയാ നന്മചെയ്യുന്നുവെങ്കിൽ നിശ്ചയമായും അല്ലാഹു അതിനെ വിലമതിക്കുന്നവനും നന്നായി അറിയുന്നവനുമാണ്'(2: 159)**

ആഹരിക്കാൻ യാതൊരു വിഭവങ്ങളും ഇല്ലാത്ത നിലയിൽ മരുഭൂമിയിൽ കൈകുഞ്ഞുമായി ഉപേക്ഷിക്കപ്പെട്ടതിന് ശേഷം ഹദ്റത്ത് ഹാജറയുടെ അനുഭവങ്ങളാണ് സാധാരണ ഗതിയിൽ സഈ അനുഷ്ഠാനം വിവരിക്കപ്പെടുന്നത്. ജലമന്വേഷഷിച്ച് ഹദ്റത്ത് ഹാജറയുടെ പരിഭ്രമിച്ചുകൊണ്ടുള്ള ഓട്ടത്തെയാണ് ഇത് അനുസ്മരിപ്പിക്കപ്പെടുന്നതാണ് വിവരണം. ഈ വിശദീകരണത്തിൽ ഹജ്ജിന്റെ ആത്മീയമായ നേട്ടം കാണിക്കുന്നില്ല.

വിശുദ്ധ ഖുർആൻ പറയുന്നത് ഈ സ്ഥലങ്ങൾ അല്ലാഹുവിന്റെ ചിഹ്നങ്ങൾ ആണെന്നാണ്. സഫാ എന്നത് ഹദ്റത്ത് ആദമിന് പ്രവാചകത്വം ലഭിച്ചതിന് അടുത്തുള്ള സ്ഥലമാണെന്ന് കരുതപ്പെടുന്നു. പരിശുദ്ധമായത് എന്നാണ് സഫാ എന്ന പേരിന്നർത്ഥം. ഹദ്റത്ത് ഇബ്രാഹിം(അ), ഹദ്റത്ത് ഇസ്മായീൽ(അ), ഹദ്റത്ത് മുഹമ്മദ് (സ)

**തീർച്ചയായും'** പ്രവാചകൻ തന്റെ ഉപദേശം തുടർന്നു ഇവിടെ കൂടിയിരിക്കുന്നവർ ഇവിടെ ഹാജരാവാത്തവർക്ക് ഈ സന്ദേശമെത്തിക്കുക. ഞാൻ അവർക്ക് രണ്ട് കാര്യങ്ങളാണ് വിട്ടേച്ച് പോകുന്നത്. അല്ലാഹുവിന്റെ വചനവും, സുന്നതുമാണ്. അല്ലാഹു വിശുദ്ധ ഖുർആനിൽ വിവരിച്ച സ്വഭാവവും പെരുമാറ്റവും തന്റെ ജീവിതത്തിലൂടെയാണ് റസൂൽ തിരുമേനി(സ) പ്രാവർത്തികമാക്കിയത്. അവിടുത്തെ ജീവിതം മാതൃകയാക്കികൊണ്ട് ഹാജിമാർ അതിനെ പിന്തുടരുക.

ആ വിശുദ്ധ ദിനത്തിൽ റസൂൽ തുരുമേനി(സ) നൽകിയ ഉപദേശങ്ങൾ സ്മരിക്കാനും തന്റെ ജീവിതത്തിൽ അത് ക്രിയാത്മകമായ മാറ്റങ്ങൾ വരുത്തി സജീവ മാതൃകയാവാനും ഹാജിമാർക്ക് ബാദ്ധ്യതയുണ്ട്. ഇതാണ് അറഫാ സമ്മേളനത്തിനുപിന്നിലെ തത്വശാസ്തം.

## ജംറയിലെ കല്ലേറ്

അറഫാ സമ്മേളനത്തിന് ശേഷം കല്ലെറിയാനും മൃഗബലിക്കും വേണ്ടി വരുന്നു. കല്ല് മൂന്ന് സ്ഥലത്താണ് എറിയുക. ഹാജിമാർ മുസ്ദലിഫയിൽ ഒരു രാത്രി രാപ്പാർക്കുന്നു. അവിടെ നിന്നും അവർ ജംറത്തുൽ ഊലാ, ജുംറത്തുൽ ഉസ്താ, ജംറത്തുൽ അഖബാ എന്നീ മൂന്ന് സ്ഥങ്ങളിൽ ഓരോ സ്ഥലത്ത് നിന്നും 7 കല്ലുകൾ വീതം ശേഖരിച്ച് എറിയുന്നു.

കല്ലെറിയുന്നതിനെ സംബന്ധിച്ച പൊതു വിശദീകരണം മകനെ ബലികഴിക്കുന്നതിൽ നിന്നും ഹദ്റത്ത് ഇബ്രാഹി(അ)മിനെ പിന്തിരിപ്പിക്കാൻ ശ്രമിച്ച പിശാചിനെ ലക്ഷ്യം വെച്ചു കൊണ്ടുള്ളതാണ് ഈ കല്ലേറ് എന്നാണ്. അറഫയിൽ വെച് നൽകാനുദ്ദേശിച്ച പുത്രബലിക്ക് എന്തിനാണ് മീനയിൽ വെച്ച് കല്ലെറിയുന്നത് എന്ന ചോദ്യത്തിന് ഉത്തരമില്ല. മാത്രമല്ല എങ്ങിനെയാണ് ഹജ്ജിന്റെ ആത്മീയതയെ ഇത് പരിപോഷിപ്പിക്കുന്നത് ?

വിശുദ്ധ ഖുർആൻ പറയുന്നു:

**'മനുഷ്യർക്ക് സ്ത്രീകൾ, സന്താനങ്ങൾ, സ്വർണ്ണത്തിന്റെയും വെള്ളിയുടെയും കൂമ്പാരങ്ങൾ, മേത്തരം കുതിരകൾ, കന്നുകാലികൾ, കൃഷിഭൂമികൾ എന്നീ ഇഷ്ടവസ്തുക്കളോടുള്ള സ്നേഹം ആകർഷകമാക്കപ്പെട്ടിരിക്കുന്നു. ഇവയെല്ലാം ഐഹിക ജീവിതത്തിന്റെ സുഖോപകരണങ്ങൾ മാത്രമാണ്. അല്ലാഹുവിന്റെ അടുക്കലാണ് ഏറ്റവും നല്ല സങ്കേതം സ്ഥിതി ചെയ്യുന്നത്. പറയുക. ഇവയേക്കാൾ ഉത്തമമായത് ഞാൻ നിങ്ങൾക്ക് പറഞ്ഞുതരട്ടെയോ. സൂക്ഷ്മത പാലിക്കുന്നവർക്ക് നാഥന്റെയടുക്കൽ താഴോരത്തു കൂടി അരുവികൾ ഒഴുകുന്ന ഉദ്യാനങ്ങൾ ഉണ്ട് അതിൽ അവർ നിത്യ വാസികളായിരിക്കും. (മാത്രമല്ല) പരിശുദ്ധരായ ഇണകളും അല്ലാഹുവിൽ നിന്നുള്ള തൃപ്തിയും അവർക്കുണ്ട്. അല്ലാഹു അവന്റെ ദാസന്മാരുടെ സ്ഥിതിഗതികൾ നല്ലത്പോലെ കണ്ടുകൊണ്ടിരിക്കുന്നവനാണ്. (3:15,16)**

മേൽ വചനങ്ങളിൽ പ്രതിപാദിച്ച 7 ബന്ധനങ്ങൾ മനുഷ്യനെ ഈ ലോകവുമായി ബന്ധിച്ചു നിർത്തുന്നു. അവന്റെ ഇണ, സന്താനങ്ങൾ, സ്വർണ്ണ കൂമ്പരങ്ങൾ, (ആഭരണങ്ങൾ, സമ്പത്ത്) വെള്ളി കൂമ്പാരങ്ങൾ (പണം) കുതിരകൾ (വാഹനങ്ങൾ) കന്നുകാലികൾ (വാണിജ്യം) ധാന്യങ്ങൾ (കൃഷി) എന്നിവയാണവ. ഇവയെല്ലാം ഭൗതിക ലോകത്തെ സുന്ദരമാക്കുന്ന വിഭവങ്ങൾ മാത്രമാണെന്നും പരലോക ജീവിതമാണ് ഏറ്റവും മികച്ചത് എന്ന് അല്ലാഹു ചൂണ്ടിക്കാട്ടുകയും ചെയ്യുന്നു.

വിശുദ്ധ ഖുർആൻ വീണ്ടും പറയുന്നു:

**'പറയുക: നിങ്ങളുടെ മാതാപിതാക്കളും നിങ്ങളുടെ സന്താനങ്ങളും നിങ്ങളുടെ സഹോദരങ്ങളും നിങ്ങളുടെ ഇണകളും (ഭാര്യ അല്ലെങ്കിൽ ഭർത്താവ് ) നിങ്ങളുടെ ബന്ധുക്കളും നിങ്ങൾ സമ്പാദിച്ചിട്ടുള്ള ധനവും, മാന്ദ്യം സംഭവിക്കുമെന്ന് നിങ്ങൾ ഭയപ്പെടുന്ന നിങ്ങളുടെ കച്ചവടവും നിങ്ങൾ ഇഷ്ടപ്പെടുന്ന നിങ്ങളുടെ ഭവനങ്ങളും (ഇതെല്ലാം) അല്ലാഹുവിനെക്കാളും അവന്റെ ദൂതനെക്കാളും അവന്റെ മാർഗ്ഗത്തിൽ കഠിനാദ്ധ്വാനം ചെയ്യുന്നതിനെക്കാളും നിങ്ങൾക്ക് കൂടുതൽ പ്രിയങ്കരമാണെങ്കിൽ അല്ലാഹു തന്റെ കൽപ്പന നടപ്പിൽ വരുത്തുന്നത് വരെ നിങ്ങൾ കാത്തിരിക്കുക. ആജ്ഞാ ലംഘകരായ ജനതയെ അല്ലാഹു നേർവഴിയിലാക്കുകയില്ല.'(9:24)**

അല്ലാഹുവിനെ ഭയപ്പെടുന്നവർക്ക് വസിക്കാൻ പൂങ്കാവനങ്ങളുണ്ട്. അക്കൂട്ടർ അല്ലാഹുവിന്റെ സ്നേഹം ലഭിക്കാൻ തങ്ങളുടെ ഭൗതിക തൃഷ്ണകൾ ഉപേക്ഷിക്കാൻ തയ്യാറാവുന്നു. ഈ പരിവർജനത്തിന്റെ അടയാളങ്ങളാണ് ഹജ്ജിലെ 7 കല്ലേറുകൾ. അവയോരോന്നും ഈ ഭൗമികമായ പരിരംഭണത്തിന്റെ മേൽ പറഞ്ഞ 7 പ്രതീകങ്ങളാണ്. അവൻ ഭൗമികമായ ഒരു കഷണം കല്ലെടുത്തെറിയുമ്പോൾ അവർ പ്രഘോഷിക്കുന്നത് ത്യാഗത്തിന്റെ മഹത്തായ വിളംബരമാണ്. **'ലബൈക്കലാഹുമ്മ ലബൈക്, ലാ ശരീക്കലക്ക ലബൈക്. ഇന്നൽ ഹംദ വന്നിഅ്മത ലക വൽ മുൽക്ക് ലാശരീക്കലക്.'**

**'നാഥാ ഞാനിതാ നിന്റെ അത്യുന്നതമായ സവിധത്തിൽ വന്നിരിക്കുന്നു. നിനക്ക് പങ്കുകാരനായി ആരുമില്ല. ഞാനിതാ എത്തിയിരിക്കുന്നു. തീർച്ചയായും എല്ലാ സ്തുതികളും നിനക്കാകുന്നു. രാജാധികാരം നിനക്കുള്ളതാകുന്നു. നിനക്ക് പങ്കുകാരനായി ആരുമില്ല.'**

## മൃഗബലി

അവസാനത്തെ ചടങ്ങ് മൃഗബലിയാണ്. വിശുദ്ധ ഖുർആൻ പറയുന്നു:

**'ബലി അർപ്പിക്കാനുള്ള ഒട്ടകങ്ങളെ നാം നിങ്ങൾക്ക് അല്ലാഹുവിന്റെ ചിഹ്നങ്ങളിൽ ഉൾപ്പെടു**

**ത്തിയിരിക്കുന്നു. നിങ്ങൾക്കതിൽ നന്മയുണ്ട്. നിങ്ങൾ അവയെ അണികളായി നിറുത്തിക്കൊണ്ട് അവയുടെ മേൽ അല്ലാഹുവിന്റെ നാമം ഉച്ചരിക്കുക. അങ്ങനെ അവയുടെ പാർശ്വങ്ങൾ നിലത്ത് വീണു കഴിഞ്ഞാൽ നിങ്ങൾ അവയുടെ (മാംസത്തിൽ) നിന്ന് ഭക്ഷിച്ചു കൊള്ളുക. ഉള്ളതിൽ സ്വയം തൃപ്തികണ്ടെത്തുന്നവരെയും ദാരിദ്ര്യം വെളിപ്പെടുത്തുന്നവരെയും ഭക്ഷിപ്പിക്കുകയും ചെയ്യുക. ഇപ്രകാരം നാം അവയെ നിങ്ങൾക്ക് കീഴ്പ്പെടുത്തിതന്നിരിക്കുന്നു. നിങ്ങൾ നന്ദികാണിക്കാൻ വേണ്ടി.**

**അവയുടെ മാംസമോ രക്തമോ അല്ലാഹുവിന് ഒരിക്കലും എത്തുകയില്ല. പക്ഷേ നിങ്ങളുടെ ഹൃദയഭക്തിയാണ് അവനെത്തുന്നത്. ഇപ്രകാരം അവൻ അവയെ നിങ്ങൾക്ക് അധീനപ്പെടുത്തിത്തന്നിരിക്കുന്നു. അല്ലാഹു നിങ്ങൾക്ക് നേർമാർഗ്ഗം കാണിച്ചു തന്നത് നിമിത്തം നിങ്ങളവനെ മഹത്വപ്പെടുത്തുന്നതിന് വേണ്ടി. സദ്വൃത്തന്മാരെ നീ സന്തോഷവാർത്ത അറിയിക്കുക'** (22:37, 38)

ഹജ്ജിന്റെ മുൻ അനുഷ്ഠാനങ്ങളെ പൂർണ്ണതയിലെത്തിക്കുന്നതാണ് മൃഗബലി. ഹാജി സ്വയം ബലിയായി തീരാനുള്ള സന്നദ്ധതയാണ് മൃഗബലിയിലൂടെ പ്രകടമാക്കുന്നത്. വിശ്വാസി മിണ്ടാപ്രാണിയായ ബലിമൃഗം പോലെ തന്റെ രക്തം ദൈവത്തിന് വേണ്ടി ചിന്തുവാൻ നിസ്സങ്കോചം അനുസരണയോടെ സന്നദ്ധനായിരിക്കണം. പ്രിയംങ്കരമെന്ന് നാം കരുതുന്ന ജീവിതം തന്നെ അന്യർക്ക് വേണ്ടി ത്യജിക്കുക. ഒരു മൃഗം മനുഷ്യന്റെ ക്ഷേമത്തിന് വേണ്ടി ബലിയാവുന്നത് പോലെ ഹാജിമാർ ത്യാഗത്തിന് തയ്യാറാവണം. ഭൂമിയിലെ മനുഷ്യജീവിതം ക്ഷേമകരമാക്കുവാനും ദൈവത്തിലേക്ക് മനുഷ്യവംശം മുന്നേറാനുമുള്ള നേർച്ചയാണ് ബലി. മൃഗബലിയോടുകൂടി ഇഹ്റാം സമാപിക്കുന്നു.

റസൂൽ തിരുമേനി (സ) പറഞ്ഞു: **'ഒരു ഹാജി ഹജ്ജ് അതിന്റെ യഥാർത്ഥ അർത്ഥത്തിൽ മനസ്സിലാക്കി പൂർത്തിയാക്കി പുറത്ത് വന്നാൽ ഒരു നവജാതശിശുവിനെ പോലെ പരിശുദ്ധനും സംമ്പൂർണ്ണനുമായിരിക്കും'** ഹജ്ജിന്റെ യഥാർത്ഥ ഉദ്ദേശം മനസ്സിലാക്കിയവർക്ക് അതിന്റെ പുണ്യമുണ്ട്. ഹജ്ജിന്റെ പൂർണ്ണാർത്ഥത്തിൽ നിർവ്വഹിക്കുന്നവർ അല്ലാഹുവിന്റെ അനുഗ്രഹത്തിന് പാത്രമാവുന്നു.

എല്ലാ അർത്ഥത്തിലും അല്ലാഹു സ്വീകരിക്കുന്ന ഹജ്ജ് നിർവ്വഹിക്കാനുള്ള ഭാഗ്യം നമുക്ക് നൽകുമാറാകട്ടെ. (ആമീൻ)

**പേജ് 9 ൽ നിന്ന് തുടർച്ച**

ളുടെ പങ്ക് വഹിക്കാൻ കഴിയുന്നുമില്ലെങ്കിൽ, കുട്ടികൾ ഈ ത്യാഗത്തിന് ഒരിക്കലും തയ്യാറാകുകയില്ല.

അതിനാൽ, ഈ അർത്ഥത്തിൽ, വഖ്ഫ് ചെയ്ത കുട്ടികളുടെ മാതാപിതാക്കളും കുട്ടികളെ സമർപ്പിക്കാൻ ആഗ്രഹിക്കുന്ന മാതാപിതാക്കളും തങ്ങൾക്ക് ഈ നിലവാരം കൈവരിക്കാൻ സാധിക്കുന്നുണ്ടോ എന്ന് സ്വയം വിലയിരുത്തേണ്ടതാണ്. അതുപോലെ, ഇപ്പോൾ യുവത്വത്തിലേക്ക് എത്തിയിട്ടുള്ള വഖ്ഫെ നൗ കുട്ടികൾ ശ്രദ്ധിക്കേണ്ടത് നമ്മുടെ വിശ്വസ്തതയുടെയും ത്യാഗത്തിന്റെയും ഗുണനിലവാരം എങ്ങനെ വർധിപ്പിക്കാം എന്നതിനെക്കുറിച്ചാണ്. അല്ലാതെ നമ്മുടെ വീടിന്റെ ചിലവ് എങ്ങനെ കൈകാര്യം ചെയ്യും എന്നല്ല. നിങ്ങൾ അല്ലാഹുവിൽ ഭരമേൽപിക്കുകയും ഭക്തിയിൽ മുന്നേറുകയും ചെയ്താൽ, അല്ലാഹു സ്വയം നിങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതാണ്. അതിനാൽ, ഈ സമയത്ത് ജമാഅത്തിന്റെ സേവനത്തിൽ വന്നിട്ടുള്ള വഖ്ഫെ നൗ അംഗങ്ങളും തങ്ങളിൽ ഇസ്മാഈലീ ഗുണങ്ങൾ വളർത്തിയെടുക്കേണ്ടതാണ്. അപ്പോൾ അല്ലാഹു അവർക്ക് നന്മയുടെയും പുരോഗതിയുടെയും പാതകൾ തുറന്നുകൊണ്ടിരിക്കുന്നതാണ്. മാതാപിതാക്കൾക്ക് അവരുടെ കടമകൾ നിറവേറ്റാനും വഖ്ഫെ നൗ കുട്ടികൾക്ക് അവരുടെ വഖ്ഫിന്റെ ഉത്തരവാദിത്തങ്ങൾ മനസ്സിലാക്കിക്കൊണ്ട് അല്ലാഹുവിൽ ഭരമേൽപ്പിച്ചുകൊണ്ട് മതത്തിന് വേണ്ടി ത്യാഗം ചെയ്യാനും അല്ലാഹു തആല അവസരം നൽകട്ടെ. കൂടുതൽ വിദ്യാസമ്പന്നരാകുന്നതിലൂടെ, അവർ ഭൗതികലോകത്തിൽ മുങ്ങിപ്പോകുന്നവർ ആകാതിരിക്കട്ടെ. മറിച്ച് മതത്തിന് മുൻഗണന നൽകി, വഖ്ഫിന്റെ പ്രതിജ്ഞ നിറവേറ്റിക്കൊണ്ട് അവർ തങ്ങളുടെ സേവനങ്ങൾ വിശ്വസ്തതയോടെ സമർപ്പിക്കുന്നവർ ആയിത്തീരട്ടെ. അല്ലാഹു അതിന് ഭാഗ്യം നൽകി അനുഗ്രഹിക്കട്ടെ.

ദൈവമാർഗത്തിൽ തടവിലാക്കപ്പെട്ടവർക്കുവേണ്ടിയും അവരുടെ ഭാര്യാമക്കൾക്കുവേണ്ടിയും ശുഹദാക്കളുടെ മക്കൾക്കുവേണ്ടിയും എല്ലാ വാഖിഫീനുവേണ്ടിയും ഒപ്പം ഓരോ അഹ്മദിയും ഭക്തിയിൽ മുന്നേറാനും പരസ്പരം ഉയർന്ന നിലവാരമുള്ള വിശ്വസ്തത സ്ഥാപിക്കുന്നവരാകാനും ദുആ ചെയ്യുക. സാമ്പത്തിക ത്യാഗം ചെയ്യുന്നവരും സമയത്തെ ത്യാഗം ചെയ്യുന്നവരും ഉൾപ്പെടെ എല്ലാത്തരം ത്യാഗങ്ങൾ ചെയ്യുന്നവർക്കും ദുആ ചെയ്യുക. അല്ലാഹു അവർക്കെല്ലാം മികച്ച പ്രതി ഫലം നൽകട്ടെ.

ദുആക്ക് മുമ്പ് ഞാൻ എല്ലാവരോടും ഈദ് മുബാറക്ക് പറയുകയാണ്. അല്ലാഹു ഈദ് ദിനത്തിൽ എല്ലാവരേയും എല്ലാവിധത്തിലും അനുഗ്രഹിക്കട്ടെ, യഥാർഥ നിലയിൽ അല്ലാഹുവിന്റെ കൃപയ്ക്ക് നാം അർഹരായിത്തീരട്ടെ. അല്ലാഹു നമ്മുടെ എത്ര ചെറിയ ത്യാഗങ്ങളേയും പരിശ്രമങ്ങളേയും സ്വീകരിക്കുകയും അവന്റെ തൃപ്തിയുടെ മാർഗങ്ങളിൽ നമ്മെ നയിക്കുകയും ചെയ്യട്ടെ.

# ക്രിസ്ത്യാനികളുടെ യഥാർത്ഥ നാമമെന്ത്?

യേശുവിന്റെ അനുയായികളെ അന്തിയോക്യയിൽ വെച്ച് തെല്ല് അവജ്ഞയോടെ വിളിച്ച പേരാണ് ക്രിസ്ത്യാനികൾ എന്നത്. യേശുവോ യേശുവിന്റെ അപ്പോസ്തലന്മാരോ തങ്ങളുടെ അനുയായികളെ ക്രിസ്ത്യാനികൾ എന്ന് വിളിച്ചിട്ടില്ല. നസാറായ മതക്കാർ നസ്റീൻ വ്രതക്കാർ എന്നിങ്ങനെയുള്ള പേരുകളാണ് വിശുദ്ധ ബൈബിളിലുള്ളത്. ആയിരത്തി നാനൂറ് വർഷമായി വിശുദ്ധ ഖുർആനും യേശുവിന്റെ അനുയായികളെ തദനുസൃതമായി നസാറാക്കൾ എന്നാണ് വിളിക്കുന്നത്. യേശുവിനെ ജീവിതകാലം മുഴുവൻ ദ്രോഹിക്കുകയും റോമൻ ആഭിമുഖ്യം പ്രകടിപ്പിക്കുകയും ചെയ്ത പൗലോസാണ് ക്രിസ്ത്യാനികളെ അങ്ങനെ വിളിച്ചത്.

എ. എം. മുഹമ്മദ് സലീം

യേശുവിനെയും അദ്ദേഹത്തിന്റെ അനുയായികളെയും മത പ്രസ്ഥാനത്തേയും ബൈബിളും വിശുദ്ധ ഖുർആനും പല പേരുകളിൽ വിളിക്കുകയും വിശേഷിപ്പിക്കുകയും ചെയ്യുന്നു. യേശുവിന്റെ അനുയായികൾ വ്യാപകമായി ഇപ്പോൾ അറിയപ്പെടുന്നത് ക്രിസ്ത്യാനികൾ എന്ന പേരിലാണ്. വാസ്തവത്തിൽ യേശു സ്വന്തം അനുയായികളെ ഒരിക്കലും ക്രിസ്ത്യാനികൾ എന്ന നാമത്തിൽ വിളിച്ചിട്ടില്ല. യേശുവിന്റെ അനുയായികളുടെ ആദ്യത്തെ വിളിപ്പേര് നസാറാക്കൾ എന്നായിരുന്നു എന്ന് ബൈബിൾ പുതിയ നിയമം സാക്ഷ്യം വഹിക്കുന്നു. നസാറാക്കൾ, നാസീർ വ്രതക്കാർ, നസ്റാണികൾ, നസറേത്തുകാർ എന്നീ സമാന നാമശബ്ദങ്ങളിൽ യേശുവിന്റെ അനുയായികൾ അറിയപ്പെട്ടിരുന്നതായി കാണാം. തീർച്ചയായും ഈ നാമപദങ്ങൾക്കെല്ലാം നിരുക്തവും നിഷ്പത്തിയും തദനുസ്തൃതമായ ചരിത്രവുമുണ്ട്. യേശു പ്രബോധിച്ച തനത് യഹൂദ പാരമ്പര്യത്തിൽ അറിയപ്പെട്ട മതനാമം 'നസാറായ മതം' എന്നാണ്. യേശുവിന്ന് ശേഷം 5 നൂറ്റാണ്ടുകഴിഞ്ഞ് അവതരിച്ച വിശുദ്ധ ഖുർആനും സമാന ശബ്ദരൂപത്തിൽ 'നസാറാക്കൾ' എന്ന പേരിലാണ് ക്രിസ്ത്യാനികളെ വിളിക്കുന്നത്. ഈ സമാന ശബ്ദ രൂപങ്ങളുള്ള നാമങ്ങൾ ക്രമേണ ഇല്ലാതാവുകയും റോമൻവത്കൃതമായ ക്രിസ്ത്യാനികൾ എന്ന പേര് പ്രബലപ്പെടുകയുമാണ് ചെയ്തത്. മാത്രമല്ല നസാറാ എന്ന പദം അപകീർത്തികരമാണെന്ന് വരെ ചില ക്രിസ്ത്യൻ തീവ്രവാദ പണ്ഡിതന്മാർ വാദിക്കുകയും ചെയ്യുന്നു. ശ്രദ്ധേയമായ കാര്യം യേശുവിന്റെ സന്തത സഹചാരിയും പ്രിയശിഷ്യനുമായ തോമാശ്ലീഹ മാർഗ്ഗം കൂട്ടിയ പ്രാക്തന വിശുദ്ധിയുള്ള കേരളത്തിലെ പുരാതന കാലത്തെ യഹൂദരായ യേശുവിന്റെ അനുയായികളും നസ്രാണികൾ എന്ന് സ്വയം അഭിമാനപൂർവ്വം തങ്ങളുടെ മതസത്വം വെളിപ്പെടുത്തിയവരും കഴിഞ്ഞ നൂറ്റാണ്ട് വരെ ആ നാമത്തിൽ കേരളത്തിൽ അറിയപ്പെട്ടവരുമാണ്. പിൽക്കാലത്തുണ്ടായ റോമൻവത്ക്കരണത്തിന്ന് ശേഷം ക്രമേണ നസറാണികൾ എന്ന പ്രയോഗം അവരും ഉപേക്ഷിച്ചു വരുന്നതായി കാണുന്നു.

യേശുവിനെ ക്രിസ്തു എന്ന വിശേഷണ പദം ചേർത്ത് അദ്ദേഹത്തിന്റെ അനുയായികൾ ക്രിസ്ത്യാനികൾ എന്നാണ് അറിയപ്പെടുന്നത്. രക്ഷകൻ എന്ന അർത്ഥം വരുന്ന **യേശു** എന്നത് സംജ്ഞാനാമവും, അഭിഷിക്തൻ എന്ന അർത്ഥമുള്ള **മിശിഹാ** എന്ന പദം വിശേഷണവുമാണ്. പണ്ട് കാലത്ത് രാജാക്കന്മാരെയും പുരോഹിതന്മാരെയും വാഴിക്കുന്നത് അഭിഷേക (സ്നാനം) ക്രിയ ചെയ്തിട്ടാണ്. ഈ രണ്ട് അരമായ പദങ്ങൾ സമാസിച്ചാണ് **യേശു മിശിഹാ** (രക്ഷകനായ അഭിഷിക്തൻ) എന്ന് പിൽക്കാലത്ത് യേശു അറിയപ്പെട്ടത്. യേശുമിശിഹായുടെ ഗ്രീക്ക് രൂപമാണ് **യേസൂസ് ക്രിസ്തോസ്** (Jesus

Cristos). ലാറ്റിൻ രൂപം **യേസൂസ് ക്രിസ്തൂസ്** (Jesus Christus) എന്നും ഇംഗ്ലീഷിൽ **ജീസസ് ക്രൈസ്റ്റ്** (Jesus Christ) എന്നുമാണ്. യേശുവിന്ന് **നസ്രായനായ യേശു** (Jesus the Nazarene) എന്നും **നസ്രേത്തുകാരനായ യേശു** (Jesus of Nazareth) എന്നും വിളിപ്പേരുണ്ടായിരുന്നു എന്ന് ബൈബിൾ പുതിയ നിയമത്തിൽ നിരവധി വചനങ്ങളിൽ തെളിഞ്ഞു കാണാം. ഏതായാലും ഈ നാമത്തിന്റെ ശബ്ദോൽപ്പത്തി സ്ഥലപരമായ വിശേഷണമായും മതപരമായ വിശേഷണമായും രണ്ട് രൂപത്തിലും ഉപയോഗിച്ചതായി കാണാം.

## യേശുവിന്റെ ജന്മദേശം: നസറേത്തോ ബെത്‌ലഹേമോ?

യേശു ബാല്യകാലത്ത് വസിച്ചത് ഇസ്റയേലിന്റെ വടക്കേയറ്റത്തുള്ള ഗലീലിയിലെ നസറേത്ത് എന്നാണെന്ന് ബൈബിളിൽ നിരവധി സാക്ഷ്യങ്ങളുണ്ട് (മത്താ 2:23 ലൂക്കോ: 2:39). ജെറുസലേമിൽ നിന്നും 7 കിലോ മീറ്റർ അടുത്താണ് ബെത്‌ലഹേം. യേശുവിന്റെ മാതാപിതാക്കൾ വസിച്ചിരുന്ന നസറേത്താകട്ടെ ബെത്‌ലഹേമിൽ നിന്നും ഇസ്റയേലിന്റെ വടക്ക് വളരെ ദൂരെ 175 കിലോമീറ്റർ അകലെയുള്ള ഗലീലിയയിലാണ്. നസ്റേത്തിൽ നിന്ന് ജോസഫ് പൂർണ്ണ ഗർഭിണിയായ മറിയമിനെയും കൂട്ടി ബെത്‌ലഹേമിലേക്ക് വരികയാണുണ്ടായത് എന്നാണ് ബൈബിൾ വിവരണം. ഹെറോദ് എന്ന ജൂദിയൻ രാജാവ് ശിശുക്കളെ വധിക്കുന്ന കൽപ്പന പുറപ്പെടുവിച്ചപ്പോൾ അവർ ബെത്‌ലഹേമിൽ നിന്നും വീണ്ടും തെക്കോട്ട് ഈജിപ്തിലേക്ക് പോയി. പിന്നീട് ഹെരോദ് മരിച്ചശേഷമാണ് നസറേത്തിലേക്ക് മടങ്ങിയത് എന്നാണ് മത്തായി വിവരണം. ദേശാധികാരി പുറപ്പെടുവിച്ച ജനസംഖ്യാ കണക്കെടുപ്പിന് വേണ്ടിയാണ് നസ്റേത്തിൽ നിന്നും ബെത്‌ലഹേമിലേക്കുള്ള അത്യന്തം ദുർഘടമായ ഈ യാത്ര നടത്തിയത് എന്ന് ലൂക്കോസും പറയുന്നത്. (ലൂക്കോ 2:2) വിവാഹം കഴിക്കാത്ത പ്രതിശ്രുത വധുവും പൂർണ്ണ ഗർഭിണിയുമായ മറിയമിനേയും കൂട്ടി ജോസഫ് അതിദീർഘയാത്ര നടത്തിയത് എന്നാണ് ബൈബിൾ വിവരണം. യേശുവിന്റെ ജൈവ പിതാവല്ലാത്ത ജോസഫിന്റെ പിതൃ പരമ്പരയിലെ മഹാനായ ഇസ്റയേൽ രാജാവ് ദാവീദിന്റെ നഗരം എന്നറിയപ്പെടുന്ന ബെത്‌ലഹേമിൽ തന്നെ യേശുവിന്റെ ജനനം രേഖപ്പെടുത്താനാണ് പോലും ഈ യാത്ര എന്നാണ് വിശദീകരണം. ഈ ബൈബിൾ വിവരണത്തിലെ അയുക്തികതയും ചരിത്ര വിരുദ്ധതയും നേരത്തെ ചർച്ച ചെയ്തതാണ്.

ബെത്‌ലേഹേമിലാണ് യേശു ജനിച്ചതെങ്കിൽ എന്ത്കൊണ്ട് ബത്‌ലഹേംകാരനായ യേശു എന്ന് വിളിക്കപ്പെടുന്നില്ല? പകരം പുതിയ നിയമത്തിലുടനീളം നസ്റേത്തുകാരനായ യേശു എന്നാണ് അദ്ദേഹം വിളിക്കപ്പെടുന്നത്. മത്തായിയുടെ സുവിശേഷത്തിൽ ഇതിന്ന് ഉപോദ്ബലകമായി ഒരു വചനവും ഉദ്ദരിക്കപ്പെടുന്നുമുണ്ട്. മാത്രമല്ല **നസാറ** എന്ന ഈ വിശേഷണ നാമം ഒരു പ്രവചന സാക്ഷാത്ക്കാരമാണെന്നും ബൈബിൾ പറയുന്നു. **'നസ്രത്ത് എന്ന നഗരത്തിൽ പാർത്തു. അവൻ നസ്രായൻ എന്ന് വിളിക്കപ്പെടും എന്ന പ്രവചനം നിറവേറാനായിരുന്നു അത്' (മത്താ:2:23)**. പക്ഷേ അങ്ങനെയൊരു പ്രവചനം ബൈബിൾ പഴയ നിയമത്തിലെവിടെയുമില്ല എന്നത് വേറെ കാര്യം. ഇത്തരത്തിൽ നിരവധി ഇല്ലാത്ത പ്രവചനങ്ങൾ യേശുവിൽ ആരോപിതമായിട്ടുണ്ട്.

യേശുവിനെ നസറായനായി വിശേഷിപ്പിച്ചുകൊണ്ട് അനവധി വചനങ്ങൾ ബൈബിളിൽ കാണാം. **'ഇവൻ ഗലീലിയായിലെ നസ്രേത്തിൽ നിന്നും വരുന്ന പ്രവാചകനായ യേശുവാകുന്നു എന്ന് ജനക്കൂട്ടം പറഞ്ഞു'.(മത്താ:21:11) 'നസ്രായനായ യേശുവേ ഞങ്ങളോട് നിനക്ക് എന്ത് കാര്യം?'(മാർക്കോ 1:24 ,10:47, 14:67, 16:6,) ലൂക്കോ 4:34, 24:19, 'നസ്രായനായ യേശു യഹൂദരുടെ രാജാവ്'(യോഹാ. 19: 19), 'നസ്രായനായ യേശു ക്രിസ്തുവിന്റെ നാമത്തിൽ നീ നടക്കുക' (അപ്പോ:: 3:6, 26:9, 6:14, 22:8 )**

നസ്റേത്തിനെ പറ്റി ബൈബിളിലുള്ള മോശമായ ഒരു പരാമർശമാണ് പിൽക്കാലത്ത് നസറേത്തിനോട് ചേർത്ത് നസാറായനായ യേശു എന്നും നസാറായ മതക്കാർ എന്നും വിശേഷിപ്പിക്കാൻ പിന്നീട് ക്രൈസ്തവ ലോകം മടിച്ചതെന്ന് ചില ബൈബിൾ പണ്ഡിതന്മാർ

ബെത്‌ലേഹേമിലാണ് യേശു ജനിച്ചതെങ്കിൽ എന്ത്കൊണ്ട് ബത്‌ലഹേംകാരനായ യേശു എന്ന് വിളിക്കപ്പെടുന്നില്ല? പകരം പുതിയ നിയമത്തിലുടനീളം നസ്റേത്തുകാരനായ യേശു എന്നാണ് അദ്ദേ ഹം വിളിക്കപ്പെടുന്നത്. മത്തായിയുടെ സുവിശേഷത്തിൽ ഇതിന്ന് ഉപോദ്ബലകമായി ഒരു വചനവും ഉദ്ദരിക്കപ്പെടുന്നുമുണ്ട്. മാത്രമല്ല **നസാറ** എന്ന ഈ വിശേഷണ നാമം ഒരു പ്രവചന സാക്ഷാത്ക്കാരമാണെന്നും ബൈബിൾ പറയുന്നു.

പറയുന്നു. അതായത് യേശുവിന്റെ അപ്പോസ്തല ശിഷ്യനായ ഫിലിപ്പോസിന്റെ സ്നേഹിതനായിരുന്നു നഥനയേൽ. അദ്ദേഹത്തെ കണ്ടപ്പോൾ ഫിലിപ്പോസ് പറഞ്ഞു: **'മോശെ നിയമത്തിലും പിന്നെ പ്രവാചകരും ആരെ പറ്റി എഴുതിയിരിക്കുന്നുവോ അവനെ ഞങ്ങൾ കണ്ടെത്തിയിരിക്കുന്നു. യോസേഫിന്റെ പുത്രനായ നസ്രത്തിലെ യേശുവിനെ.' നഥനയേൽ ചോദിച്ചു. 'നസ്രത്തിൽ നിന്ന് എന്തെങ്കിലും നന്മവരുമോ?' (യോഹ: 1 45-46)** നഥനയേലിന്റെ നസ്റേത്തിനെ പറ്റിയുള്ള ഈ അവമതിപ്പാണ് നസാറായമതം എന്ന വിശേഷണത്തോട് പിൽക്കാലസഭക്ക് വിരക്തി തോന്നാൻ കാരണം എന്ന് വിശദീകരിക്കപ്പെടുന്നു.

## നാസീർ വ്രതം

യഹൂദ ക്രിസ്ത്യാനികളെ ഒരു സ്ഥലവുമായല്ല ഒരു മതനിഷ്ഠയുമായി ബന്ധപ്പെടുത്തിയാണ് നസറായ മതക്കാർ (അപ്പോ. പ്രവ. 24:5) അല്ലെങ്കിൽ നസറാണികൾ എന്ന് വിളിച്ചിരുന്നത് എന്നതാണ് പ്രബലവും യുക്തിസഹവുമായ അഭിപ്രായം. പഴയ നിയമത്തിൽ നാസീർ വ്രതം ഉന്നതമായ ഒരു മതജീവിത ക്രമമാണെന്ന് പറയുന്നുണ്ട്. വളരെ കർശനമായ ആചാര നിഷ്ഠകളോടെ യഹൂദ മതത്തിൽ പാലിക്കപ്പെടുന്ന ഒരു ആചാര വ്രതമാണ് **നാസീർ വ്രതം**. (Nazrite Vow) അത് പാലിക്കുന്നവരെ പറ്റി സുദീർഘമായ പ്രതിപാദനങ്ങൾ ബൈബിൾ പഴയ നിയമത്തിൽ (സംഖ്യാ പുസ്തകം 6:1-27) കാണാം. **കർത്താവു മോശെയോട് അരുൾ ചെയ്തു: ഇസ്റയേൽ ജനത്തോട് പറയുക, കർത്താവിന്ന് സ്വയം ഉഴിഞ്ഞ് വെച്ച് നാസീർ വ്രതം എന്ന സവിശേഷ വ്രതം ദീക്ഷിക്കുന്ന സ്ത്രീ പുരുഷന്മാർ വീഞ്ഞും വീര്യമുള്ള പാനീയവും വർജ്ജിക്കണം. അയാൾ വീഞ്ഞിൽ നിന്നോ വീര്യമുള്ള പാനീയത്തിൽ നിന്നോ നിർമിച്ച വിഞ്ഞാഗിരി കുടിക്കരുത് മുന്തിരിച്ചാറു കുടിക്കരുത്, പഴുത്തതോ ഉണങ്ങിയതോ ആയ മുന്തിരിങ്ങ തിന്നരുത്. (സംഖ്യാ 6:1-3)** നാസീർ വ്രതനിഷ്ഠയെ സംബന്ധിച്ചും അവർ പാലിക്കേണ്ട ബലിയെ സംബന്ധിച്ചും യഹൂദ കർമ്മശാസ്ത്ര ഗ്രന്ഥമായ ഹലാഖ (Halakha) യിലും വിശദമായ പ്രതിപാദനങ്ങളുണ്ട്. നാസീർ വ്രതം രണ്ട് തരത്തിലുണ്ട്. ഒന്ന് ഒരു പ്രത്യേക സമയത്തേക്ക് മാത്രമുള്ള വ്രതമാണ്. മറ്റേത് നിത്യവ്രതവും. ഇത്തരം നാസീർ വ്രതനിഷ്ഠ പാലിച്ച പുണ്യാത്മാക്കളെ കുറിച്ച് ബൈബിൾ പഴയ നിയമത്തിലുണ്ട്. അത്തരക്കാരെ നാസിറാക്കൾ എന്ന് വിശേഷിപ്പിച്ചതായി കാണാം. ഇസ്രയേൽ ചരിത്രത്തിൽ രാജാക്കന്മാർക്ക് മുമ്പ് ന്യായാധിപന്മാരുടെ ഭരണകാലത്ത് അവസാനത്തെ ന്യായാധിപനായിരുന്ന **ശിംശോനും** (ന്യായാധിപന്മാർ 13:5) ഹന്നായുടെ പുത്രനായ **ശമുവേലും** (1ശമുവേൽ 1:11) നാസീർ വ്രതക്കാരായിരുന്നു. വന്ധ്യയായ സ്ത്രീകൾക്ക് ദൈവാനുഗ്രഹത്താൽ പിറന്ന ഇവർ നാസീർ വ്രതം നേർന്ന പുണ്യാത്മാക്കളായിരുന്നു എന്ന് ബൈബിളിൽ കാണാം. നാസീർ വ്രതം പാലിച്ച ഇവർക്ക് ഇസ്രയേൽ ചരിത്രത്തിൽ അസാധാരണമായ കൃത്യങ്ങൾ നിർവ്വഹിക്കാൻ കഴിഞ്ഞു. യഹൂദ ന്യായപ്രമാണം കണിഷമായി പാലിക്കുകയും അതിന്റെ നിവർത്തിപ്പാണ് തന്റെ പ്രേഷിത ദൗത്യമെന്ന് പ്രഖ്യാപിക്കുകയും ചെയ്ത യേശു നാസീർ വ്രതക്കാരനായത് കൊണ്ടാണ് അദ്ദേഹം നസാറായ മതക്കാരൻ എന്ന് വിശേഷിപ്പിക്കപ്പെട്ടത്. നസറേത്തിൽ ജനിച്ചത് കൊണ്ടല്ല ഈ നാസീർ വിശേഷണം എന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്.

യേശു കർശനമായും യഹൂദ മതനിയമങ്ങൾ പാലിച്ച വ്യക്തിയായിരുന്നു. ആ ന്യായപ്രമാണ പ്രകാരമുള്ള യഹൂദ ജീവിതം പുനരുജ്ജീവിപ്പിക്കാൻ വന്ന ദൈവ പ്രേഷിതനാണ് ഞാൻ എന്നായിരുന്നു യേശുവിന്റെ വാദം. **'നിയമത്തെയോ പ്രവാചകരയോ റദ്ദാക്കാനാണു ഞാൻ വന്നിരിക്കുന്നത് എന്ന് നിങ്ങൾ ധരിക്കണ്ട. റദ്ദാക്കാനല്ല നിറവേറ്റാണ് ഞാൻ വന്നത്.' (മത്തായി 5:17)** യഹൂദ മതത്തിൽ അവിഭാജ്യമായ യഹൂദ മതനിയമം കാർക്കശ്യത്തോടെ പാലിക്കുന്ന യഹൂദ മതത്തിൽ തന്നെയുള്ള ഒരു വിഭാഗം എന്ന നിലക്കാണ് യേശുവിന്റെ അനുയായികൾക്ക് നസാറായ മതക്കാർ എന്ന വിശേഷണം ലഭിച്ചത് എന്ന് വ്യക്തം.

Jesus Lived in India എന്ന പുസ്തകത്തിന്റെ കർത്താവ് ഇത് സംബന്ധിച്ച് പറയുന്നു: **'ഏകദേശം എല്ലാ ഗ്രീക്ക് തർജമകളിലും യേശുവിന് നൽകപ്പെട്ട അഭിധാനം നസ്രീൻ(Nazarene) എന്നാണ്. ഫലത്തിൽ എല്ലാ ഇംഗ്ലീഷ് തർജമകളിലും 'നസ്റേത്തിലെ യേശു' (Jesus of Nazareth) എന്നാണ് എപ്പോഴും തെറ്റായി തർജമ ചെയ്യുന്നത്. മിക്ക ബൈബിൾ വിവർത്തനങ്ങളിലും ഡമാസ്ക്കസിലേക്ക് പോകുന്ന പൗലൂസ് കേൾക്കുന്ന ഒരു സ്വരം ഇപ്രകാരമാണ് വിവർത്തനം ചെയ്തിരിക്കുന്നത്, നീ പീഢിപ്പിക്കുന്ന നസ്റേത്തുകാരനായ യേശുവാണ് ഞാൻ** (I am Jesus of Nazareth, whom thou persecuted) **വാസ്തവത്തിൽ ഗ്രീക്ക് കൈയ്യെഴുത്തു പ്രതിയിൽ അത്തരമൊരു പ്രതിപാദനമില്ല. ജെറുസലേം ബൈബിൾ പതിപ്പിൽ നൽകിയ ശരിയായ പരിഭാഷ നീ പീഢിപ്പിക്കുന്ന നസ്രായനായ യേശുവാണ് ഞാൻ** (I am Jesus the Nazarene, whom thou persecuted **(അപ്പോ:22:8) എന്നാണുള്ളത്.** (Jesus Lived in India- Holger Kersten, page 79) അതായത് നസ്റേത്ത് എന്നത് സ്ഥലപരമായ വിശേഷണമല്ല. ഒരു പ്രത്യേക മതനിഷ്ഠാക്രമത്തിന്റെ പേരിലുള്ള വിശേഷണമാണ്. ആ പേരിലാണ് അന്ന് ക്രിസ്ത്യാനികൾ അറിയപ്പെട്ടിരുന്നത്.

നസാറാ എന്ന പദം **'ന ത്സർ'** എന്ന ഹിബ്രു പദത്തിൽ നിന്നാണ്

നിഷ്പന്നമായതാണെന്നാണ് ഒരു വാദം. **'നോക്കി പാർക്കുക'** എന്നർത്ഥമുള്ള നത്സർ എന്ന ഹിബ്രു പദത്തിലെ **'ന ത്സർ'** എന്നീ ധാതുക്കളിൽ നിന്നാണെന്നും അപ്രകാരം തന്നെ **'നെ ത്സർ** ne·tser**'** ശാഖ (Branch) എന്ന അർത്ഥം വരുന്ന **'നെത് സറിൽ'** നിന്നാണ് **'നസറാണി'**എന്ന പദം നിഷ്പന്നമായത് എന്നും ഒരഭിപ്രായമുണ്ട്. അതായത് യേശു **'യിശ്ശായിയുടെ കുറ്റിയിൽ നിന്നും മുളപൊട്ടും'** എന്ന പ്രവചന സാക്ഷാത്ക്കാര പ്രകാരമുള്ള സന്തതിയായിരിക്കും. അത്കൊണ്ട് **'ശാഖ'** എന്നർത്ഥം വരുന്ന **'നെ ത്സെ ർ'** ലൂടെ സാക്ഷാത്കൃതമായതാണ് **'നസറാണി'** എന്ന വിശേഷണത്തിന്ന് നിദാനം എന്നാണ് മറ്റൊരു വാദം.

## നാസീർ മതവും പൗലോസിന്റെ യഹൂദ വിരക്തിയും

യേശുവിന്റെ യഹൂദ തനിമയുള്ള തനത് അദ്ധ്യാപനങ്ങൾക്ക് വിരുദ്ധമായി പരിഛേദനയും സബത് ദിനാചരണവും ആചരിക്കേണ്ടതില്ലെന്നും യഹൂദരല്ലാത്ത ജാതികൾക്കും യേശുവിന്റെ ദൗത്യമെത്തിക്കേണ്ടതുണ്ട് എന്നുമുള്ള വാദം ആദിമ ക്രിസ്തു സഭയിൽ ഉയർത്തിക്കൊണ്ട് വരുകയും യേശുവിന്റെ അദ്ധ്യാപനങ്ങളുടെ അലകും പിടിയും മാറ്റുന്നതിൽ മുഖ്യ പങ്കു വഹിച്ചതും പൗലോസ് അപ്പോസ്തലനാണ്. യേശുവിന്റെ കാലത്ത് യേശുവിൽ വിശ്വസിക്കാതെ യേശുവിനെയും അനുയായികളെയും ഉപദ്രവിക്കുകയും വധിക്കുകയും യേശുവിന്റെ അഭാവത്തിൽ പിന്നീട് ഒരു സ്വപ്ന ദർശനത്തിലൂടെ യേശുവെ കാണുകയും അപ്പോസ്തല പദവിയിലേക്ക് സ്വയം അവരോധിതനാവുകയും ചെയ്ത പൗലോസായിരുന്നു ആ വാദത്തിന്റെ പ്രമുഖനായ വാക്താവ്. യേശുവിന്റെ യഹൂദരായ ആദ്യ ശിഷ്യന്മാർ. യഹൂദചര്യകളിൽ അടിയുറച്ചുനിന്ന നസറായരായ വിഭാഗക്കാരായിരുന്നു. റോമൻ പൗരനായ പൗലോസ് നസറായ മതത്തിന്റെ യഹൂദ തനിമയും പാരമ്പര്യത്തോടും സ്വാഭാവികമായും ഒരു അവജ്ഞയും വെറുപ്പുമായിരുന്നു കാണിച്ചിരുന്നത്. അദ്ദേഹമാണ് ത്രിത്വസിദ്ധാന്തത്തിന്റെയും പാപപരിഹാര സിദ്ധാന്തത്തിന്റെയും ഉപജ്ഞാതാവ്.

യേശുവിന്റെ ഫലസ്തീനിൽ നിന്നുള്ള തിരോധാനത്തിന്ന് ശേഷമായിരുന്നല്ലോ പൗലോസ് യേശുവിന്റെ അനുയായിയാണെന്ന് സ്വയം പ്രഖ്യാപിച്ചത്. അതിന്ന് ശേഷം പൗലോസും അറിയപ്പെട്ടതും മറ്റുള്ളവർ അദ്ദേഹത്തെ അധിക്ഷേപിച്ചതും നസാറ മതക്കാരൻ എന്നു പറഞ്ഞുകൊണ്ടു തന്നെയായിരുന്നു. യഹൂദ പുരോഹിതന്മാരും തീവ്രവാദികളുമായവർ റോമൻ കോടതിയിൽ പൗലോസിനെതിരെ ആക്ഷേപം ബോധിപ്പിച്ചത് ഇപ്രകാരമായിരുന്നു. **'മഹാപുരോഹിതനായ അനന്യാസ് പൗലോസിനെതിരായ പരാതി ദേശാധിപതിയുടെ മുമ്പിൽ വെച്ചു. ......ഈ മനുഷ്യൻ (പൗലൂസ്) ഒരു ഒഴിയാബാധയും ലോക മാസകലമുള്ള സർവ്വ യഹൂദരുടേയും ഇടയിൽ ഒരു പ്രക്ഷോഭകാരിയും നസറായ വിഭാഗത്തിന്റെ പ്രമുഖ നേതാവുമാണെന്ന് ഞങ്ങൾ കണ്ടിരിക്കുന്നു.' (അപ്പോ:24:1–5)**

പൗലോസ് യഹൂദനാണെങ്കിലും ജന്മനാ ഒരു റോമൻ പൗരനായതിനാൽ യഹൂദ മതക്കോടതിക്ക് അദ്ദേഹത്തെ വിചാരണ ചെയ്യാൻ കഴിയുമായിരുന്നില്ല. ഇത് അദ്ദേഹത്തിന് തന്റെ ആശയങ്ങൾ യഹൂദരുടെ ശല്യം കൂടാതെ ക്രിസ്തുമതത്തിന്റെ ലേബലിൽ പ്രചരിപ്പിക്കാൻ അവസരം ലഭിച്ചു. പല സന്ദർഭങ്ങളിലും ഈ റോമൻ പൗരത്വം അദ്ദേഹം തനിക്ക് അനുകൂല്യത്തിന്നായി ഉപയോഗിക്കുന്നുണ്ട്. റോമൻ പൗരനായതിനാൽ അദ്ദേഹത്തിന്ന് ലഭിച്ച നിയമ സംരക്ഷണത്തെ പറ്റിയുള്ള ഒരു ബൈബിൾ വിവരണം ഇങ്ങനെയാണ്. . .

**'അവർ തോൽവാറുകൊണ്ട് പൗലോസിനെ ബന്ധിച്ചപ്പോൾ സമീപത്തു നിന്നിരുന്ന ശതാധിപനോട് അയാൾ ചോദിച്ചു. ഒരു റോമൻ പൗരനെ ന്യായ വിചാരണ കൂടാതെ ചമ്മട്ടികൊണ്ട് അടിക്കുന്നത് നിങ്ങൾക്കു നിയമാനുസൃതമോ? ഉടനെ ശതാധിപൻ സഹസ്രാധിപന്റെ അടുക്കൽ ചെന്ന് ചോദിച്ചു അങ്ങ് എന്താണ് ചെയ്യാൻ ഭാവിക്കുന്നത്? ആ മനുഷ്യൻ റോമൻ പൗരനാണല്ലോ. അപ്പോൾ സഹസ്രാധിപൻ പൗലോസിന്റെ അടുക്കൽ വന്നു ചോദിച്ചു. 'നീ റോമൻ പൗരനാണോ? പറയൂ.' അയാൾ പറഞ്ഞു: 'അതെ' സഹസ്രാധിപൻ പറഞ്ഞു: 'ഞാൻ ഒരു വൻ തുക കൊടുത്തിട്ടാണ് ഈ പൗരത്വം നേടിയത്.' പൗലോസ് പറഞ്ഞു; ഞാനാകട്ടെ റോമൻ പൗരനായി ജനിച്ചവനാണ്. അതുകൊണ്ട് അയാളെ ചോദ്യം ചെയ്യാൻ ഭാവിച്ചവർ ഉടനെ പിൻവാങ്ങി പൗലോസ് റോമൻ പൗരനാണെന്ന് മനസ്സിലാക്കിയപ്പോൾ അയാളെ ബന്ധിച്ചതിനെ കുറിച്ച് സഹസ്രാധിപനും ഭയപ്പെട്ടു.' (അപ്പോ 22: 25–29)**

യഹൂദ പാരമ്പര്യത്തെ വെറുത്തിരുന്ന പൗലോസ് റോമൻ ആഭിമുഖ്യം കാണിച്ച വ്യക്തിയായിരുന്നു. യഹൂദരുടെയും റോമൻ അധികാരികളുടെയും എതിർപ്പിനെ മറികടക്കാനായിരിക്കണം റോമൻ ആഭിമുഖ്യമുണ്ടായിരുന്ന അദ്ദേഹം യേശുവിന്റെ അനുയായികളെ യഹൂദരിൽ നിന്നും ഭിന്നമായ ഒരു പുതിയ മതത്തിന്റെ രൂപവും ഭാവവും കൊടുത്ത് ക്രിസ്ത്യാനികൾ എന്ന ഗ്രീക്ക് നാമം നൽകി പുതിയ മതമാക്കി രൂപപ്പെടുത്തുന്നതിൽ പൗലോസിന്റെ ഈ നിലപാടും അദ്ദേഹത്തിന്റെ സുവിശേഷ പ്രവർത്തനവും സഹായകമായി.

(തുടരും)

www.alislam.org

# അനന്തരാവകാശ നിയമത്തിലെ നീതി

വ്യക്തിസ്വാതന്ത്ര്യത്തിന് മാത്രം ഊന്നൽ നൽകാതെ, അർഹതപ്പെട്ടവരുടെയെല്ലാം അവകാശങ്ങളും ചുമതലകളും നിർണ്ണയിക്കുകയും സാമൂഹിക സുരക്ഷ ഉറപ്പ് വരുത്തുകയും ചെയ്തുകൊണ്ട് അനന്തരാവകാശം വിതരണം ചെയ്യുന്ന ഒരു സംവിധാനമാണ് ഇസ്‌ലാം മുന്നോട്ട് വയ്ക്കുന്നത്.

**ഹുസാം അഹ്മദ് ഷഫീക്ക്**

സിനിമാനടനും അഭിഭാഷകനുമായ സി. ഷുക്കൂറും ഭാര്യ ഷീന ഷുക്കൂറും ഇക്കഴിഞ്ഞ മാർച്ച് 8ന് വീണ്ടും വിവാഹിതരായത് സമൂഹ മാധ്യമങ്ങളിൽ ചർച്ചാവിഷയമായിരുന്നു. ഇരുപത്തിയെട്ട് വർഷങ്ങൾക്ക് മുമ്പ് ഇസ്‌ലാമിക ആചാര പ്രകാരം നിക്കാഹ് ചെയ്ത ദമ്പതികൾ സ്പെഷ്യൽ മാര്യേജ് ആക്ട് പ്രകാരമാണ് ഇപ്പോൾ വീണ്ടും വിവാഹിതരായിട്ടുള്ളത്.

ഇസ്‌ലാമിക നിയമം അനുസരിച്ച് പെൺകുട്ടികൾ മാത്രമുള്ള ഒരു പിതാവിന്റെ സ്വത്തിൽ ഭാര്യക്കും മക്കൾക്കുമുള്ള അവകാശങ്ങൾ കഴിച്ച് ഒരു പങ്ക് പിതാവിന്റെ സഹോദരന്മാർക്ക് കൂടി ലഭിക്കുന്നു. അത് പെൺകുട്ടികളോടുള്ള അനീതിയാണെന്നും തന്റെ സ്വത്ത് തന്റെ മരണശേഷം മുഴുവനായും തന്റെ പെൺമക്കൾക്ക് ലഭിക്കുന്നതിന് വേണ്ടിയാണ് ഈ പുനർവിവാഹമെന്നും ദിവസങ്ങൾ മുമ്പുള്ള ഒരു ഫേസ്ബുക്ക് പോസ്റ്റിലൂടെ ഷുക്കൂർ വക്കീൽ അറിയിച്ചിരുന്നു.

ഇസ്‌ലാമിലെ അനന്തരാവകാശ നിയമങ്ങളിൽ സ്ത്രീകൾക്കെതിരെ വിവേചനമുണ്ടെന്നും തുല്യത എന്ന മാനവിക മൂല്യത്തിന് അത് എതിരാണെന്നുമുള്ള ലിബറൽ ആക്ഷേപങ്ങൾ അതോടെ ചർച്ചകളിൽ സജീവമായി. ഇത്തരം വിമർശനങ്ങൾ ഒന്നുകിൽ തെറ്റിദ്ധാരണകളിൽ അധിഷ്ഠിതമോ അല്ലെങ്കിൽ ഇസ്‌ലാമിക കുടുംബ സങ്കൽപ്പത്തിൽ നിന്ന് കൊണ്ട് ഈ വിഷയത്തെ മനസ്സിലാക്കാൻ ശ്രമിക്കാത്തതിന്റെയോ ഫലമാണ്.

വിശുദ്ധ ഖുർആനിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ള പങ്കുകൾ ബന്ധത്തിന്റെ അടിസ്ഥാനത്തിലും ഓരോരുത്തരിലും അർപ്പിതമായിട്ടുള്ള സാമ്പത്തിക ഉത്തരവാദിത്വങ്ങളുടെ അടിസ്ഥാനത്തിലും പരിപൂർണ്ണ നീതിയോടെ നിശ്ചയിക്കപ്പെട്ടതാണ്. ധാർമികതയുടെ എല്ലാ ഘടകങ്ങളും കണക്കിലെടുത്ത് പരിശോധിക്കുമ്പോൾ ഈ നിയമങ്ങൾ മാനവികതയുടെ യഥാർത്ഥ മൂല്യങ്ങൾ ഉൾക്കൊള്ളുന്നതാണെന്ന് കാണാൻ സാധിക്കും.

### സമത്വവും നീതിയും

തുല്യത എന്ന ഒറ്റ മാനദണ്ഡത്തെ അടിസ്ഥാനമാക്കി സ്വത്തു വിതരണം നടത്തണമെന്നാണ് ആധുനിക മൂല്യങ്ങളുടെ വക്താക്കൾ വാദിക്കുന്നത്. എന്നാൽ, ഏതൊരു കാര്യത്തിൻറെയും ശരിയും തെറ്റും പരിശോധിക്കുന്നതിന് സമത്വത്തെ മാത്രം നിദാനമാക്കുന്നത് ഫലത്തിൽ വിവേചനങ്ങൾക്ക് കാരണമാകും. മാത്രമല്ല, പ്രാവർത്തിക രൂപത്തിൽ അത് യുക്തിക്ക് എതിരാവുകയും ചെയ്യുന്നു.

കേവല സമത്വത്തിൽ അധിഷ്ഠിതമായ ഒരു സംവിധാനത്തിൽ യാതൊരുവിധ അന്തരങ്ങൾക്കും സ്ഥാനമില്ല. അവിടെ രക്തബന്ധുക്കളും വിവാഹബന്ധുക്കളും തമ്മിലോ, അടുത്ത ബന്ധുക്കളും അകന്ന ബന്ധുക്കളും തമ്മിലോ ഒരു വിധത്തിലുള്ള വ്യത്യാസവും ഉണ്ടാകാൻ പാടുള്ളതല്ല. എന്നല്ല, ബന്ധുക്കളും ബന്ധേതരരും പോലും അത്തരമൊരു സംവിധാനത്തിൽ തുല്യരായിരിക്കണം. അതായത്, ഒരാളുടെ സ്വത്തിൽ അയാളുടെ കുടുംബാംഗങ്ങൾക്ക് പുറമെ സമൂഹം മുഴുവനും അവകാശികളായിരിക്കും. ഈയടിസ്ഥാനത്തിൽ മരണാനന്തര സ്വത്തുക്കൾ കുടുംബാംഗങ്ങൾക്ക് ലഭിക്കുന്നതിന് പകരം സ്റ്റേറ്റിന്റെ അധികാരത്തിലായിരിക്കും വരിക.

ഇതിനെ കേവലം ഒരു എതിർവാദമായി കാണേണ്ടതില്ല. അനന്തരാവകാശത്തിന്റെ സാധുതയെ

തന്നെ ചോദ്യം ചെയ്യുന്ന ഒരു ആശയമായി ഇത് ഉയർന്നിരിക്കുന്നു. ലോകത്ത് സാമ്പത്തിക അസമത്വം വർദ്ധിപ്പിക്കുന്നതിൽ അനന്തരാവകാശം വലിയ പങ്ക് വഹിക്കുന്നുണ്ട് എന്നാണ് ഈ ആശയത്തിന്റെ വക്താക്കൾ ഉന്നയിക്കാറുള്ളത്. സമ്പത്ത് ഒരു കൂട്ടർക്കിടയിൽ തന്നെ കുമിഞ്ഞുകൂടുവാനും, ധനികരും ദരിദ്രരും തമ്മിലുള്ള അന്തരം വർദ്ധിക്കുവാനും ഇത് കാരണമാകുന്നു എന്നതിനാൽ അനന്തരാവകാശം നിർത്തലാക്കേണ്ടതാണ് എന്നാണ് ഇക്കൂട്ടരുടെ വാദം.(1)

തുല്യത എന്ന ഇതേ മുദ്രാവാക്യം ഉയർത്തിയാണ് 1918ൽ സോവിയറ്റ് റഷ്യ അനന്തരാവകാശം നിർത്തലാക്കിയത്(2). ഇന്നും ഒരുപാട് രാജ്യങ്ങളിൽ അനന്തരാവകാശ നികുതി (inheritance tax) നിലനിൽക്കുന്നത് ഈ വാദത്തിന്റെ അടിസ്ഥാനത്തിലാണ്. (3). പ്രായോഗിക തലത്തിൽ കേവല സമത്വം അനീതിക്ക് കാരണമാകുന്നു എന്നത് ഇതിൽ നിന്നും വ്യക്തമാണ്.

ലളിതമായ മറ്റൊരു ഉദാഹരണത്തിലൂടെയും ഇക്കാര്യം മനസ്സിലാക്കാവുന്നതാണ്. ഒരു പിതാവ് തന്റെ മകനും മകൾക്കും പതിനായിരം രൂപ വീതം നൽകുന്നു. മകന് തന്റെ പങ്കിൽ നിന്ന് തന്റെ ഭാര്യയുടെയും കുട്ടികളുടെയും ചിലവുകൾ നിറവേറ്റേണ്ടതുണ്ട്. അതിന് പുറമെ തന്റെ സഹോദരിയുടെ ആവശ്യങ്ങളും നിറവേറ്റാൻ പിതാവ് അവനോട് ആവശ്യപ്പെടുന്നു. എന്നാൽ സഹോദരിക്ക് തന്റെ പങ്ക് മുഴുവനും തന്റെ ഇച്ഛാനുസരണം ചിലവഴിക്കാവുന്നതാണ്. ഇവിടെ മകനും മകൾക്കും തുല്യമായ തുക നൽകപ്പെട്ടത് സമത്വമായിരിക്കാം. എന്നാൽ അത് ആത്യന്തികമായി അനീതിയും വിവേചനവുമാണ് സൃഷ്ടിക്കുന്നത്. അഥവാ, സമത്വത്തെ മാത്രം നിദാനമാക്കുന്നത് നീതിപൂർണ്ണമായ ഫലം ഉളവാക്കുന്നില്ല.

ഇക്കാരണത്താൽ ഇസ്‌ലാം കേവല തുല്യത എന്ന മാനദണ്ഡത്തെ അംഗീകരിക്കുന്നില്ല. മറിച്ച് നീതി ലക്ഷ്യമാക്കിയാണ് ഇസ്‌ലാമിക നിയമങ്ങൾക്ക് രൂപം നൽകപ്പെട്ടിട്ടുള്ളത്. എല്ലാവരുടെയും അവകാശങ്ങൾ മാനിക്കപ്പെടുന്നതോടൊപ്പം കേവല സമത്വം കൊണ്ടുണ്ടായേക്കാവുന്ന പ്രശ്നങ്ങളെയും ഇതുവഴി ഇസ്‌ലാം തരണം ചെയ്യുന്നു.

## ആധുനിക മാനവികത: പ്രശ്നങ്ങളിൽ നിന്നും പ്രശ്നങ്ങളിലേക്ക്

ആധുനിക മാനവികതയുടെ ഒരു അടിസ്ഥാന സ്വഭാവം അത് വ്യക്തികേന്ദ്രീകൃതമാണ് എന്നതാണ്. വ്യക്തിക്ക് സമൂഹത്തിന് മേൽ പ്രാധാന്യമുള്ള ഈ വീക്ഷണത്തിൽ ഉത്തരവാദിത്വങ്ങൾക്ക് വ്യക്തിഗതമായ താൽപര്യങ്ങൾക്ക് ശേഷം മാത്രമേ സ്ഥാനമുള്ളൂ. അത്തരമൊരു കുടുംബസങ്കൽപ്പത്തിൽ ഒരാളുടെ ഉത്തരവാദിത്വം തന്റെ ഭാര്യയിലും മക്കളിലും മാത്രമായി ഒതുങ്ങുന്നു.

തന്റെ സ്വത്ത് മുഴുവനും തന്റെ ഭാര്യക്കും മക്കൾക്കും ലഭിക്കണം എന്ന വാദം, അതുകൊണ്ട് തന്നെ, വ്യക്തികേന്ദ്രീകൃതമായ ആധുനിക ലോകവീക്ഷണത്തിൽ ന്യായമായി തോന്നിയേക്കാം. എന്നാൽ യഥാർത്ഥ മാനവിക മൂല്യങ്ങളുമായി അത് ഏറ്റുമുട്ടുകയും ഒരുപാട് അവകാശ ലംഘനങ്ങൾക്ക് കാരണമായിത്തീരുകയും ചെയ്യുന്നു.

ഉദാഹരണത്തിന്, ജന്മം നൽകിയ മാതാപിതാക്കളുടെ അവകാശങ്ങൾ ഇത്തരം വാദങ്ങൾ അംഗീകരിക്കുന്നില്ല. മാതാപിതാക്കളുടെ അഭാവത്തിൽ ഒരാൾക്ക് തൻറെ സഹോദരങ്ങളോടുള്ള കടമയെയും ഈ ആശയങ്ങൾ നിഷേധിക്കുന്നു.

ഇസ്‌ലാം ഈ രീതിയിലുള്ള കുടുംബസങ്കൽപത്തെ അനുകൂലിക്കുന്നില്ല. സിലത്തുർ-റഹിം (അഥവാ ബന്ധങ്ങൾ ഊട്ടിയുറപ്പിക്കുക) എന്നത് ഇസ്‌ലാമിൻറെ അടിസ്ഥാന അധ്യാപനങ്ങളിൽ പെട്ടതാണ്. ഭർത്താവ് പിതാവ് എന്ന നിലയിൽ ഒരു മുസ്‌ലിമിന്റെ പ്രഥമ ഉത്തരവാദിത്വം തന്റെ ഭാര്യയും മക്കളും ആയിരിക്കെ തന്നെ, ഒരു മകൻ എന്ന നിലയിൽ മാതാപിതാക്കളുടെ ആവശ്യങ്ങൾ നിറവേറ്റേണ്ടതും അവന്റെ കടമയാണ്. തന്റെ സഹോദരങ്ങളോ അല്ലെങ്കിൽ അവരുടെ കുട്ടികളോ നിരാശ്രയരാവുന്ന സാഹചര്യത്തിൽ അവരുടെ മേൽനോട്ടവും ഒരു മുസ്‌ലിമിന്റെ മേൽ ഇസ്‌ലാം ഏൽപ്പിച്ചിട്ടുള്ള നിർബന്ധ കടമയാണ്.

അർഹതപ്പെട്ടവരുടെ അവകാശങ്ങളെ ഇവ്വിധം പരിരക്ഷിക്കുന്ന ഒരു സംവിധാനവും കാണുക സാധ്യമല്ല. പെൺകുട്ടികൾ മാത്രമുള്ള ഒരു പിതാവിൻറെ സ്വത്തിന്റെ 70 മുതൽ 80 ശതമാനം വരെ അയാളുടെ ഭാര്യയ്ക്കും കുട്ടികൾക്കും അവകാശപ്പെട്ടതാണ്. മരിച്ച വ്യക്തിക്ക് മാതാപിതാക്കൾ ഉണ്ടെങ്കിൽ ബാക്കിയുള്ള സ്വത്ത് അവർക്ക് തുല്യമായി വീതിക്കപ്പെടും. പിതാവുമില്ലാത്ത സന്ദർഭത്തിൽ മാത്രമാണ് സ്വത്തുക്കൾ പരേതന്റെ സഹോദരന്മാർക്കും സഹോദരിമാർക്കും ലഭിക്കുക. ഭാര്യയ്ക്കും കുട്ടികൾക്കും മാതാവിനും നൽകിയതിന് ശേഷം ബാക്കി വരുന്ന ഏതാണ്ട് 4 ശതമാനം മാത്രമാണ് സഹോദരങ്ങളിൽ വീതിക്കപ്പെടുന്നത്. എന്നാൽ ഈ അവകാശത്തോടൊപ്പം മരിച്ചയാളുടെ ഭാര്യയുടെയും മക്കളുടെയും ഉത്തരവാദിത്വം കൂടി (അവർക്ക് മറ്റൊരു തുണയില്ലാത്ത പക്ഷം) സഹോദരന് മേൽ വരുന്നു.

അഥവാ, അവകാശങ്ങളോടൊപ്പം ചുമതലകളും നൽകിക്കൊണ്ട് കുടുംബത്തിന്റെയും സമൂഹത്തിന്റെയും സുരക്ഷ കൂടി ഉറപ്പ് വരുത്തുന്ന ഒരു സംവിധാനമാണ് ഇസ്‌ലാം മുന്നോട്ട് വയ്ക്കുന്നത്. ഇതിനു വിപരീതമായി ആധുനിക നിയമങ്ങളിൽ അർഹതപ്പെട്ടവരുടെ

അവകാശങ്ങൾ നിഷേധിക്കപ്പെടുന്നതായാണ് കാണാൻ സാധിക്കുക.

മാതാപിതാക്കൾക്ക് മകന്റെ സ്വത്തിൽ എന്തുകൊണ്ട് അവകാശമില്ല? അവിവാഹിതയോ വിധവയോ ആയ സഹോദരിക്ക് സഹോദരന്റെ സ്വത്തിൽ പങ്കുണ്ടോ? പിതാവ് മരണപ്പെട്ട കുട്ടികളുടെ ചുമതല പിതൃസഹോദരൻ ഏറ്റെടുക്കേണ്ടതുണ്ടോ? ഇല്ലെങ്കിൽ അവരുടെ ഉത്തരവാദിത്വം ആർക്കാണ്? പ്രസക്തമായ ഇത്തരം ഒരുപാട് ചോദ്യങ്ങൾക്ക് ആധുനിക മാനവിക നിയമങ്ങൾ ഉത്തരം നൽകുന്നില്ല. വ്യക്തിസ്വാതന്ത്ര്യം നടപ്പിലാക്കുമ്പോൾ സംഭവിക്കുന്ന ഈ അവകാശലംഘനങ്ങൾ ഇസ്‌ലാമിക വിമർശനങ്ങളുടെ മറവിൽ വിസ്മരിക്കപ്പെടാൻ പാടുള്ളതല്ല.

## സ്ത്രീ പുരുഷ അവകാശങ്ങളിലെ അന്തരം

ഇസ്‌ലാമിക നിയമപ്രകാരം എന്തുകൊണ്ട് സ്ത്രീക്ക് പുരുഷന് ലഭിക്കുന്ന സ്വത്തിന്റെ പകുതി മാത്രം ലഭിക്കുന്നു എന്നത് നിരന്തരം ഉന്നയിക്കപ്പെടാറുള്ള ചോദ്യമാണ്. ഇസ്‌ലാമിൽ സ്ത്രീ വിരുദ്ധത ആരോപിക്കാൻ ഒരു തെളിവായി വിമർശകർ ഇക്കാര്യം ചൂണ്ടിക്കാണിക്കാറുണ്ട്.

എല്ലാ സന്ദർഭങ്ങളിലും പ്രയോഗത്തിൽ വരുന്ന ഒരു പൊതു നിയമമല്ല ഇത് എന്നാണ് ഒന്നാമതായി മനസ്സിലാക്കേണ്ടത്. ഉദാഹരണത്തിന്, കുട്ടികളുള്ള മകന്റെ സ്വത്തിൽ മാതാവിനും പിതാവിനും തുല്യ അവകാശമാണ് ഇസ്‌ലാം കൽപ്പിച്ചിട്ടുള്ളത്. കൂടാതെ ബന്ധത്തിന്റെ അടുപ്പം അനുസരിച്ച് സ്ത്രീക്ക് പുരുഷനെക്കാൾ കൂടുതൽ ലഭിക്കുന്ന പല അവസരങ്ങളും ഉണ്ടാകാറുണ്ട്.

എന്നിരുന്നാലും, പല സന്ദർഭങ്ങളിലും സ്ത്രീക്ക് പുരുഷന് ലഭിക്കുന്നതിന്റെ പകുതി മാത്രം ലഭിക്കുന്നു എന്നത് വസ്തുതയാണ്. കേവല തുല്യത എന്നത് ഇസ്‌ലാമിൽ സ്വീകാര്യമായ മാനദണ്ഡമല്ല എന്നത് തന്നെയാണ് ഇതിന്റെ ഉത്തരം. ബന്ധുത്വം, തലമുറ, സാമ്പത്തിക ഉത്തരവാദിത്വം എന്ന ഒരുപാട് കാര്യങ്ങൾ കണക്കിലെടുത്താണ് ഇസ്‌ലാം സ്വത്തിലുള്ള അവകാശങ്ങൾ നിർണ്ണയിച്ചിട്ടുള്ളത്.

ഇസ്‌ലാമിൽ സ്ത്രീക്ക് സാമ്പത്തിക ഉത്തരവാദിത്വങ്ങൾ ഇല്ല. പുരുഷന് മേലാണ് ഇസ്‌ലാം എല്ലാവിധ സാമ്പത്തിക ബാധ്യതകളും വച്ചിട്ടുള്ളത്. ഒരു വിവാഹം സാധുവാകണമെങ്കിൽ വധുവിനുള്ള മഹ്ർ നിശ്ചയിക്കണമെന്നത് നിർബന്ധ നിബന്ധനയാണ്. ഈ മഹ്ർ നൽകാതെയാണ് ഒരാൾ മരിക്കുന്നതെങ്കിൽ അതൊരു കടമായി കണക്കാക്കുകയും ആ കടം വീട്ടിയതിന് ശേഷം മാത്രം ബാക്കി സ്വത്ത് വിതരണം ചെയ്യുകയും ചെയ്യേണ്ടതാണ്. മഹ്റിന് പുറമെ, ഭാര്യയുടെയും കുട്ടികളുടെയും സാമ്പത്തിക ഉത്തരവാദിത്വവും പുരുഷനാണ്. ഭാര്യ സമ്പാദിക്കുന്നുണ്ടെങ്കിലും ഈ ഉത്തരവാദിത്വത്തിൽ അവൾ പങ്കാളിയാകുന്നില്ല.

ഭാര്യയ്ക്കും കുട്ടികൾക്കും പുറമെ, മാതാപിതാക്കളുടെ ഉത്തരവാദിത്വവും ആൺമക്കളുടെ മേലാണ് ഇസ്‌ലാം അർപ്പിച്ചിട്ടുള്ളത്. നിരാശ്രയയായ സഹോദരിയുണ്ടെങ്കിൽ അവളുടെ ഉത്തരവാദിത്വവും സഹോദരനായ പുരുഷന്റെ മേലാണ്. ഇത് പുരുഷന്റെ ഭാഗത്ത് നിന്നുള്ള ഒരു ഔദാര്യം എന്ന നിലക്കല്ല, മറിച്ച് അവന് മേൽ അല്ലാഹു കൽപ്പിച്ചിട്ടുള്ള നിർബന്ധ കടമയാണിത്.

സാമ്പത്തിക ഉത്തരവാദിത്വങ്ങളിൽ സ്ത്രീക്കും തുല്യ പങ്ക് നൽകിക്കൊണ്ട് സ്വത്തിൽ അവൾക്ക് തുല്യ അവകാശം നൽകുന്നതല്ലേ നീതി എന്ന് സമത്വത്തിന്റെ മുദ്രാവാക്യം ഉയർത്തുന്ന ആധുനിക ധാർമികതയുടെ വക്താക്കൾ ചോദിച്ചേക്കാം. പ്രകൃതിപരമായി തന്നെ സ്ത്രീകളും പുരുഷന്മാരും വ്യത്യസ്തരാണ് എന്ന അടിസ്ഥാന സത്യത്തെ നിരാകരിക്കുന്നതിന്റെ ഫലം മാത്രമാണ് ഇത്തരം ചോദ്യങ്ങൾ. ഈ രീതിയിലുള്ള കുടുംബ സങ്കൽപ്പങ്ങൾ സാധാരണമായിക്കഴിഞ്ഞ സമൂഹങ്ങൾ പരിശോധിച്ചാൽ ഇത്തരം ആശയങ്ങളുടെ ഭവിഷ്യത്തുകൾ കാണാൻ സാധിക്കുന്നതാണ്.

ജോലി സമ്മർദം പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകളിൽ കൂടുതലാണെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നുണ്ട്(4). സമ്മർദം വിഷാദരോഗം ഉണ്ടാക്കുന്നതിനുള്ള പ്രധാന കാരണമാണെന്നത് ഒരു യാഥാർത്ഥ്യമാണ്. സ്ത്രീകളിൽ വിഷാദ രോഗം വർദ്ധിക്കുന്നതിന്റെ കാരണം അവർ അനുഭവിക്കുന്ന വിവിധ സമ്മർദങ്ങളാണെന്നും, കുടുംബത്തിലെയും ജോലിസ്ഥലത്തെയും ഉത്തരവാദിത്വങ്ങൾ കൂടിച്ചേരുമ്പോൾ ഉണ്ടാകുന്ന പ്രയാസങ്ങൾ ഇത്തരം സമ്മർദ്ദങ്ങളിൽ പ്രധാനമാണെന്നും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെൻറൽ ഹെൽത്ത് (National Institute of Mental Health) പ്രസിദ്ധീകരിച്ച ഒരു റിപ്പോർട്ടിൽ സൂചിപ്പിക്കുന്നു. ഇത് സ്ത്രീകളെ മാത്രം കൂടുതലായി ബാധിക്കുന്നതിന്റെ കാരണം മനസ്സിലാകുന്നില്ല എന്നും പ്രസ്തുത റിപ്പോർട്ടിൽ പറയുന്നുണ്ട്(5). ഇങ്ങനെയുള്ള അവസ്ഥയിൽ സ്ത്രീകളുടെ മേൽ സാമ്പത്തിക ബാധ്യത ചുമത്തുന്നത് സ്ത്രീ ശാക്തീകരണത്തിന് പകരം അവർക്ക് നേരെയുള്ള അനീതിയായിരിക്കും എന്നതാണ് വാസ്തവം.

സ്ത്രീകളെ ജോലി ചെയ്യുന്നതിൽ നിന്ന് ഇസ്‌ലാം വിലക്കുന്നില്ല. സമൂഹത്തിന്റെ ഉന്നമനത്തിൽ തങ്ങളുടേതായ പങ്ക് വഹിക്കാൻ സ്ത്രീകളെ പ്രേരിപ്പിക്കുന്ന മതമാണ് ഇസ്‌ലാം. ഈ രീതിയിൽ സാമൂഹിക സേവനം നിർവ്വഹിച്ച ഒരുപാട് സ്ത്രീകൾ ഇസ്‌ലാമിക

ശേഷം പേജ് 40 ൽ

ഭാഗം - 40

# ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി
## (ഖലീഫത്തുൽ മസീഹ് അവ്വൽ (റ))

വാഗ്ദത്ത മഹ്ദി(അ)യുടെ പ്രഥമ ശിഷ്യനും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പ്രഥമ ഖലീഫയും മഹാ പണ്ഡിതനുമായ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി(റ) യുടെ ജീവചരിത്ര പരമ്പര.

ഇബ്നു വഫാ ബേപ്പൂർ

### ജമാഅത്തിനുള്ള ഒരു മഹനീയ ഉപദേശം

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) രോഗിയായി കിടപ്പിലായിരുന്ന അവസരത്തിൽ 1911 ഫിബ്രവരി 10-ാം തിയ്യതി വെള്ളിയാഴ്ച ജമാഅത്തിനു അനിതര സാധാരണമായ ഒരു ഉപദേശം നൽകിക്കൊണ്ട് അരുൾചെയ്തു. ഞാൻ രോഗിയായി അവശതയിൽ കിടക്കുന്ന ഈ അവസരത്തിൽ അല്ലാഹുവിന്റെ ശക്തി പ്രഭാവത്തിന്റേയും അതി മഹത്തായ അനുഗ്രഹങ്ങളുടേയും കാരുണ്യകടാക്ഷത്തിന്റേയും ഉജ്ജ്വല പ്രകടനം എന്റെ മേൽ ധാരാളം ഉണ്ടായിട്ടുണ്ട്. ഈ അവസരത്തിൽ ദുആയുടെ ശക്തി ഒന്നു കൂടി എനിക്കു ബോദ്ധ്യപ്പെട്ടിട്ടുമുണ്ട്. ദുആകൾ അത്ര കണ്ട് എന്റെ മേൽ അനുഗ്രഹങ്ങൾ ചൊരിഞ്ഞിട്ടുണ്ട്. എന്റെ നാഥൻ എന്റെ മേൽ വളരെ വലിയ വലിയ ഔദാര്യങ്ങളാണു ചെയ്തിരിക്കുന്നത്. അല്ലാഹു എനിക്കു ശക്തിയും കഴിവും നൽകുകയാണെങ്കിൽ അല്ലാഹു എന്റെ മേൽ ചൊരിഞ്ഞ ആ അനുഗ്രഹങ്ങളെ നിങ്ങളുടെ മുന്നിൽ വെളിപ്പെടുത്തണമെന്നു എനിക്കു അതിയായ ആഗ്രഹമുണ്ട്. ഇന്നും എനിക്കു വെളിപാടുണ്ടായി أَغْنِنِي بِفَضْلِكَ عَمَّنْ سِوَاكَ (നീ അല്ലാത്തതിൽ നിന്നും ഒഴിഞ്ഞ് നിന്റെ അനുഗ്രഹം കൊണ്ട് എന്നെ നീ ധന്യമാക്കേണമേ). ഉറക്കമില്ലായ്മ കാരണം ഞാൻ എങ്ങനെയെങ്കിലും ഉറങ്ങട്ടെയെന്നു കരുതി ഡോക്ടർമാർ എനിക്കു എത്ര മരുന്നു നൽകിയിട്ടും എനിക്കു ഉറക്കം വന്നില്ല. ഇന്നു ഞാൻ ആ മരുന്നുകളൊന്നും കഴിച്ചില്ല. അല്ലാഹുവിനോടു ദുആ ചെയ്തു. തുടർന്നു ഞാൻ അഞ്ചു മണിക്കൂർ സുഖമായി ഉറങ്ങി. അല്ലാഹു സർവാധിനാഥനാണ്. അവൻ രാജാക്കന്മാരുടെ രാജാവാണ്. അവൻ ഇച്ഛരിക്കുന്നത് ചെയ്യുന്നു. എന്റെ ഉപദേശം എപ്പോഴും നിങ്ങൾ ഓർത്തു വയ്ക്കണം. അല്ലാഹുവിൽ ദൃഢവിശ്വാസമുണ്ടായിരിക്കണം അതുപോലെ എല്ലാ പ്രതീക്ഷകളും അവനോടായിരിക്കണം. വിഷമങ്ങളും കഷ്ടപ്പാടുകളും വരുന്നത് ഒരാളുടെ ആത്മീയ ഉയർച്ചക്കു വേണ്ടിയാണ്. ആ കഷ്ടപ്പാടുകൾ കണ്ട് പരിഭ്രമിക്കരുത്. അല്ലാഹുവിനോടു സഹായമർഥിക്കുകയാണു വേണ്ടത്. നിങ്ങളോടുള്ള ഇതെന്റെ ചെറിയൊരു ഉപദേശമാണ്. പക്ഷേ വളരെ പ്രധാനപ്പെട്ടതും എന്നെന്നും ഓർമയിൽ വയ്ക്കേണ്ടതുമാണ്. ഇതൊരു സാധാരണ ഉപദേശമായി കാണരുത്. അല്ലാഹു എല്ലായിപ്പോഴും നിങ്ങളോടൊപ്പം ഉണ്ടായിരിക്കട്ടെ. നിങ്ങളുടെ സഹായിയും സംരക്ഷകനുമായിരിക്കട്ടെ. ആമീൻ.

### തഅ്‌ലീമുൽ ഇസ്‌ലാം ഹൈസ്ക്കൂൾ വിദ്യാർഥികൾക്കുള്ള ഉപദേശം

വേനലവധിക്കാലത്തു തഅ്‌ലീമുൽ ഇസ്‌ലാം ഹൈസ്ക്കൂൾ വിദ്യാർഥികൾ തങ്ങളുടെ വീടുകളിലേയ്ക്കു പോകുന്ന അവസരത്തിൽ ഒരു മീറ്റിംങ്ങ് വിളിച്ചു ചേർത്തിട്ടുണ്ടായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ പ്രസ്തുത മീറ്റിംങ്ങിൽ പങ്കെടുത്തുകൊണ്ട് വിദ്യാർഥികൾക്കു വളരെ വിലയേറിയ ഉപദേശങ്ങൾ നൽകുകയുണ്ടായി. ഹുദൂർ അരുൾ ചെയ്തു, ഇനിയിപ്പോൾ നമ്മുടെ അദ്ധ്വാനത്തിന്റേയും പ്രയത്നത്തി

ന്റേയും ഫലങ്ങൾ ആസ്വദിക്കേണ്ട സമയം വന്നെത്തിയിരിക്കുകയാണ്. നിങ്ങളെല്ലാം സ്വന്തം വീടുകളിൽ പോയാൽ നമസ്ക്കാരത്തിന്റേയും പഠനത്തിന്റേയും കാര്യത്തിൽ നിങ്ങളെ നിരീക്ഷിക്കാനും ഉപദേശിക്കാനും ആരും ഉണ്ടാവുകയില്ല. അതിനാൽ നിങ്ങൾ സ്വയം സദ്വൃത്തരും മറ്റുള്ളവർക്കു ഉത്തമ മാതൃകകളുമായിത്തീരണം. അതുപോലെ ജമാഅത്തിന്റെ ശത്രുക്കളുടെ ആരോപണങ്ങൾക്കു ധീരതയോടും ക്ഷമയോടും കൂടി മറുപടി നൽകുകയും വേണം. അതോടൊപ്പം ദുആ ചെയ്തുകൊണ്ടും ഇസ്തിഗ്ഫാർ ചെയ്തും ലാഹൗല വലാ ഖുവ്വത ഇല്ലാ ബില്ലാഹ് എന്ന ആയുധം പ്രയോജനപ്പെടുത്തിക്കൊണ്ടുമിരിക്കണം. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലി (റ) ന്റെ ഈ ഉപദേശം എല്ലാ സ്ക്കൂളിലേയും അഹ്മദി വിദ്യാർഥികൾക്കു മുമ്പത്തെ പോലെ ഇന്നും ഇതൊരു മാർഗ ദീപമാണ്.

## ഖുർആൻ ദറസിനെ കുറിച്ചുള്ള പ്രതികരണം

ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ് (റ) വർഷങ്ങളായി ഒരു തടസ്സവും കൂടാതെ നടത്തിക്കൊണ്ടിരുന്ന ഖുർആൻ ദറസിനെ കുറിച്ചു പലരുടേയും പ്രതികരണങ്ങളും അഭിപ്രായങ്ങളും പലഅവസരങ്ങളിൽ ഇതിനു മുമ്പ് ഈ ലേഖനത്തിൽ വിവരിക്കപ്പെട്ടിട്ടുണ്ട്. 1908 ഏപ്രിൽ 2-ാം തിയ്യതിയിലെ ബദറിൽ പത്രാധിപർ എഴുതുകയാണ് ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബി (റ) ന്റെ ഖുർആൻ ദറസിനെ കുറിച്ചും അതിലൂടെ ലഭ്യമാകുന്ന ആത്മീയ ഭൗതിക ജ്ഞാനങ്ങളെകുറിച്ചും അനുഗ്രഹങ്ങളെ സംബന്ധിച്ചും എനിക്കു ഒരു പാട് എഴുതാൻ പറ്റും. ഹദ്റത്ത് മൗലവി സാഹിബ് ഖാദിയാനിലെ മസ്ജിദ് അഖ്സയിൽ നടത്തിക്കൊണ്ടിരിക്കുന്ന ഈ ഖുർആനിക സേവനം ആരംഭിച്ചത് ഖാദിയാനിലായിരുന്നില്ല. അതിനും എത്രയോ മുമ്പ് അദ്ദേഹം ഈ സേവനം ആരംഭിച്ചിട്ടുണ്ടായിരുന്നു. എന്റെ കുട്ടിക്കാലം മുതൽ ജമ്മു കശ്മീരിൽ മൗലവി സാഹിബിന്റെ ഈ ദറസിൽ ഞാൻ പങ്കെടുക്കാറുണ്ടായിരുന്നു. ഈ ഒരു ദറസ് തന്നേയാണു എന്നെ മുസ്ലിമാക്കി നില നിർത്തിയത്. ആ ഒരു ദറസ് തന്നേയാണ് എന്നെ അഹ്മദിയാക്കിയതും.

പരിശുദ്ധവും പരിപാവനവുമായ ഈ ഖുർആൻ ദറസിൽ ദീർഘകാലം പങ്കെടുക്കാൻ ഭാഗ്യം ലഭിച്ച എന്നെ സംബന്ധിച്ചിടത്തോളം ഈ ദറസ് അനുഗ്രഹങ്ങളുടെ പുതിയ പുതിയ വാതായനങ്ങൾ തുറക്കപ്പെടാൻ കാരണമാണ്. പ്രായമേറിയവർക്കും പ്രായം കുറഞ്ഞവർക്കും യുവാക്കൾക്കും വൃദ്ധർക്കും സ്ത്രീകൾക്കും പുരുഷന്മാർക്കും അറിവ് കുറഞ്ഞവർക്കും വലിയ പണ്ഡിതർക്കും തങ്ങളുടെ കഴിവനുസരിച്ച് ഈ ദറസിൽ നിന്നും പ്രയോജനം കരസ്ഥമാക്കാൻ സാധിക്കാറുണ്ട് എന്നതാണ് ഹദ്റത്ത് മൗലവി സാഹിബിന്റെ ദർസിന്റെ വലിയൊരു പ്രത്യേകത. ഖാദിയാൻ താമസക്കാലത്തു ഞങ്ങൾക്കു ലഭിച്ച അതിമഹത്തായ അനുഗ്രഹങ്ങളിൽ ഒന്നാണു മൗലവിസാഹിബിന്റെ ഖുർആൻ ദറസ്. അല്ലാഹു ഇത് ദീർഘകാലം നിലനിർത്തികൊണ്ട് അത് മുഖേന എല്ലാ അനുഗ്രഹങ്ങളും കാരുണ്യവും നമ്മുടെ മേൽ വർഷിക്കുമാറാകട്ടെ. ആമീൻ

മറ്റൊരവസരത്തിൽ റമസാൻ മാസം പത്രാധിപർ എഴുതുകയാണ് ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് റമസാന്റെ 20-ാം തിയ്യതി ഇഅ്തികാഫിനായി മസ്ജിദ് മുബാറക്കിൽ ഇരുന്നിട്ടാണുള്ളത്. ഹുദൂറിനോടൊപ്പം അഹ്മദിയ്യത്തിന്റെ തിളങ്ങുന്ന മാണിക്യമായ മിയാ മഹ്മൂദ് സാഹിബും ഉണ്ട്. ഹുദൂർ രാവിലെ മുതൽ തന്റെ ഖുർആൻ ദറസ് ആരംഭിക്കുന്നു. അത് സുഹർ ബാങ്ക് വരെ തുടരും. നമസ്കാരത്തിനു ശേഷം അത് അസർ വരേയും പിന്നീട് മഗ്രിബും ഇശാവരേയും ആ ദർസ് തുടരുന്നു. അപ്പോഴേയ്ക്കും ഖുർആന്റെ മൂന്നു ഭാഗങ്ങളുടെ (ജുസു) തിലാവത്തും പരിഭാഷയും വ്യാഖ്യാനവും പൂർത്തിയായിട്ടുണ്ടാവും. ഇടയിൽ ചോദ്യോത്തരങ്ങളും ഉണ്ടാവും. എന്നാലും ഒരിക്കലും തളരാതെ ഹുസൂർ ചെയ്തു കൊണ്ടിരിക്കുന്ന ഈ സേവനം അല്ലാഹുവിന്റെ പ്രത്യേകമായ കാരുണ്യ കടാക്ഷമാണ്.

ഹുദൂറിനു വയസ്സ് എഴുപതിൽ കൂടുതലായിരിക്കുന്നു. ആരോഗ്യം ക്ഷയോന്മുഖവുമാണ്. എന്നാലും ഇഅ്തികാഫിന്റെ പത്തു ദിവസം കൊണ്ട് ഖുർആന്റെ ദീപ്തിയും ജ്യോതിസും അതിൽ മറഞ്ഞിരിക്കുന്ന അഭൗമിക ജ്ഞാനവും കൊണ്ട് മറ്റുള്ളവരെ കൂടി ധന്യമാക്കാനുള്ള ഹുദൂറിന്റെ അടങ്ങാത്ത അഭിവാഞ്ചയും അഭിലാഷവും ആഗ്രഹവുമാണു ഇതൊക്കെ കാണിക്കുന്നത്. മാത്രവുമല്ല തന്റെ എല്ലാമെല്ലാമായ ഹദ്റത്ത് മസീഹ് മൗഊദി (അ) ന്റെ പരിപാവനമായ ആഗ്രഹ സഫലീകരണത്തിന്നു വേണ്ടി പരിശ്രമിക്കുന്നവരിൽ ഉൾപ്പെടുകയുമാണു ലക്ഷ്യം. ഹുദൂറിന്റെ ഈ ഖുർആൻ ദറസിൽ സാധാരണക്കാർ മാത്രമായിരുന്നില്ല പങ്കെടുത്തിരുന്നത്. സമൂഹത്തിലെ നാനാ തുറയിലുള്ളവരും പങ്കെടുത്തിരുന്നു. ഖുർആൻ മജീദിനോടു ഏതു തരത്തിലുള്ള പ്രതിപത്തിയും സ്നേഹവും ഇശ്ഖുമാണു കാണിക്കേണ്ടതെന്ന ഒരു മാതൃക കൂടിയാണ് വരും തലമുറയ്ക്കായി ഹുദൂർ കാഴ്ചവച്ചത്.

## ഖലീഫത്തുൽ മസീഹിന്റെ സമയ ബന്ധിത സേവനങ്ങൾ

അൽ ഹക്കം പത്രാധിപർ ഹദ്റത്ത് ശേഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി (റ) എഴുതുകയാണ് ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അവ്വൽ (റ) ഒരു ദിവസം തന്റെ സമയം എങ്ങനെയാണു വിനിയോഗിക്കുന്നത് എന്നു എന്നോടു ആരെങ്കിലും ചോദിച്ചാൽ എനിക്കു

ഒരു വാചകത്തിൽ ഉത്തരം പറയുവാൻ സാധിക്കും. ആ പുണ്യാത്മാവിന്റെ മുഴുവൻ സമയവും അല്ലാഹുവിന്റെ മാഹാത്മ്യത്തെ പ്രകീർത്തിക്കുന്നതിലും സമസൃഷ്ടികൾക്കുള്ള സേവനത്തിലുമാണു ചെലവഴിക്കപ്പെടുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്തും അദ്ദേഹം ഇമാമായി നമസ്ക്കാരിപ്പിക്കാറുണ്ടായിരുന്നു. പക്ഷേ അദ്ദേഹം ഇമാമത്തോ നേതൃസ്ഥാനമോ ഒരിക്കലും ആഗ്രഹിച്ചിരുന്നില്ലെന്നു മാത്രവുമല്ല അതൊന്നും ഇഷ്ടപ്പെട്ടിരുന്നുമില്ല. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഹദ്റത്ത് മൗലവി അബ്ദുൽ കരീം സാഹിബ് സിയാൽ കോട്ടി (റ) യെ മസ്ജിദ് മുബാറക്കിൽ ഇമാമായി നിശ്ചയിച്ചപ്പോൾ താൻ ആ ഉത്തരവാദത്തിൽ നിന്നും രക്ഷപ്പെട്ടുവല്ലോ എന്ന ചിന്തയിൽ മൗലവി സാഹിബ് വളരെയധികം സന്തോഷിച്ചിരുന്നു.

എന്നാൽ ഹദ്റത്ത് അബ്ദുൽ കരീം സാഹിബ് സിയാൽ കോട്ടിയുടെ വിയോഗത്തെ തുടർന്നു വീണ്ടും നമസ്ക്കാരത്തിൽ അദ്ദേഹത്തിനു ഇമാമത്തു സ്വീകരിക്കേണ്ടി വന്നു. പിന്നീട് അദ്ദേഹത്തെ അല്ലാഹു മറ്റൊരു രീതിയിൽ ഇമാമാക്കി (ഖലീഫ) യപ്പോൾ ശാരീരിക ബലഹീനതകളും രോഗങ്ങളുമുണ്ടായിട്ടും ഹദ്റത്ത് റസൂൽ കരീമി (സ) ന്റെ ചര്യയനുസരിച്ച് അദ്ദേഹം നമസ്ക്കരിപ്പിക്കാറുമുണ്ടായിരുന്നു. ഫജ്ർ നമസ്ക്കാര ശേഷം സ്ത്രീകൾക്കായി വീട്ടിൽ ഖുർആൻ ക്ലാസ്സുകൾ സംഘടിപ്പിച്ചിരുന്നു. സാഹിബ് സാദാ മിർസാ ബശീറുദ്ദീൻ മഹ്മ്മൂദ് അഹ്മദ് സാഹിബിന്റേയും മുഹമ്മദ് ഇസ്ഹാഖ് സാഹിബിന്റേയും വിദ്യഭ്യാസ കാര്യത്തിൽ ഹുസൂർ അതീവ ശ്രദ്ധയും താൽപര്യവും പ്രകടിപ്പിച്ചിരുന്നു. അവരെ രണ്ടുപേരേയും ചിലവിഷയങ്ങൾ ഹുദൂർ തന്നെ പഠിപ്പിക്കുകയും ചെയ്തിരുന്നു. ഇവർക്കുള്ള ക്ലാസ്സ് തുടങ്ങുന്നതിനു മുമ്പ് പുറത്തു നിന്നും വന്നിട്ടുള്ള കുറേ രോഗികളെ പരിശോധിച്ചു അവർക്കു മരുന്നു നിർദേശിച്ചിരുന്നു.

അതിനു ശേഷം ഖുർആന്റേയും ഹദീസിന്റേയും ഫിഖഹിന്റേയും ക്ലാസ്സുകൾ ഉണ്ടാകും. നമസ്ക്കാര ശേഷവും ഖുർആൻ ദറസിനു ശേഷവും ഹുദൂറിനു തപാലിൽ വന്നതും സഹോദരന്മാർ നേരിട്ടു നൽകിയതുമായ ധാരാളം കത്തുകൾ ഞാൻ ഹുദൂറിന്റെ കയ്യിൽ കണ്ടിട്ടുണ്ട്. മിക്കതും ദുആക്കുള്ള അപേക്ഷകളാണ്. ശേഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി (റ) പറയുകയാണ്. കത്തുകളെല്ലാം തന്നെ പല വിഷമങ്ങളും ആവശ്യങ്ങളും കൊണ്ട് ബുദ്ധിമുട്ടുന്നവരിൽ നിന്നും വന്നതാകാം. ഹുസൂർ ഓരോ കത്തും വളരെ ശ്രദ്ധാപൂർവ്വം വായിച്ച ശേഷം എഴുതിയ ആൾക്കു വേണ്ടി ദുആ ചെയ്യുന്നത് ഞാൻ നേരിട്ട് എന്റെ കണ്ണുകൾ കൊണ്ട് കണ്ടിട്ടുണ്ട്. മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബിനു ആദ്യമാദ്യം ജമാഅത്തിനോടുണ്ടായിരുന്നത് സാഹോദര്യ സ്നേഹവും ബന്ധവുമായിരുന്നു. ഒരു പക്ഷേ, അദ്ദേഹത്തിന്റെ ദുആകൾ അപ്പോൾ ആ നിലയ്ക്കുള്ളതായിരിക്കാം. അതിനു ശേഷം അദ്ദേഹത്തെ അല്ലാഹു ജമാഅത്തിന്റെ ഇമാമായി ഉയർത്തിയപ്പോൾ അദ്ദേഹത്തിനു ജമാഅത്തിനോടുള്ള ബന്ധം പിതാവിന്റേതിനോടു തുല്യമായി മാറി. ഒരു പിതാവിനു തന്റെ സന്താനങ്ങളുടെ കാര്യത്തിൽ എത്ര കണ്ട് ഉൽകൺഠയും വേവലാതിയുമുണ്ടാകുമെന്നു നമുക്കെല്ലാം ഊഹിക്കാവുന്ന കാര്യമാണ്. ഹുദൂറിന്റെ കാലത്തു ജമാഅത്തു വികസിച്ചു നാലു ലക്ഷത്തിൽ കവിഞ്ഞിരുന്നു. ആ നിലയ്ക്കു നോക്കുകയാണെങ്കിൽ അതിൽ ധാരാളം രോഗികളും പലതരത്തിൽ ബുദ്ധിമുട്ടുന്ന പീഡിതരും നിർദ്ധനരുമുണ്ടാകാം. അതിൽ പലരും മരിക്കുന്നുമുണ്ടാകാം. ദിവസവും കത്തിലൂടെ ലഭിക്കുന്ന ആ എല്ലാ ദു:ഖ വാർത്തകളും ചെന്നു പതിക്കുന്നത് ഒരൊറ്റ ഹൃദയത്തിലാണു.

ഹദ്റത്ത് ശേഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി (റ) തുടർന്നെഴുതുകയാണ് ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ് ഖലീഫയായതിനു ശേഷം ആ പുണ്യാത്മാവ് ഖാദിയാനിലുള്ള ഓരോരുത്തരുമായി വ്യക്തി ബന്ധം സ്ഥാപിച്ചിരുന്നു. ഓരോരാളും ഏത് അവസ്ഥയിലാണെന്ന കാര്യം ഹുദൂർ കൃത്യമായി മനസ്സിലാക്കിയിരുന്നു. അവരുടെ ദു:ഖങ്ങളിലും വേദനകളിലും സ്നേഹധനനായ പിതാവിനെ പോലെ അവരെ ആശ്വസിപ്പിച്ചിരുന്നു. അതിനാൽ ഹുദൂറിനു ഏറ്റവും പ്രിയവും സ്നേഹവും തന്നോടാണെന്നു എല്ലാവരും മനസ്സിലാക്കിയിരുന്നു. ഇതിനിടയിൽ രോഗികളെ പരിശോധിക്കാനും അവർക്കു മരുന്നു നൽകാനും സദർ അഞ്ചുമൻ അഹ്മദിയായുടെ ഭരണപരമായ കർത്തവ്യ നിർവഹണത്തിനും അത്യാവശ്യ കത്തുകൾക്കു മറുപടി തയ്യാറാക്കാനുമെല്ലാം സമയം കണ്ടെത്തണം. ഇതിനു പുറമെ ഹുദൂറിനുണ്ടായിരുന്ന വലിയ ചിന്തയും വ്യാകുലതയും ഇസ്ലാമിക പ്രചരണത്തെ കുറിച്ചും തഅ്ലീം തർബിയത്തു സംബന്ധവുമായിരുന്നു. അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കുള്ള ഉപദേശങ്ങളും നിർദേശങ്ങളും ബന്ധപ്പെട്ടവർക്കു നൽകണം. ചുരുക്കത്തിൽ ഹുദൂർ ചെയ്തു തീർക്കേണ്ട കർത്തവ്യങ്ങളുടേയും ചുമതലയുടേയും പട്ടിക വളരെ ദീർഘമേറിയതാണ്. ചിലപ്പോൾ ചിലയിടങ്ങളിൽ വെള്ളപ്പൊക്കവും പേമാരിയും കൊടുംകാറ്റുമൂലം ആപത്തുകളുണ്ടായാൽ അവരെകുറിച്ചന്വേഷിക്കാൻ ഹുദൂർ തുടരെ തുടരെ കമ്പി സന്ദേശം അയക്കുമായിരുന്നു. ചിലപ്പോൾ അത്തരം ജമാഅത്തുകളുടെ ക്ഷേമാന്വേഷണത്തിനായി ഹുദൂർ തന്റെ പ്രതിനിധിയെ ജമാഅത്തുകളിൽ അയക്കുമായിരുന്നു. തങ്ങളെ കുറിച്ചന്വേഷിക്കാനും

തങ്ങൾക്കു വേണ്ട സഹായ സഹകരണങ്ങൾ നൽകാനും ഒരാളുണ്ടെന്ന ചിന്ത ജമാഅത്തിലുള്ളവർക്കു വലിയ മന:സ്സമാധാനം നൽകിയിരുന്നു.

## ഖലീഫത്തുൽ മസീഹിന്റെ ദർബാർ (രാജ സദസ്സ്)

ദർബാറെ ഖിലാഫത്ത് കാ ഏക് മൻസർ (ഖിലാഫത്തെന്ന രാജസദസ്സിന്റെ ഒരു ദൃശ്യം) എന്ന തലവാചകത്തിനു ചുവടെ അൽഹക്കം പത്രാധിപർ ഹദ്റത്ത് ശേഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി എഴുതുകയാണ്, പുറത്തുനിന്നും സന്ദർശനത്തിനായി വരുന്നവർ ഖാദിയാനിലെത്തിയാൽ അവരുടെ കണ്ണുകൾ തങ്ങളുടെ പ്രിയപ്പെട്ട ഖലീഫയെ അന്വേഷിച്ചു നടക്കും. അവസാനം യാതൊരു മോടിയുമില്ലാത്ത ഒരു സാധാരണ മുറി കാണിച്ചു കൊടുത്തിട്ടു അവരോടു പറയപ്പെടും ഇതാണു ഖലീഫയുടെ രാജസദസ്സ് (ദർബാർ) കയറിക്കോളൂ. ഒരു പക്ഷേ, തങ്ങളുടെ ഖലീഫയെ കുറിച്ചു പല നിറമുള്ള ചിന്തകളും ധാരണകളോടും കൂടിയായിരിക്കാം അവർ ഖാദിയാനിൽ വരുന്നത്. മുറിയിൽ പ്രവേശിച്ച ശേഷം ആശ്ചര്യത്തോടെ അവർ ചുറ്റും നോക്കും. നിലത്തു സാധാരണ നിലയിലുള്ള പായ വിരിച്ചിട്ടുണ്ട്. അതിൽ ലളിത വസ്ത്രധാരികളായ കുറേ പേർ യാതൊരു ഔപചാരികതയും കൂടാതെ ഇരിക്കുന്നുണ്ട്. ബാഹ്യമായി അവർക്കിടയിൽ ഒരുതരത്തിലുള്ള വിവേചനമോ വേർതിരിവോ കാണുന്നുമില്ല.

ആ കൂടിയിരിക്കുന്നവരിൽ വൃദ്ധനായ ഒരാളിരിപ്പുണ്ട്. ആജ്ഞാശക്തിയും ഗാംഭീര്യവും മുറ്റി നിൽക്കുന്ന അദ്ദേഹത്തിന്റെ മുഖകമലം പ്രകാശമാനമാണ്. അദ്ദേഹത്തിന്റെ ലളിതമായ വസ്ത്രധാരണവും കൂടെയുള്ളവരോടു കാണിക്കുന്ന വിനയഭാവവും ഉപചാരവും സംഭാഷണ രീതിയും കൊണ്ട് ഇദ്ദേഹം തന്നേയാണു ഖിലാഫത്തിന്റെ മഹനീയ സ്ഥാനം അലങ്കരിക്കുന്ന ആ മഹാത്മാവെന്നു കണ്ടെത്താൻ അവർക്കു പ്രയാസമായിരുന്നു. ഇടയ്ക്കു അദ്ദേഹം യാതൊരു ഔപചാരികതയും കൂടാതെ അഴുക്കുപുരണ്ടതും ദുർഗന്ധം വമിക്കുന്നതുമായ വസ്ത്രം ധരിച്ചിട്ടുള്ള കൂട്ടം കൂടി നിൽക്കുന്ന രോഗികളുടെ ഭാഗത്തേയ്ക്കു തിരിയുകയും അവരെ പരിശോധിച്ചു അവർക്കു ആവശ്യമായ മരുന്നു നിർദേശിക്കുകയും ചെയ്യുന്നുമുണ്ട്. അതിനിടയിൽ ചിലർ ചോദിക്കുന്ന മതപരമായ ചോദ്യങ്ങൾക്കുള്ള മറുപടിയും നൽകുന്നുണ്ട്. അപ്പോഴാണു തങ്ങൾ തിരഞ്ഞു കൊണ്ടിരുന്ന മഹനീയ വ്യക്തി ഇതുതന്നേയാണെന്നു അവർക്കു മനസ്സിലാകുന്നത്. അതോടെ ഖിലാഫത്തെന്ന രാജസദസ്സിന്റെ യഥാർഥ ദൃശ്യം അവരുടെ കൺമുന്നിൽ പ്രത്യക്ഷമാവുന്നു.

കാലത്തിന്റെ ഇമാമായ നമ്മുടെ ഖലീഫ സ്വഭാവത്തിലും ജീവിതരീതിയിലും അങ്ങേയറ്റം ലാളിത്യം ഇഷ്ടപ്പെടുന്ന മഹാത്മാവാണ്. എത്ര താഴ്ന്ന നിലയിലുള്ള ആളായാലും ഉയർന്ന വ്യക്തിയായാലും എല്ലാവരോടും തന്നെ ഹുദൂർ വളരെ സ്നേഹത്തോടും വിനയഭാവത്തോടും കൂടി മാത്രമേ സംസാരിക്കാറുള്ളു. അതിനാൽ തന്നോടാണു ഹുദൂറിനു ഏറ്റവും സ്നേഹവും അടുപ്പവുമെന്നു ഹുദൂറുമായി ബന്ധപ്പെടുന്ന എല്ലാ ഓരോരാളും കരുതി സന്തോഷിക്കും. എന്നാൽ അതു ശരിയല്ല. ഹുദൂർ എല്ലാവരോടും സ്നേഹത്തോടും സഹതാപത്തോടും സ്വന്തമെന്ന വികാരത്തോടും കൂടി മാത്രമേ സംസാരിക്കാറുള്ളു, ബന്ധപ്പെടാറുള്ളു. അദ്ദേഹത്തിന്റെ ബാഹ്യവും ആന്തരികവുമായ ഒത്തുചേരലുകൾ ലാളിത്യത്തിന്റെ പ്രതീകങ്ങളാണ്. അദ്ദേഹത്തിന്റെ ഭക്ഷണം വസ്ത്രം തുടങ്ങി എല്ലാ കാര്യങ്ങളും ലാളിത്യത്തിലധിഷ്ടിതമാണ്. അദ്ദേഹത്തിന്റെ പ്രകാശമാനമായ വദനവും ഗാംഭീര്യവും മഹാനുഭാവതയും മുഴുവൻ സമയ ദീനീ സേവനവുമാണ് സാധാരണ ജനങ്ങളിൽ നിന്നും അദ്ദേഹത്തെ വേർതിരിക്കുന്നത്.

## ഭേരയിലെ അഹ്മദിയ്യാപള്ളിയും ശത്രുക്കളും

ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബിന്റെ പിതാമഹന്മാർ നിർമിച്ച ഭേരയിലുള്ള പള്ളി അയൽപക്കക്കാരും ചുറ്റുമുള്ള അനഹ്മദി മുസ്ലിംകളും അഹ്മദിയ്യാ ജമാഅത്തിനോടുള്ള ശത്രുത നിമിത്തം കയ്യടക്കിയപ്പോൾ ഒരു നടപടിക്കും മുതിരാതെ മൗലവി സാഹിബ് മറ്റൊരു പള്ളി നിർമിക്കുകയുണ്ടായി. വിരോധാഭാസമെന്നു പറയട്ടെ അദ്ദേഹം പള്ളി നിർമിച്ചതിനെ ഈ ശത്രുക്കൾ കുതന്ത്രമായും ദുഷ്ടത്തരമായും അവർക്കെതിരിലുള്ള കുത്സിത വൃത്തിയായും വ്യാഖ്യാനിക്കാൻ തുടങ്ങിയപ്പോൾ അവരോടൊപ്പമുണ്ടായിരുന്ന അവരുടെ ഒരു മൗലവിക്കു ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ് ഒരു കത്തെഴുതി. ദീർഘമായ കത്തിന്റെ ചുരുക്കം ഇവിടെ ചേർക്കുന്നു.

മൗലവി സാഹിബ്! കുതന്ത്രത്തിന്നെതിരിൽ കുതന്ത്രം പ്രവർത്തിക്കുകയെന്നത് എന്റെ സ്വഭാവത്തിൽപെട്ടതല്ല. അങ്ങനെ ചെയ്യുന്നതിനെ ഞാൻ വെറുക്കുന്നു. എന്റെ പിതാവും പിതാമഹനും അത്തരം പ്രവൃത്തിയെ വെറുക്കുന്നവരായിരുന്നു. എന്റെ സഹോദരന്മാരെ താങ്കൾക്കറിയാമായിരിക്കാം. അവരും അത്തരക്കാർ തന്നേയായിരുന്നു. എന്റെ മാതാവും പിതാമഹിയും സഹോദരിമാരും എന്റെ അറിവനുസരിച്ച് അങ്ങനെ തന്നേയായിരുന്നു, അവരാരും കുതന്ത്രങ്ങൾ പ്രവർത്തിക്കുന്നവരോ അതിഷ്ടപ്പെടുന്നവരോ ആയിരുന്നില്ല. അൽഹംദുലില്ലാഹ് ഞാൻ ലാഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർ റസൂലുല്ലാഹ് എന്നതിൽ ദൃഢമായി വിശ്വസിക്കു

ന്നവനാണ്. ഞാൻ കൃത്യമായി നമസ്ക്കരിക്കുകയും നോമ്പനുഷ്ടിക്കുകയും സക്കാത്ത് നൽകുകയും ചെയ്യാറുണ്ട്. രണ്ടു പ്രാവശ്യം എനിക്കു ഹജ്ജ് നിർവഹിക്കാൻ അവസരവും ലഭിച്ചിട്ടുണ്ട്. ആയിരക്കണക്കിനാളുകളെ ഞാൻ ഖുർആൻ പഠിപ്പിക്കുകയും ഖുർആനിലേയ്ക്കു ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. ഖുറൈശികളും, മുഗളരും, പട്ടാനും, ശേഖും ആയിട്ടുള്ള ലക്ഷക്കണക്കിനു മുരീദുമാരെനിക്കുണ്ട്. ആർക്കും കുതന്ത്രങ്ങളുടേയും കുത്സിത വൃത്തിയുടേയും അധ്യാപനവും ഉപദേശവും ഞാൻ നൽകിയിട്ടില്ല.

എന്റെ ജമാഅത്തു എല്ലാവിധ ദ്രോഹ നടപടികളിൽ നിന്നും വിട്ടു നിൽക്കുന്നവരും സ്വയം നഷ്ടം സഹിച്ചും തിന്മ വർജ്ജിക്കുന്നവരുമായിരുന്നു. ഭേരാ വാസികൾ എന്നോടു അതിക്രമം പ്രവർത്തിച്ചപ്പോൾ അധികവും നമസ്ക്കാരം ഞാൻ വീട്ടിൽ തന്നെ അനുഷ്ടിക്കാൻ തുടങ്ങി. ഞാൻ പള്ളിയെ ഒരിക്കലും ഫിത്നയുടേയും കുഴപ്പങ്ങളുടേയും കേന്ദ്രമാക്കി മാറ്റിയില്ല. ഖുർആന്റെ ഈ മുന്നറിയിപ്പു എന്നും എന്റെ മുന്നിലുണ്ടാകാറുണ്ട്.

وَمَنْ أَظْلَمُ مِمَّنْ مَنَعَ مَسَاجِدَ اللّٰهِ أَنْ يُذْكَرَ فِيهَا
اسْمُهُ وَسَعَىٰ فِي خَرَابِهَا أُولَٰئِكَ مَا كَانَ لَهُمْ
أَنْ يَدْخُلُوهَا إِلَّا خَائِفِينَ لَهُمْ فِي الدُّنْيَا خِزْيٌ
وَلَهُمْ فِي الْآخِرَةِ عَذَابٌ عَظِيمٌ

അല്ലാഹുവിന്റെ പള്ളികളിൽ വച്ച് അവന്റെ നാമം സ്മരിക്കുന്നത് തടയുകയും (അതുവഴി) അവയുടെ നാശത്തിന്നായി ശ്രമിക്കുകയും ചെയ്യുന്നവനേക്കാൾ അക്രമി മറ്റാരാണു? (അല്ലാഹുവിനെ) ഭയന്നു കൊണ്ടല്ലാതെ അവർക്കു (തന്നെയും) അവയിൽ പ്രവേശിക്കുവാൻ അവകാശമില്ല. അവർക്കു ഇഹത്തിൽ അപമാനമുണ്ട്. പരലോകത്തു അവർക്കു കഠിനശിക്ഷയുമുണ്ടായിരിക്കും. (ഖുർആൻ 2:115)

ഞങ്ങളുടെ ജമാഅത്തിലെ ആളുകൾ പള്ളികളിൽ വ്യഭിചരിക്കാനോ ശണ്ഠ കൂടുവാനോ കലഹിക്കാനോ അല്ല പോകുന്നത്. നിങ്ങളുടെ ആളുകൾ ഞങ്ങളുടെ സഹോദരന്മാരെ നിരന്തരം മർദിക്കാനും മോഷണ കുറ്റം ആരോപിച്ചു പീഢിപ്പിക്കാനും തുടങ്ങിയപ്പോൾ ഞങ്ങൾ ക്ഷമ കൈകൊണ്ടു. നിങ്ങളിൽ നിന്നുള്ള ദ്രോഹം എല്ലാ പരിധിയും ലംഘിച്ചപ്പോൾ ഞങ്ങൾ മറ്റൊരു പള്ളിയുണ്ടാക്കി എന്നിട്ട് പുറത്തു എഴുതിവച്ചു ഇവിടെ വരുന്നവരെ ആരേയും തടയുകയില്ല. ഇതിനെ നിങ്ങൾ ദുഷ്ടത്തരമെന്നും കുത്സിത വൃത്തിയുമെന്നാണോ വിളിക്കുന്നത്. إِنَّا لِلّٰهِ وَإِنَّا إِلَيْهِ رَاجِعُونَ ഞങ്ങളുടെ ഈ പള്ളി മറ്റുള്ളവരെ ദ്രോഹിക്കാനും ഭിന്നിപ്പിനും വേണ്ടി നിർമിക്കപ്പെട്ടതല്ല. മറിച്ചു മറ്റുള്ളവരിൽ നിന്നുള്ള ദ്രോഹ നടപടികളിൽ നിന്നു രക്ഷപ്പെടാനും പരസ്പര സ്നേഹം വർദ്ധിപ്പിക്കുന്നതിനും വേണ്ടിയാണ് ഞങ്ങളത് നിർമിച്ചത്. നിങ്ങൾ ഞങ്ങളുടെ ഒരു കുടുംബ കെട്ടിടം അതിക്രമിച്ചു കയറി പിടിച്ചെടുത്തു. ഇതല്ലെ ദ്രോഹവും കുത്സിത വൃത്തിയും. അതിനാൽ ഞങ്ങൾക്കു ഞങ്ങളുടെ വീട് പള്ളിയാക്കേണ്ടി വന്നു. അതോടെ ഞങ്ങൾ കുറ്റക്കാരും ദ്രോഹികളുമായിത്തീർന്നു അല്ലേ?

മൗലവി സാഹിബ്! വിശാലമായ മൂന്നു നില കെട്ടിടം ആരെങ്കിലും നഷ്ടപ്പെടുത്തുമോ. ഇല്ല ഒരിക്കലുമില്ല. എന്നിട്ടും ഫിത്നയിൽ നിന്നും കുഴപ്പങ്ങളിൽ നിന്നും രക്ഷപ്പെടാൻ അതു മാത്രമാണു ഒരു മാർഗമെന്നു കണ്ടപ്പോൾ ഞങ്ങൾ അതു സ്വീകരിച്ചു എന്നു മാത്രം. ഇവിടെ ഞങ്ങളുടെ ജമാഅത്ത് ചിന്നഭിന്നമാകണമെന്നും ഞങ്ങൾക്കിവിടെ അല്ലാഹുവിനെ വിളിക്കാൻ ഒരിടവും ഉണ്ടായിരിക്കരുതെന്നുമാണു നിങ്ങൾ ആഗ്രഹിക്കുന്നത്. എന്നിട്ടും ഞങ്ങൾ ദ്രോഹികളും കുഴപ്പക്കാരുമാണല്ലേ? അല്ലാഹുവിനെ ഭയപ്പെടുവിൻ.

فَاللّٰهُ خَيْرٌ حَافِظًا وَهُوَ أَرْحَمُ الرَّاحِمِينَ

(അല്ലാഹുവാണു ഏറ്റവും നല്ല സംരക്ഷകൻ അവൻ കരുണ ചെയ്യുന്നവരിൽവച്ച് ഏറ്റവുമധികം കരുണയുള്ളവനാകുന്നു. ഖുർആൻ 12:65) എന്നേക്കാൾ നിങ്ങൾക്കു വയസ്സു കൂടുതതലുണ്ട്. വയസ്സിൽ നിങ്ങളേക്കാൾ പ്രായം കുറഞ്ഞ നിങ്ങളുടെ സഹോദരൻ മരിച്ചു പോയിരിക്കുന്നു. എല്ലാവരും മരിക്കും. ഞാനും മരിക്കും. മരിച്ചാൽ ഈ കെട്ടിടവും മറ്റു കെട്ടിടങ്ങളും ഒന്നും തന്നെ ആരും കൂടെ കൊണ്ടു പോവുകയില്ല എന്നോർക്കണം.

## ഹദ്റത്ത് മസീഹ് മൗഊദി (അ) ന്റെ സത്യസാക്ഷ്യം

ഒരിക്കൽ മിയാ ഖുദാ ബഖ്ശ് സാഹിബെന്നും മിയാ ഗുലാം റസൂൽ സാഹിബെന്നും പേരുള്ള രണ്ടു പേർ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിനു ഇങ്ങനെ ഒരു കത്തെഴുതി. ഞങ്ങൾക്കു താങ്കളുടെ സാത്വികതയെ കുറിച്ചും പരിശുദ്ധിയെ കുറിച്ചും താങ്കൾ എത്രമാത്രം മുത്തഖിയാണെന്നതിനെകുറിച്ചും നന്നായിട്ടറിയാം. ഞങ്ങളത് ദൃഢമായും വിശ്വസിക്കുന്നു. മാത്രവുമല്ല ഖുർആനിലും ഹദീസിലുമുള്ള താങ്കളുടെ അഗാധ പാണ്ഡിത്ത്യത്തെ കുറിച്ചും ഞങ്ങൾക്കു നല്ല ബോദ്ധ്യമുണ്ട്. അതിനാൽ ഇമാം മഹ്ദിയുടെ ആവിർഭാവത്തെ കുറിച്ചു ഹദീസുകളിൽ വിവരിക്കപ്പെട്ടതും റസൂൽ കരീം (സ) പ്രവചനം ചെയ്തതുമായ മസീഹെ മൗഊദ് വ മഹ്ദിയെ മൗഊദ് ഹദ്റത്ത് മിർസാ സാഹിബ് തന്നേയാണെന്നു താങ്കൾ അല്ലാഹുവിന്റെ പേരിൽ ആണയിട്ടു കൊണ്ട് എഴുതി താങ്കളുടെ ഒപ്പോടുകൂടി ഞങ്ങൾക്കയക്കുകയാണെങ്കിൽ അതിനെ ആധാരമാക്കി ഞങ്ങൾ രണ്ടു പേരും ബൈഅത്തു ചെയ്തു ജമാഅത്തിൽ പ്രവേശിക്കാൻ തയ്യാറാണ്. ഞങ്ങൾ താങ്കളുടെ മറുപടി പ്രതീക്ഷിക്കുന്നു. അല്ലാത്ത പക്ഷം സത്യം മറച്ചുവച്ചു എന്നതി

നു താങ്കൾ അവസാന നാളിൽ ഉത്തരവാദിയായിരിക്കും. ഹുദൂറിനു കത്ത് കിട്ടിയപ്പോൾ അതിനു മറുപടിയായി ഹുദൂർ അവർക്കി ങ്ങനെ എഴുതി.

أَشْهَدُ أَنْ لَا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ
وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ

ഞാൻ അല്ലാഹുവിന്റെ നാമത്തിൽ ആണയിട്ടുകൊണ്ട് ഏതാനും വാക്കുകൾ എഴുതട്ടെ. ഗുരുദാസ്പൂർ ജില്ലയിൽ ഖാദിയാൻ വാസിയായ മിർസാ ഗുലാം മുർതസാ സാഹിബിന്റെ മകൻ മിർസാ ഗുലാം അഹ്മദ് സാഹിബ് മഹ്ദി മസീഹും മുജദ്ദിദുമാണെന്ന തന്റെ വാദത്തിൽ എന്റെ അറിവനുസരിച്ചു തികച്ചും സത്യവാനാണ്. അദ്ദേഹത്തിന്റെ വാദത്തെ കളവാക്കുന്ന ഒരായത്തും ഖുർആനിലോ റസൂൽ കരീ (സ) മിൽ നിന്നുള്ള റിവായത്തുകൾ സ്വഹീഹായ ഹദീസ് ഗ്രന്ഥങ്ങളിലോ ഞാൻ കണ്ടിട്ടില്ല. എന്നു നൂറുദ്ദീൻ, 1910ഏപ്രിൽ 21

## മുൽതാനിലെ കേസ്സിൽ സാക്ഷി വിസ്താരം

ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അവ്വലിനെ ഒരു കൊലപാതക കേസ്സുമായി ബന്ധപ്പെട്ടു മുൽതാനിലെ ഒരു കോടതി സാക്ഷി വിസ്താരത്തിനായി വിളിച്ചിട്ടുണ്ടായിരുന്നു. ഹുദൂറിനു കോടതിയുടെ സമൻസ് കിട്ടുന്നതിനു ആറു മാസം മുമ്പ് മുഹമ്മദ് തുറാബ് ഖാൻ എന്നു പേരുള്ള ഒരു പട്ടാളക്കാരൻ തന്റെ ഒരു സുഹൃത്തിനോടൊപ്പം ഖാദിയാനിൽ ചികിത്സയ്ക്കായി വന്നിട്ടുണ്ടായിരുന്നു. പിന്നീട് ഖാദിയാനിൽ നിന്നും തിരിച്ചു പോയ ശേഷം അയാൾ ഒരു കൊലപാതകക്കേസ്സിൽ പിടിക്കപ്പെട്ടു. കേസ്സിന്റെ വിചാരണ വേളയിൽ അയാളുടെ സുഹൃത്തുക്കൾ സാക്ഷികളുടെ പട്ടികയിൽ ഹുദൂറിന്റെ പേരും ചേർത്തു. അങ്ങനെയാണു കോടതി ഹുദൂറിനു സമൻസ് അയക്കുന്നത്.

ഖാദിയാനിൽ നിന്നും 1910 ജൂലായ് 24-ാം തിയ്യതി വൈകുന്നേരം ഹുദൂർ ഈ കേസ്സിന്നായി മുൽതാനിലേയ്ക്കു പുറപ്പെട്ടു. മൗലവി മുഹമ്മദ് അലി സാഹിബ്, ഹദ്റത്ത് മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ് തുടങ്ങിയ ജമാഅത്തിലെ പ്രധാനികളടക്കം പലരും ഹുദൂറിനെ അനുഗമിച്ചിരുന്നു. ഹുദൂറും സംഘവും ബട്ടാലയിൽ നിന്നും തീവണ്ടി മാർഗം ലാഹോറിലെത്തി. പിറ്റെദിവസം 25-ാം തിയ്യതി അസർ നമസ്ക്കാരത്തിനു ശേഷം ഹുദൂർ ഖാജാ കമാലുദ്ദീൻ സാഹിബിന്റെ വീട്ടിൽ വന്നു. അവിടെ ധാരാളം സഹോദരന്മാർ ഹുദൂറിനെ കാണുന്നതിനായി എത്തിയിട്ടുണ്ടായിരുന്നു. ഏതാനും പേർ അവിടെ വച്ചു ഹുദൂറിന്റെ കൈയിൽ ബൈഅത്തു ചെയ്തു ജമാഅത്തിൽ പ്രവേശിക്കുകയും ചെയ്തു. അവരെ ഉപദേശിച്ചു കൊണ്ട് ഹുദൂർ പറഞ്ഞു എല്ലായിപ്പോഴും തന്നെ അലസതയിലേയ്ക്കും വഴികേടിലേയ്ക്കും പ്രേരിപ്പിക്കുന്ന കൂട്ടു കെട്ടിൽ നിന്നും മാറി നിൽക്കേണ്ടതാണ്. അതു പോലെ ജീവിതത്തിൽ വല്ല കഷ്ടപ്പാടും നിർബന്ധിതാവസ്തയും നേരിടുകയാണെങ്കിൽ ധാരാളമായി ഇസ്തിഗ്ഫാർ ചെയ്തു കൊണ്ടിരിക്കേണ്ടതുമാണ്. ആ അവസരത്തിൽ ഒരാൾ ഹുദൂറിനോടു പറഞ്ഞു ഹുദൂർ, എന്റെ സന്താനങ്ങളിൽ ചിലർക്കു മാനസിക അസ്വാസ്ഥ്യമുണ്ട്. മറ്റു ചിലർ വളരെ കഴിവുകെട്ടവരുമാണ്. ഹുദൂർ പറഞ്ഞു ധാരാളമായി ദാനധർമങ്ങൾ നൽകുന്നതോടൊപ്പം ദുആ ചെയ്യുകയും ഇസ്തിഗ്ഫാർ ചെയ്യുകയും വേണം. ഒരിക്കലും തന്നെ അല്ലാഹുവിനോടു ദുആ ചെയ്തു തളരുകയോ നിരാശപ്പെടുകയോ അരുത്. തീർച്ചയായും അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ ഉണ്ടാവുകയും എല്ലാം നേരെയാവുകയും ചെയ്യും.

ജൂലായ് 25-ാം തിയ്യതി വൈകുന്നേരം മുൽത്താനിലേയ്ക്കു യാത്ര തിരിക്കുന്നതിനായി ഹുദൂറും സംഘവും ലാഹോർ റെയിവേ സ്റ്റേഷനിൽ വന്നു. ഹുദൂറിനെ യാത്രയയക്കുന്നതിനായി വലിയൊരു ജനാവലി സ്റ്റേഷനിൽ വന്നിട്ടുണ്ടായിരുന്നു. പിറ്റേദിവസം രാവിലെ അഞ്ചു മണിയോടുകൂടി ഹുദൂറും സംഘവും മുൽത്താനിൽ എത്തി. ഹുദൂറിനെ സ്വീകരിക്കുന്നതിനായി ധാരാളം അഹ്മദി സഹോദരന്മാർ സ്റ്റേഷനിൽ സന്നിഹിതരായിരുന്നു. ഹുദൂറിനു മഹല്ല ശാം ഗർദെസി എന്ന സ്ഥലത്തെ ഒരു വീട്ടിലായിരുന്നു താമസമൊരുക്കിയിരുന്നത്. ഹുദൂർ മുൽതാനിൽ എത്തിയതറിഞ്ഞ് അവിടത്തെ പ്രധാനികളും പ്രമാണിരും ചേർന്നു മുൽതാനിലെ മദ്റസ ഇസ്‌ലാമിയ യിൽ ഒരു യോഗം സംഘടിപ്പിക്കുകയും അതിൽ ഹുദൂർ സംസാരിക്കുകയുമുണ്ടായി. പ്രസംഗത്തിനു ശേഷം നൂറുക്കണക്കിനു രോഗികളെ പരിശോധിക്കുകയും അവർക്കു ചികിത്സ നിർദേശിക്കുകയും ചെയ്തു. യാദൃഛികമെന്നു പറയട്ടെ ഹദ്റത്ത് മസീഹ് മൗഊദി (അ) നും ഇതു പോലൊരു കേസ്സുമായി ബന്ധപ്പെട്ടു മുൽതാനിൽ വരേണ്ടി വന്നപ്പോൾ അന്നും ഇതേ മദ്റസ ഇസ്‌ലാമിയയിൽ മീറ്റിംങ്ങ് സംഘടിപ്പിക്കുകയും അതിൽ ഹുദൂർ പ്രസംഗിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു.

കിശോർ ദാസ് റോയുടെ മജിസ്ട്രേറ്റ് കോടതിയിലായിരുന്നു സാക്ഷി വിസ്താരം. ഹുദൂർ കോടതിയിലെത്തിയപ്പോൾ ജഡ്ജ് ബഹുമാന പുരസ്സരം ഹുദൂറിനെ സ്വീകരിക്കുകയും ഇരിക്കാൻ കസേര നൽകുകയും ചെയ്തു. എന്നിട്ടു പറഞ്ഞു ചില നിയമ നടപടികളുടെ ഭാഗമായി താങ്കളെ വിളിപ്പിക്കാൻ ഞാൻ നിർബന്ധിതനായിരുന്നു. അതിൽ താങ്കൾക്കു വിഷമം നേരിട്ടതിൽ ഞാൻ ക്ഷമാപണം ചെയ്യുന്നു. ഹുദൂർ ജഡ്ജിയുടെ അടുക്കൽ പോകുന്നതിനു മുമ്പ് കുറ്റാരോപിതനായ വ്യക്തിയുടെ അടുക്കൽ ചെന്നു അയാളെ

തിരിച്ചറിഞ്ഞിരുന്നു. അതിനു ശേഷം വക്കീലുമാർ ഹുദൂറിനോടു പല ചോദ്യങ്ങളും ചോദിക്കുകയുണ്ടായി. അവരുടെ ചോദ്യങ്ങൾക്കു ഹുദൂർ നൽകിയ മറുപടിയുടെ ചുരുക്കം ഇപ്രകാരമാണ്.

ഹുദൂർ പറഞ്ഞു. ഞാൻ ഇയാളെ തിരിച്ചറിഞ്ഞിരിക്കുന്നു. ഇയാൾ തന്നേയാണു എന്റെയടുക്കൽ ചികിത്സക്കായി ഖാദിയാനിൽ വന്നത്. എത്ര മുമ്പായിരുന്നുവെന്നു കൃത്യമായി പറയുവാൻ സാധിക്കുകയില്ല. ആറു മാസത്തിൽ കൂടുതൽ ആയിട്ടുണ്ടാകാം. ഇയാളോടൊപ്പം മറ്റൊരാൾ കൂടി ഉണ്ടായിരുന്നു. എന്റെ പരിശോധനയിൽ ഇയാൾക്കു ഇംഗ്ലീഷിൽ പറയുന്ന Maniaയാണു. അതു ഭ്രാന്തിന്റെ ഒരു വകഭേദമാണു. തികച്ചും മൗനിയാവുക, ഡോക്ടറുടെ മുന്നിലും തന്റെ സ്ഥിതി വിവരിക്കാതിരിക്കുക. കണ്ണിന്റെ വെള്ള വല്ലാതെ കലങ്ങിയിരിക്കുക. സ്വഭാവത്തിൽ അത്യാസക്തിയും തീക്ഷ്ണതയും ഉണ്ടാവുക മുതലായവയാണു ഈ അസുഖത്തിന്റെ ലക്ഷണങ്ങൾ. ഇയാൾ ഒരാഴ്ച പത്തു ദിവസം എന്റെ ചികിത്സയിലുണ്ടായിരുന്നു. പക്ഷേ, രോഗശമനമുണ്ടായില്ല. എല്ലാ ദിവസവും ഒരു പ്രാവശ്യം ഞാൻ ഇയാളെ പരിശോധിക്കാറുണ്ടായിരുന്നു. ദീർഘമായ ചികിത്സ ആവശ്യമാണെന്നു ഞാൻ പറഞ്ഞെങ്കിലും ഇയാൾ ചികിത്സ തുടരാൻ സമ്മതിച്ചില്ല.

ഞാൻ മിർസാ സാഹിബിന്റെ ഒന്നാമത്തെ ഖലീഫയും ജമാഅത്ത് അഹ്മദിയ്യായുടെ ലീഡറുമാണ്. 45 വർഷമായി ചികിത്സാ രംഗത്തു പ്രവർത്തിച്ചു വരുന്നു. ജമ്മു കശ്മീർ രാജാവിന്റെ വൈദ്യനായി 15 വർഷം സേവനമനുഷ്ടിച്ചിട്ടുണ്ട്. കുറ്റം ആരോപിക്കപ്പെട്ട ഈ വ്യക്തി ആരെയെങ്കിലും അക്രമിച്ചതായി എനിക്കറിവില്ല. ഞാൻ ഇയാൾക്കു മരുന്നു നിർദേശിച്ചതായി എനിക്കു നല്ല ഓർമയുണ്ട്. എന്റെ അടുക്കൽ വരുന്ന രോഗികളുടെ ചരിത്രവും വിവരങ്ങളും എഴുതുകയോ രജിസ്റ്റർ സൂക്ഷിക്കുകയോ ചെയ്യാറില്ല. എല്ലാ ഓരോ രോഗിയേയും ഞാൻ സസൂക്ഷ്മം പരിശോധിക്കാറുണ്ട്. ആരേയും ദ്രുതഗതിയിൽ ഓടിച്ചു പരിശോധിക്കാറില്ല. (തുടരും)

---

പേജ് 33 ൽ നിന്ന് തുടർച്ച

ചരിത്രത്തിൽ കടന്ന് പോയതായി കാണാൻ സാധിക്കും. തങ്ങളുടെ സർഗാത്മകവും ധൈഷണികവുമായ കഴിവുകൾ സമൂഹത്തിന്റെ പുരോഗതിക്ക് വേണ്ടി ഉപയോഗിക്കാൻ സ്വാതന്ത്ര്യമുണ്ടായിരിക്കെ തന്നെ എല്ലാ വിധ സാമ്പത്തിക ഉത്തരവാദിത്വങ്ങളിൽ നിന്നും ഇസ്‌ലാം സ്ത്രീകളെ മാറ്റി നിർത്തുകയും ചെയ്യുന്നു. അഥവാ, തങ്ങളുടെ സമ്പാദ്യം തങ്ങൾക്കിഷ്ടമുള്ളത് പോലെ സ്ത്രീകൾക്ക് ചിലവഴിക്കാവുന്നതാണ്. ഇത്തരത്തിൽ പരിപൂർണ്ണമായ സാമ്പത്തിക സ്വാതന്ത്ര്യമാണ് ഇസ്‌ലാം സ്ത്രീകൾക്ക് നൽകിയിട്ടുള്ളത്.

ചുരുക്കത്തിൽ, പുരുഷന് മേൽ അർപ്പിക്കപ്പെട്ടിട്ടുള്ള സാമ്പത്തിക ബാധ്യതകൾ കണക്കിലെടുത്താണ് ഇസ്‌ലാം ചില സന്ദർഭങ്ങളിൽ പുരുഷന് സ്വത്തിൽ സ്ത്രീകളെക്കാൾ കൂടുതൽ പങ്ക് നിർണ്ണയിച്ചിട്ടുള്ളത്. ഇത് സ്ത്രീയുടെയും പുരുഷന്റെയും പ്രകൃതങ്ങൾക്ക് പരിപൂർണ്ണമായും അനുഗുണമായി വർത്തിക്കുകയും ചെയ്യുന്നു.

ഓരോ സംവിധാനത്തിനും ഒരു അടിസ്ഥാനമുണ്ട്. അതിന് അനുസൃതമായിട്ടായിരിക്കും ആ സംവിധാനത്തിലെ നിയമങ്ങൾക്ക് രൂപം നൽകപ്പെടുന്നത്. ഏതൊരു ആശയത്തെയും വിമർശനവിധേയമാക്കുമ്പോൾ അതിന്റെ അടിസ്ഥാന ഘടകങ്ങളെ പരിഗണിക്കേണ്ടത് അനിവാര്യമാണ്.

ഇസ്‌ലാം നീതിയിലധിഷ്ഠമായ സംവിധാനമാണ് മുന്നോട്ട് വയ്ക്കുന്നത്. കേവല തുല്യത നീതിയുടെ തത്വങ്ങൾക്ക് എതിരായിരിക്കെ, സമത്വം എന്ന ഒരൊറ്റ മാനദണ്ഡത്തെ അടിസ്ഥാനമാക്കി ഇസ്‌ലാമിക നിയമങ്ങളെ വിലയിരുത്തുന്നത് ഭീമമായ ന്യായവൈകല്യമാണ്. ഇസ്‌ലാമിന്റെ ഏതൊരു അധ്യാപനവും പോലെ അതിന്റെ അനന്തരാവകാശ നിയമങ്ങളും, വ്യക്തി സ്വാതന്ത്ര്യം എന്നതിലുപരി അർഹതപ്പെട്ടവരുടെയെല്ലാം അവകാശങ്ങൾ നൽകിക്കൊണ്ട് സാമൂഹിക സുരക്ഷ ഉറപ്പ് വരുത്തുക കൂടിയാണ് ചെയ്യുന്നത്. ഈ നിയമങ്ങൾ വ്യക്തികേന്ദ്രീകൃതമായ കപടധാർമിക മൂല്യങ്ങൾക്ക് എതിരാവുന്നു എന്നത് അവമാനവികമാണ് എന്നതിനുള്ള മതിയായ തെളിവാണ്.

**കുറിപ്പുകൾ**

[1] Is Inheritance Justified? D W Haslett, Philosophy & Public Affairs, Spring 1986, t]: 122-155

[2] Socialism and the Right of Inheritance: A Discussion on the Reform of the Soviet Civil Law in the Late 1930s, Kazuko Kawamoto, Japanese Slavic and Eastern European Studies March 2022

[3] Wealth and Inheritance Taxation: An Overview and Country Comparison, M Drometer et al., CESifo DICE Report July 2018

[4] The Role of Gender in Workplace Stress: A Critical Literature Review, Kristina Gyllensten and Stephen Palmer, Health Education Journal July 2005

[5] Depression: What Every Woman Should Know, National Institute of Mental Health

www.alislam.org

കുറിപ്പുകൾ

# ഭൂമിയുടെ സംന്തുലനം

## മുസാഫിർ

വിശുദ്ധ ഖുർആനിൽ പാരിസ്ഥിതിക പ്രാധാന്യമുള്ള ശ്രദ്ധേയമായ ഒരു വചനമുണ്ട്.

**'ആകാശത്തെ അവൻ ഉയർത്തുകയും സംന്തുലനം (മീസാൻ) സ്ഥാപിക്കുകയും ചെയ്തു. നിങ്ങൾ സന്തുലനത്തെ അതിവർത്തിക്കാതിരിക്കാൻ വേണ്ടി, നിങ്ങൾ നീതിപൂർവ്വം തുലമാനം നിലനിർത്തുക. നിങ്ങൾ സന്തുലനത്തിൽ കുറവ് വരുത്തരുത്. ഭൂമിയെ അവൻ എല്ലാ സൃഷ്ടിജാലങ്ങൾക്കും വേണ്ടി സ്ഥാപിച്ചു.' (സൂറ: റഹ്മാൻ 55:)**

മനുഷ്യന്റെ വിവേചനമില്ലാത്ത ഇടപെടൽ മൂലം ഭൂമിയുടെ പരിസ്ഥിതിക്കും സന്തുലന വ്യവസ്ഥക്കും വ്യതിയാനം നേരിടുന്ന വാർത്തകളാണ് ദിനേന വന്നു കൊണ്ടിരിക്കുന്നത്. പരസ്പരം പ്രതിപ്രർത്തിക്കുന്ന ലോലവും സങ്കീർണ്ണവുമായ സംന്തുല വ്യവസ്ഥയാണ് ദൈവം നാം ജീവിക്കുന്ന ഭൂമിയിലുടനീളം സൃഷ്ടിച്ചിരിക്കുന്നത്. മനുഷ്യന്റെ ഇടപെടൽ മൂലം ആ സന്തുലന വ്യവസ്ഥയിലുണ്ടാകുന്ന ഏറ്റകുറച്ചിലുകളാണ് പല പ്രകൃതിക്ഷോഭങ്ങൾക്കും കാലാവസ്ഥാ വ്യതിയാനങ്ങൾക്കും കാരണം.

ശാസ്ത്രം എന്നാൽ ദൈവം സൃഷ്ടിച്ച ഈ പ്രകൃതിയെ കുറിച്ചും എണ്ണിയാലൊടുങ്ങാത്ത അതിലെ സംന്തുല വ്യവസ്ഥ, നിയമങ്ങൾ, പ്രവർത്തനങ്ങൾ, മുതലായവയെ കുറിച്ചുള്ള വിജ്ഞാനത്തിന്റെ ക്രോഡീകൃത രൂപവും അതിന്റെ അടിസ്ഥാനത്തിലുള്ള ആവിഷ്ക്കാരങ്ങളുമാണ്. അല്ലാതെ ശാസ്ത്രജ്ഞാന്മാരല്ല ശാസ്ത്രത്തിന്റെ ഉപജ്ഞാതാക്കൾ.


ഭൂമിയിലെ വിഭവങ്ങൾ മനുഷ്യർക്ക് മാത്രമുള്ളതല്ല. മിണ്ടാപ്രാണികളടക്കം എല്ലാ സൃഷ്ടിജാലങ്ങൾക്കും വേണ്ടിയുള്ളതാണ്. സ്രഷ്ടാവ് എന്ന നിലക്ക് ദൈവത്തിന്റെ വ്യക്തമായ ഈ ഖുർആനിക പരാമർശം ശ്രദ്ധേയമാണ്. അതുപോലെ ഇപ്പോൾ ജീവിക്കുന്നവർക്ക് മാത്രമല്ല ഭാവി തലമുറകൾക്ക് കൂടി ലഭ്യമാകും വിധം ഭൂമിയിലെ വിഭവങ്ങളുടെ അമിത ചൂഷണവും ധൂർത്തും അല്ലാഹു അനുവദിക്കുന്നില്ല. വിശുദ്ധ ഖുർആൻ പറയുന്നു: **'നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തുകൊള്ളുവീൻ, എന്നാൽ ഒന്നിലും അമിതത്വം അരുത്. നിശ്ചയമായും അമിതത്വം പ്രവർത്തിക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടില്ല.' (7:32)** ലക്കും ലഗാനുമില്ലാതെ ഈ അമിത വിഭവചൂഷണം ഭൂമിയുടെ പാരിസ്ഥിതിക സന്തുലനം തന്നെ താറുമാറായി നമ്മുടെ ആവാസ വ്യവസ്ഥ ജീവയോഗ്യമല്ലാതാക്കുകയും ചെയ്യും. അമിതമായ ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗവും വനനശീകരണവും ആസൂത്രണവും പാരിസ്ഥിതിക പഠനങ്ങളും ആലോചനയുമില്ലാതെ വിഭവ ചൂഷണവും തുടർന്നുണ്ടാകുന്ന ആഗോള താപനവും കാലാവസ്ഥാ വ്യതിയാനവും പ്രകൃതിദുരന്തങ്ങളുമെല്ലാം അത്തരം പാരിസ്ഥിതിക അതിലംഘനങ്ങളിലേക്കാണ് വിരൽ ചൂണ്ടുന്നത്.

അവികലവും തികവുറ്റതുമായ ഗോളാന്തരികവും ഗോളാന്തരീയവുമായ ഒരു വിസ്മയ സംവിധാനമാണ് നമ്മുടെ ഭൂമി. ഉദാഹരണത്തിന് ഭൂമിയുടെ ഋതുഭേദങ്ങൾ സംഭവിക്കുന്നത് നോക്കൂ. ഋതുഭേദങ്ങൾക്ക് പ്രധാന കാരണം 23.5 ഡിഗ്രിയുള്ള ചരിവുള്ള ഭൂമിയുടെ അച്ചുതണ്ടാണ്. ഭൂമി സൂര്യനെ വലം വെക്കുമ്പോൾ രണ്ട് അർദ്ധ ഗോളങ്ങളിലെയും എല്ലാഭാഗത്തും ഒരു പോലെയല്ല സൂര്യരശ്മികൾ പതിക്കുന്നത്. സൂര്യനെ ചരിഞ്ഞാണല്ലോ ഭൂമി വലംവെക്കുന്നത്. അപ്പോൾ സൂര്യനോട് അടുത്ത് അഭിമുഖീകരിച്ച് നിൽക്കുന്ന ഭൂമിയുടെ അർദ്ധഗോളഭാഗത്ത് കൂടുതൽ സൂര്യപ്രകാശം ലംബമായി നേരിട്ട് പതിക്കുന്നതിനാൽ ആ അർദ്ധഗോളത്തിൽ പ്രത്യേകിച്ച് ഉഷ്ണമേഖലയിൽ ഉഷ്ണകാലമായും ഭൂമിയിൽ അകന്ന് നിൽക്കുന്ന അർദ്ധഗോളഭാഗത്ത് കുറഞ്ഞ സൂര്യപ്രകാശം ലഭിക്കുന്നതിനാൽ ശൈത്യകാലമായും അനുഭവപ്പെടുന്നു. ഭൂമിയിൽ സൂര്യപ്രകാശം ചരിഞ്ഞു പതിക്കുന്നതിനാലും ചൂട് കുറച്ച് അനുഭവപ്പെടുന്നു. സൂര്യന്റെ മറുഭാഗത്തെത്തുമ്പോൾ ഇത് തിരിച്ചും അനുഭവപ്പെടുന്നു. ഭൂമദ്ധ്യരേഖക്ക് 23.5 ഡിഗ്രി അകലെയുള്ള മിതശീതോഷ്ണ മേഖലയിലാണ് എല്ലാ

ഋതുക്കളുടെയും സവിശേഷതകൾ പ്രകടമായി അനുഭവപ്പെടുന്നത്. ഭൂമിയുടെ മദ്ധ്യഭാഗമായ ഭൂമദ്ധ്യ രേഖാ പ്രദേശത്ത് വർഷം മുഴുവൻ നല്ല സൂര്യപ്രകാശം ലഭിക്കുന്നതിനാൻ ഋതുഭേദങ്ങൾ പൊതുവേ പ്രകടമായി അനുഭവപ്പെടാറില്ല. ഭൂമദ്ധ്യരേഖക്ക് ഇരുവശത്തുമുള്ള താരതമ്യേന ചൂടുകൂടുതലുള്ള പ്രദേശമാണ് ഉഷ്ണമേഖല. ഉദാഹരണത്തിന് ഇന്ത്യയിൽ വടക്ക് ഭാഗത്തിലൂടെയാണ് ഉത്തരായന രേഖ കടന്നു പോകുന്നത്. അതുകൊണ്ട് ശീതകാലവും ഉഷ്ണകാലവും മുതലായ ഋതുഭേദങ്ങൾ അവിടെ തീഷ്ണമായി അനുഭവപ്പെടുന്നു. ഭൂമദ്ധ്യരേഖ ഇന്ത്യയുടെ തൊട്ടു താഴെ ഇന്ത്യാമഹാ സമുദ്രത്തിലൂടെ തെക്ക് ഭാഗത്ത് കൂടിയാണ് കടന്ന് പോകുന്നത്. ഭൂമദ്ധ്യരേഖക്ക് ഏറ്റവും അടുത്ത് നിൽക്കുന്ന ഇന്ത്യയിലെ സംസ്ഥാനങ്ങളിലൊന്നാണ് നമ്മുടെ കേരളവും ഏറ്റവും അടുത്ത് നിൽക്കുന്ന ഇന്ത്യൻ സംസ്ഥാന തലസ്ഥാനം തിരുവനന്തപുരവുമാണ്. അതുകൊണ്ട് നാം ഉഷ്ണമേഖലാ പ്രദേശത്താണ്. കാലാവസ്ഥയിലുണ്ടാകുന്ന വ്യതിയാനങ്ങൾ നമ്മളെയും ബാധിച്ചു തുടങ്ങിയിട്ടുണ്ട്.

മനുഷ്യകരങ്ങൾ പ്രവർത്തിച്ചതിനാൽ ഭൂമിയുടെ അച്ചുതണ്ടിന്റെ ചരിവിനെ തന്നെ ബാധിക്കുകയും കാലാവസ്ഥയെയും പരിസ്ഥിതിയെയും സ്വാധീനിക്കുകയും ചെയ്യുന്ന ഒരു പ്രശ്നം ഉയർന്നു വന്നിരിക്കുന്നു. വാസ്തവത്തിൽ ഭൂമിയുടെ ചരിഞ്ഞ അച്ചുതണ്ടിന്റെ അഗ്രഭാഗം സ്വാഭാവികമായും തിരിയുന്നത് അനായാസമായ രീതിയിലല്ല. അൽപ്പം വിറച്ചുകൊണ്ട് (Wobble Motion) നേരിയ തോതിലുള്ള ക്ഷോഭചലനത്തോടെയാണ്. അതുകൊണ്ട് അച്ചുതണ്ട് സ്വയംഭ്രമണം ചെയ്ത് സൂര്യനെ വലംവെക്കുന്നതിനിടെ സൂക്ഷമമായി ഇളകികൊണ്ടിരിക്കും. ഒരു പമ്പരം കറങ്ങുമ്പോൾ അവസാനത്തെ ലാപ്പിൽ അതിന്റെ അച്ചുതണ്ടിന് ഉണ്ടാവുന്നത് പോലെ ഒരു വിറയൽ നേരിയ തോതിൽ ഭൂമിയുടെ അച്ചുതണ്ടിന് അനുഭവപ്പെടാറുണ്ട്. ഇങ്ങനെ അച്ചുതണ്ടിനെ ബാധിക്കുന്ന ദിശാ വ്യതിയാനത്തെയാണ് അക്ഷഭ്രംശം അഥവാ പുരസരണം (Axial Precession) എന്ന് പറയുന്നത്. ഇത് സംഭവിക്കുന്നത് ഭൂമി ഒരു പൂർണ്ണഗോളമല്ലാത്തത് കൊണ്ടാണ്. ഭൂമിയുടെ ധ്യവപ്രദേശം പരന്നതും മദ്ധ്യഭാഗം പുറത്തേക്ക് അൽപ്പം ഉന്തി നിൽക്കുന്നതുമാണ്. അതുകാരണം തിരിഞ്ഞുകൊണ്ടിരിക്കുന്ന ഭൂമിയിൽ സൂര്യനും ചന്ദ്രനും പ്രയോഗിക്കുന്ന ഗുരുത്വാകർഷണം എല്ലായിടത്തും ഒരേരീതിയിലല്ല. അതുകൊണ്ടാണ് ഭൂമിയുടെ അച്ചുതണ്ട് നേരിയ തോതിൽ വിറച്ചുകൊണ്ടാണ് സൂര്യനെ ചുറ്റുന്നത്. ഇതിനിടയിൽ അച്ചുതണ്ടിന്റെ പുരസ്സരണം മൂലം നേരിയ തോതിൽ ചരിയുന്ന ഭൂമിയുടെ അച്ചുതണ്ട് ഒരു വൃത്തം പൂർത്തിയാക്കി പൂർവ്വസ്ഥാനത്തെത്താൻ 26,000 വർഷം എടുക്കുന്നു. ഈ കാലയളവിൽ ഭൂമിയുടെ അച്ചുതണ്ടിന് നേരെയുള്ള ധ്യവനക്ഷത്രങ്ങൾ മാറിക്കൊണ്ടിരിക്കും. ഭൂമിയുടെ സ്വയം ഭ്രമണത്തിനും സൂര്യനെ ചുറ്റിയുള്ള വലം വെക്കലിനും പുറമെ മറ്റു ചലനങ്ങൾ കൂടി ഭൂമിക്കുണ്ട്. ഇതെല്ലാം തന്നെ മനുഷ്യനെ അമ്പരപ്പിക്കുന്ന രീതിയിൽ കണിഷവും കൃത്യവുമായി സംവിധാനിച്ചതും അതിസങ്കീർണ്ണവും സന്തുലനാത്മകവുമാണ്.





ഭൂമിയുടെ സന്തുലന സംവിധാനം നോക്കിപാർത്തു സംരക്ഷിക്കേണ്ട ചുമതലകൂടി ഭൂവാസികളായ നമുക്കുണ്ട്. ഭൂമിയുടെ പാരിസ്തിതിക സംന്തുലനത്തെ ബാധിക്കുന്ന ഏറ്റവും പുതിയ വെളിപ്പെടുത്തൽ ഭൂഗർഭ ജലചൂഷണത്തെ സംബന്ധിച്ചുള്ളതാണ്. അടുത്തകാലത്തായി മനുഷ്യൻ നടത്തിക്കൊണ്ടിരിക്കുന്ന ഭൂഗർഭ ജല ചൂഷണം അനിയന്ത്രിതമായി വർദ്ധിച്ചിരിക്കുന്നതിനാൽ ഭൂമിക്കടിയിലെ ജലസമ്മർദ്ദം ഭൂമിയുടെ സന്തുലനത്തെ നേരിയ തോതിൽ ബാധിച്ചിട്ടുണ്ടെന്നും അത് ഭൂമിയുടെ അച്ചുതണ്ട് ഏതാണ്ട് 80 സെമീറ്ററോളം കിഴക്ക് ദിശയിൽ ചരിയാൻ കാരണമായിട്ടുണ്ടെന്നും പഠനങ്ങൾ വ്യക്തമാക്കുന്നു. 1993 മുതൽ 2010 വരെയുള്ള കാലഘട്ടങ്ങളിൽ 2 ട്രില്ല്യൻ ഭൂഗർഭ ജലമാണ് ഉപയോഗിച്ചത്. അതുകൊണ്ടാണ് ഭൂമിയുടെ അച്ചുതണ്ട് 4.70 സെ. മീറ്റർ കണ്ട് ചരിവ് വരുന്നത്

എന്നാണ് പഠനം തെളിയിക്കുന്നത്. ഇത് കാലവസ്ഥാ വ്യതിയാനത്തിന് ആക്കം കൂട്ടുമെന്നും പഠനങ്ങൾ വെളിപ്പെടുത്തുന്നു. ഭൂമിക്കടിയിലെ ജലം ഉപരിതലത്തിലേക്ക് വമ്പിച്ച തോതിൽ വിസ്ഥാപനം ചെയ്യപ്പെടുന്നത് ഭൂമിയുടെ സ്വാഭാവികമായ ചരിവിനെ അധികരിപ്പിക്കുന്നു എന്നത് വളരെ ശ്രദ്ധേയമായ ഒരു കണ്ടെത്തലാണ്. ഈയടുത്ത കാലത്തുണ്ടായികൊണ്ടിരിക്കുന്ന കാലാവസ്ഥാ വ്യതിയാനത്തിന് കാരണങ്ങളിലൊന്ന് ഈ അച്ചുതണ്ടിന്റെ സൂക്ഷ്മമായ വ്യതിയാനമാണെന്ന് ചൂണ്ടികാണിക്കപ്പെടുന്നു. അമേരിക്കൻ ജിയോ ഫിസിക്കൽ യൂണിയന്റെ, ജിയോഫിസിക്കൽ റിസർച്ച് ലെറ്റേഴ്സ് എന്ന അന്താരാഷ്ട്രാ ഗവേഷണ മാസികയിലാണ് ദക്ഷിണ കൊറിയയിലെ സോൾ സർവ്വകലാശാലയിലെ ഭൗമശാസ്ത്രജ്ഞൻ കി വിയോണിന്റെ നേതൃത്വത്തിൽ നടത്തിയ പഠന റിപ്പോർട്ടാണ് ശാസ്ത്ര ലോകത്ത് ഇപ്പോൾ ചർച്ചയാകുന്നത്. ഭൂഗർഭ ജലം വൻ തോതിൽ ചൂഷണം ചെയ്യുമ്പോൾ സമതല പ്രദേശങ്ങൾ ലംബമായി താഴ്ന്നു പോകുമെന്നും ഇന്ത്യയിലെ ഗംഗാ സമതലം ഭൂഗർഭ ജല ചൂഷണം മൂലം ഇങ്ങനെ ക്രമേണ സൂക്ഷ്മമായ തോതിൽ താഴ്ന്നു പോകുന്നുവെന്നും ഇത് കാരണം കരയിലേക്ക് സമുദ്രജലത്തിന്റെ തള്ളിക്കയറ്റമുണ്ടാകുമെന്നും ഗ്ലോബൽ പൊസിഷനിങ്ങിനെ അടിസ്ഥാനമാക്കിയുള്ള പഠനങ്ങൾ പറയുന്നു. ഏതായാലും വിശുദ്ധ ഖുർആനിലെ ഒരു പാരിസ്ഥിതിക പ്രാധാന്യമുള്ള ഒരു വചനം നാം ഓർമ്മിപ്പിച്ചുകൊണ്ട് ഈ കുറിപ്പ് അവസാനിപ്പിക്കാം

**'മനുഷ്യരുടെ കൈകൾ പ്രവർത്തിച്ചതിന്റെ ഫലമായി കരയിലും കടലിലും നാശം വെളിപ്പെട്ടിരിക്കുന്നു. തൽഫലമായി അവർ പ്രവർത്തിച്ചതിന്റെ ഫലം അല്ലാഹു അവരെ അനുഭവിപ്പിക്കുന്നു. അവർ മടങ്ങുന്നതിന് വേണ്ടി.' (അർറൂം.30:42)**

# NEET പരീക്ഷയിൽ ഉന്നത വിജയം



**സനിയ റഹ്മാൻ**

(665/720)

കുവൈറ്റ് ജമാഅത്ത് അംഗവും മർഹൂം അബ്ദുറഹ്മാൻ കാക്കനാട് സാഹിബിന്റെ മകൻ സിറാജ് റഹ്മാൻ സാഹിബിന്റെയും കോഴിക്കോട് മാത്തോട്ടം ടി. അഹ്മദ് റഷീദ് സാഹിബിന്റെ മകൾ ആദില സിറാജ് സാഹിബയുടെയും മകളാണ്. വഖ്ഫെ നൗ അംഗമാണ്.



**മസ്റൂർ അഹ്മദ് വി.പി.**

(631/720)

പുത്തൂർമഠം ജമാഅത്തിലെ മർഹൂം ജ. MHT ഇമ്പിച്ചി അഹ്മദ് കോയ സാഹിബിന്റെ ചെറുമകനും തലശ്ശേരി സ്വദേശി ജ. അഫ്സൽ മഹ്മൂദ് വി.പി. – ആബിദ ബീവി വി.പി. ദമ്പതിമാരുടെ മൂന്നാമത്തെ മകനുമാണ്.

## അനുസ്മരണം

# എം മൊയ്തീൻ കോയാ സഹിബ്



മട്ടനൂർ ജമാഅത്ത് അംഗവും സജീവ ജമാഅത്ത് പ്രവർത്തകനുമായിരുന്ന മൊയ്തീൻ കോയാ സാഹിബ് (81) ജൂൺ 10ന് നിര്യാതനായി. ഇന്നാലില്ലാഹി....... കോഴിക്കോട് സ്വദേശിയായ അദ്ദേഹം പട്ട്തെരുവിലെ മാലമിയാരകം തറവാട്ടിലെ അംഗമായിരുന്നു. 1965 ലാണ് അദ്ദേഹം ജമാഅത്തിൽ പ്രവേശിച്ചത്. ജമാഅത്തിൽ സജീവാംഗമായിരുന്നു. തബ്ലീഗ് പര്യടനങ്ങളിലും സമ്മേളന നഗരി അലങ്കരിക്കുന്നതിലും നിറസ്സാന്നിദ്ധ്യമായിരുന്നു. കൂടാളിയിലെ യു. മൻസൂർ സാഹിബിന്റെ സഹോദരിയെ വിവാഹം ചെയ്ത അദ്ദേഹം മട്ടന്നൂരിലേക്ക് താമസം മാറ്റിയിരുന്നു. ജമാഅത്ത് പ്രവർത്തനങ്ങൾക്ക് എന്നും അദ്ദേഹം മുൻഗണന നൽകിയിരുന്നു. മട്ടന്നൂരിലെ അൻസാറുല്ലാ സയീം ആയും ജായിദാദ് സെക്രട്ടറിയായും പ്രവർത്തിച്ചിട്ടുണ്ട്. സാമൂഹിക സേവന രംഗത്തും തൽപരനായിരുന്നു. നോസർ ഇന്ത്യയുടെ കീഴിലുള്ള ഉപഭോക്തൃ ഏകോപന സമിതിയിൽ സജീവാംഗമായിരുന്നു. അല്ലാഹു പരേതന് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ. (ആമീൻ)

**ഭാര്യ:** ഹാജറ. **മക്കൾ:** ഫിറോസ, ഫായിസ, പരേതനായ ഫിദാസ് **മരുമക്കൾ:** ശഫി അഹമദ്, തൻവീർ അഹ്മദ് **സഹോദരി:** സുബൈദ, കോഴിക്കോട്.

***– തൻവീർ അഹ്മദ്, മട്ടന്നൂർ***

Published on 07.07.2023
Pages 44
Vol: 95 Issue. 07
Price Rs. 30/-
RNI No. 3332/1957, Registered KL/EKM/726/2021-23
Licence No. KL/CR/EKM/WPP-5/2021-23. Licensed to post Without Prepayment
The Sathyadoothan Monthly

## വായിക്കുക, വരിക്കാരാവുക!




# സത്യദൂതൻ

**ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**

ഒരു കോപ്പിക്ക് 30 രൂപ
വാർഷിക വരിസംഖ്യ 300 രൂപ

---

*കൂടുതൽ വിവരങ്ങൾക്ക്*

മാനേജർ
സത്യദൂതൻ, മസ്ജിദ് ഉമർ
സെന്റ് ബെനഡിക്ട് റോഡ്, എറണാകുളം നോർത്ത് 682018
ഇമെയിൽ sathyadoothan1@gmail.com
Phone No: 9447086862 (G. Pay)

ISLAM INTERNATIONAL PUBLICATIONS
Scan and pay with any BHIM UPI app
G Pay PhonePe Paytm

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim